# ആത്മപോഷിണി

പുസ്തകം ൧. | ൧൦൮൫ എടവം | ലക്കം ൨.

## ശ്രീമാൻ കെ. രാമകൃഷ്ണപിള്ള ബി. എ.

ശ്രീമാൻ കെ രാമകൃഷ്ണപിള്ള, നെയ്യാററുങ്കരെ മുൻസീപ്പുകോടതി വക്കീൽ എം. കേശവപിള്ള അവർകളുടെ ജ്യേഷ്ഠസഹോദരിയുടെ കനിഷ്ഠപുത്രനായി 1053 ഇടവം 16-ാം പൂരുരുട്ടാതിനക്ഷത്രത്തിനു് ജനിച്ചു. അദ്ദേഹത്തിൻെറ അച്ഛൻ മംഗലാപുരത്തുകാരനും നെയ്യാററുങ്കരെ വിഷ്ണുക്ഷേത്രത്തിൽ ശാന്തിക്കാരനുമായിരുന്ന നരസിംഹൻ പോററി അവർകളായിരുന്നു.

മാർത്താണ്ഡവർമ്മമഹാരാജാവിൻെറ കാലത്തു് മല്ലൻപേരാർ എന്ന ഒരാൾ തിരുമേനിയെ ശത്രുക്കളുടെ കൈയിൽനിന്നു രക്ഷിച്ചിരുന്നതിൻെറ കൃതജ്ഞതാസൂചകമായി നെയ്യാററിങ്കരെ പട്ടണത്തിൽ കിഴക്കെത്തെരുവിൽ ഇപ്പോൾ മുല്ലപ്പള്ളിപ്പുത്തൻവീടു എന്നു വിളിച്ചുവരുന്ന ഒരു ഗൃഹം തിരുമനസ്സുകൊണ്ടു് അദ്ദേഹത്തിനു് സമ്മാനിച്ചിരുന്നു. മല്ലൻപേരാർ രാമകൃഷ്ണപിള്ള അവർകളുടെ ഒരു പൂർവ്വികനായിരുന്നു. അദ്ദേഹത്തിന്നു് തിരുമനസ്സുകൊണ്ടു് കല്പിച്ചു സമ്മാനിച്ച ഗൃഹത്തിലായിരുന്നു രാമകൃഷ്ണപിള്ള അവർകൾ ഭൂജാതനായതു്.

തൻെറ നാലാംവയസ്സിൽ 1059 കന്നിയിൽ പിള്ളയുടെ വിദ്യാരംഭം കഴിഞ്ഞു. 1062-വരെ നെയ്യാററിങ്കരെ മലയാളം സ്കൂളിലും 62 മുതൽ 67 വരെ ഇംഗ്ലീഷ് സ്കൂളിലും പഠിച്ചു. 1067-ൽ അവിടത്തെ മൂന്നാംഫാറത്തിൽ ജയിച്ചശേഷം തിരുവനന്തപുരം രാജകീയകോളേജിൽ ചേരാൻ ചെല്ലുകയും അവിടെ അഞ്ചാംഫാറത്തിൽ പ്രവേശനം ലഭിക്കുകയും ചെയ്തു. ഇങ്ങിനെ ഒരു ക്ലാസ്സ് അധികം കയററം കിട്ടിയതു് കുട്ടിയുടെ പഠിപ്പിന്നു് അനുസരിച്ചുതന്നെയായിരുന്നുവെന്നു് പിറെറത്തെ കൊല്ലംതന്നെ, 1068ൽ, മെട്രിക്കുലേഷൻ പരീക്ഷയിൽ വിജയംപ്രാപിച്ചതുകൊണ്ടു് തെളിയിച്ചു. മെട്രിക്കുലേഷൻ പരീക്ഷ കഴിഞ്ഞ കാലങ്ങളിലാണു് പത്രവായനയിലും ലേഖനമെഴുത്തിലും ഉള്ള വാസനയെ പ്രത്യക്ഷപ്പെടുത്തിയതു്. മലയാളസാഹിത്യത്തോടുള്ള വാത്സല്യവും ആതൽ ഇറ

ങ്ങി പ്രയത്നിക്കാനുള്ള ഭ്രമവും കലശലായതോടുകൂടി സ്കൂൾപഠിത്തത്തിലുള്ള ശ്രദ്ധ കുറഞ്ഞു. പത്രങ്ങളിൽ ഗദ്യലേഖനങ്ങൾ എഴുതാൻ ഉദ്യമിച്ചതിനു പുറമെ, കവിതയെഴുത്തിലും പരിശ്രമിച്ചിരുന്നു. മലയാളമനോരമ, രാമരാജൻ, വിദ്യാവിനോദിനി, കേരളചന്ദ്രിക, എന്നിവകളിൽ പേരുവെച്ചും വെയ്ക്കാതെയും പല ശ്ലോകങ്ങളും ചില്ലറ കവിതകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇങ്ങിനെ സാഹിത്യവിഷയത്തിൽ തന്റെ സമയം അധികവും വ്യയംചെയ്തിരുന്നതിനാൽ 1073-ൽ മാത്രമെ എഫ്. എ. പരീക്ഷയിൽ ജയിക്കാൻ സാധിച്ചുള്ളു.

പിള്ളയുടെ ജീവിതത്തെ ക്ലേശപൂൎണ്ണമാക്കിത്തീൎത്ത ഒരു കഠിനസംഭവം ഇതിനിടെ അദ്ദേഹത്തിന്നു അനുഭവമായി. തനിക്ക് സാഹിത്യത്തിലുള്ള വാസനയും ലേഖനമെഴുത്തിലുള്ള ചാതുൎയ്യവും കണ്ട്, "കേരളദൎപ്പണം" എന്ന പത്രത്തിന്റെ ആധിപത്യം കൈയേൽക്കാൻ അദ്ദേഹത്തെ ക്ഷണിച്ചിരുന്നു. അത് 1075-ൽ ആയിരുന്നു. പിള്ള പത്രാധിപത്യം സ്വീകരിക്കാൻ ഇടയുണ്ടെന്ന് അദ്ദേഹത്തിന്റെ രക്ഷാകൎത്താവായിരുന്ന അമ്മാമൻ അറിഞ്ഞു, തടസ്ഥംപറകയും അനുസരിക്കായ്കയാൽ വീട്ടിൽനിന്നു ബഹിഷ്കരിക്കയും ചെയ്തു. അക്കാലത്ത് ബി. എ. ക്ലാസ്സിൽ വായിക്കയായിരുന്നു. തന്റെ സഹോദരിമാരിൽ ഒരാളായ ഭഗവതിഅമ്മയുടെ സഹായം ഉണ്ടായിരുന്നില്ലെങ്കിൽ അക്കാലത്തു താൻ ലോകത്തിൽനിന്നും സ്വയം ബഹിഷ്കാരം ചെയ്യേക്കാൻ ഇടവന്നേക്കുമായിരുന്നുവെന്ന് പിള്ള പലപ്പോഴും പറഞ്ഞിരുന്നു. മരിക്കുന്നതിന് രണ്ടാഴ്ചമുമ്പ് പരിചയക്കാരിൽ ഒരാളുമായി സംസാരിക്കുന്നമദ്ധ്യേ "അച്ഛനമ്മമാരുടെ സ്നേഹപൂൎവ്വമായ സംരക്ഷണയിൽ വിദ്യാഭ്യാസം ചെയ്വാൻ യോഗമില്ലാത്ത ആളുകൾ ഉന്നതവിദ്യാഭ്യാസത്തിന്നൊരുമ്പെടുന്നത് അല്പായുസ്സാകുന്നതിനിടയാകും; എന്റെ ജീവിതം തന്നെ അതിന്നു ദൃഷ്ടാന്തം" എന്നു പറകയുണ്ടായി പോൽ. പത്രാധിപത്യവും, ബി. എ. വായനയും, നിശ്ചിതമായ ഒരു വരവില്ലായ്കയാൽ ഉണ്ടായ ക്ലേശങ്ങളും, പട്ടരുടെ ക്ലബ്ബിലെ പകുതിവേകായ ചോറും, തിരുവനന്തപുരത്ത് 'കേരളോദയം അച്ചുകൂട്ടത്തിൽ രാത്രി മുഴുവൻ ഉറക്കിളച്ച പ്രൂഫ്തിരുത്തലും— ഇങ്ങിനെ കഴിച്ചുകൂട്ടിയ "അക്കാലങ്ങളാണ്, ഇക്കാലത്തെ ഉണ്ടാക്കിയത്" എന്നും പറഞ്ഞിരുന്നു.

1075-ൽ ബി. എ. ക്കുള്ള മലയാളംഭാഗത്തിൽ ഒന്നാം ക്ലാസ്സിൽ ഒന്നാമനായി ജയിക്കുകയും തന്നിമിത്തം കേരളവൎമ്മകീൎത്തിമുദ്ര ലഭിക്കുകയും ചെയ്തു.

1076-ൽ തിരുവനന്തപുരത്ത് പാല്ക്കുളങ്ങരെ തോപ്പുവീട്ടിൽ ശ്രീമതി കെ. നാരായണിഅമ്മയെ വിവാഹം ചെയ്തു. 1079-ൽ ആ അമ്മ മരിച്ചുപോയി. അതിൽ സന്താനങ്ങളൊന്നും ഉണ്ടായിരുന്നില്ല. ഇതിനിടക്ക് "കേരളദൎപ്പണം" നിന്നുപോകയും 1077 മുതൽ ഒന്നരകൊല്ലത്തോളം "കേരളപഞ്ചിക"യുടെ ആധിപത്യം വഹിക്കയും ചെയ്തു. 1079 ചിങ്ങത്തിൽ "മലയാളി"യുടെ പത്രാധിപത്യം കൈയേറ്റു ഒരു കൊല്ലത്തോളം അതിനെ നടത്തി. 1080-ൽ ആണ്, തിരുവനന്തപുരത്ത് വഞ്ചിയൂർ കുഴിവിളാക

ത്തുവീട്ടിൽ ശ്രീമതി ബി. കല്യാണിഅമ്മയെ വിവാഹം കഴിച്ചത്. തിരുവനന്തപുരത്ത് പാർപ്പുറപ്പിച്ചതോടുകൂടി മലയാളിപത്രാധിപത്യം ഉപേക്ഷിച്ചു. അക്കൊല്ലം ബി. എ. പരീക്ഷയുടെ ഇംഗ്ലീഷുഭാഗം ജയിച്ചു. അതിനുശേഷം സ്വന്തം ഉടമസ്ഥതയിലും പത്രാധിപത്യത്തിലും "കേരളൻ" എന്ന പത്രഗ്രന്ഥം ആരംഭിച്ചു. 1081-ൽ ആയിരുന്നു "സ്വദേശാഭിമാനി" കൈയേററത്. ബി. എ. പരീക്ഷയുടെ ഐച്ഛികവിഷയമായി "ഫിലോസഫി" പഠിച്ചു 1082-ൽ പരീക്ഷക്കു പോയി വിജയിആയി, ഡിഗ്രി എടുത്തു. അതിൽ പിന്നെ "ലോകോളേജി"ൽ ചേർന്നു രണ്ടുകൊല്ലം പഠിച്ചു. അതിലിടക്ക് "സ്വദേശാഭിമാനി"യുടെ കൂട്ടുടമസ്ഥനായി പത്രവും അച്ചുകൂടവും വൈക്കത്തുനിന്ന് തിരുവനന്തപുരത്തേക്കു മാററിയിരുന്നു. ഈ പത്രം മിസ്റ്റർ പിള്ളയുടെ കീഴിൽ ക്ഷണത്തിൽ അഭിവൃദ്ധി പ്രാപിച്ചുതുടങ്ങി രണ്ടുകൊല്ലം ആ പത്രം പ്രതിവാരപത്രമായി നടന്നതിനുശേഷം അത് ആഴ്ചയിൽ രണ്ടുവീതമാക്കി. അങ്ങിനെ ഒരു കൊല്ലം കഴിഞ്ഞ ശേഷം ആഴ്ചയിൽ മൂന്നുവീതമാക്കി. "സ്വദേശാഭിമാനി" പത്രത്തോടുകൂടിത്തന്നെ കേരളൻ, ശാരദ, വിദ്യാർത്ഥി, എന്നീ മാസികകളും അദ്ദേഹം നടത്തിപ്പോന്നിരുന്നു.

1910- സപ്തംബർ മാസം 26-ാംനു- തിരുവിതാംകൂർ പൊന്നുതമ്പുരാൻ തിരുമനസ്സിലെ വിളംബരമനുസരിച്ചു, രാമകൃഷ്ണപിള്ളയെ നാടുകടത്തിയ കഥ അറിയാത്തവർ കേരളത്തിൽ ഉണ്ടാകയില്ല. അത് ഇന്ത്യാരാജ്യം മുഴുവൻ ക്ഷോഭമുണ്ടാക്കിയ സംഭവമാണ്. അതിനെപ്പററി രാമകൃഷ്ണപിള്ള അവർകൾതന്നെ ഇംഗ്ലീഷിലും മലയാളത്തിലും എഴുതി പരസ്യം ചെയ്ത പുസ്തകങ്ങളിൽ നിന്ന് അധികവിവരം അറിയാവുന്നതാണ്. പക്ഷേ എന്തു പ്രത്യേക സംഗതിക്കാണ് അദ്ദേഹത്തെ നാടുകടത്തിയതെന്ന് മഹാരാജാവാകട്ടെ തിരുവിതാംകൂർസർക്കാരാകട്ടെ തുറന്നുപറഞ്ഞിട്ടില്ല. മഹാരാജാവിന്റെ ഈ പ്രവൃത്തി, നിന്ദ്യമാണെന്നും അധർമ്മമാണെന്നും രാക്ഷസീയമാണെന്നും അന്നുതന്നെ ഇന്ത്യയിലെ പ്രധാനപത്രങ്ങളൊക്കെ പറഞ്ഞിട്ടുള്ളതാണ്. ഇനി ആ തെററു തിരുത്തി ശരിപ്പെടുത്താൻ പാടില്ലാത്തവിധം പരലോകത്തിൽ രേഖപ്പെട്ടുപോയി.

രാമകൃഷ്ണപിള്ളയെ നാടുകടത്തിയതോടുകൂടി മാസികകളും അച്ചുകൂടവും മററു സർവ്വതും സർക്കാർ പിടിച്ചെടുത്തു. ശരാശരി കണക്കെടുത്തതിൽ ഈ സംഭവം മൂലം പതിനായിരം ഉറുപ്പിക നഷ്ടമായിട്ടുണ്ടെന്ന് അറിയുന്നു!

അച്ചുകൂടത്തിൽനിന്നു മടങ്ങി വീട്ടിൽ പോകാനോ ഭാർയ്യയേയും കുടുംബങ്ങളേയും കണ്ടു വല്ല ഏർപ്പാടുകളും ചെയ്യാനോ അനുവദിക്കാതെ മിസ്റ്റർ പിള്ളയെ തിരുവിതാംകൂർ അതിർത്തി കടത്തിവിടുകയാണ് ചെയ്തത്. പിറേറ ദിവസം തന്നെ തന്റെ ഭാർയ്യ, തന്റെ സ്കൂൾമിസ്റ്റ്റസ്സുദ്യോഗം വലിച്ചെറിഞ്ഞു ഭർത്താവിനെ അന്വേഷിച്ചു പോയി. കുട്ടികളോടുകൂടി ദമ്പതിമാർ മദിരാശിയിൽ താമസമാക്കി. വേനൽകാലം മൂന്നുമാസം പാലക്കാട്ടും ശേഷംകാലം മദിരാശിയിലുമായി മൂന്നുകൊല്ലം കഴിച്ചുകൂട്ടി. 1086-ൽ മിസ്റ്റർ പിള്ള എഫ്. എൽ. പരീക്ഷ ജയിച്ചു; എന്നാൽ 1087-ൽ

ആരോഗ്യം ക്ഷയിച്ചതോടുകൂടി പഠിപ്പു നിൎത്തേണ്ടി വന്നതിനാൽ ബി. എൽ. പരീക്ഷക്കു പോകാൻ സാധിച്ചില്ല. 1913-ൽ മദിരാശിയിൽവെച്ചു കലശലായ സുഖക്കേടിലായി; അവിടത്തെ ശീതോഷ്ണസ്ഥിതി ശരീരത്തിനു പററുകയില്ലെന്നു ഡാക്ടർ അഭിപ്രായപ്പെടുകയാൽ പാലക്കാട്ടുതന്നെ സ്ഥിരതാമസമാക്കുകയും ചെയ്തു. 1915-ൽ കല്യാണിഅമ്മയെ കണ്ണൂർ ഗവമ്മേണ്ടു ഗേൾസ് സ്കൂളിൽ ഒന്നാം അസിസ്റ്റാണ്ടായി നിയമിച്ചു. അവരൊടൊപ്പം കണ്ണൂരിൽ പാൎപ്പാക്കി. അവിടെ വെച്ചു ആരോഗ്യം ക്രമേണ ക്ഷയിച്ചു വരുകയും 1916-മാൎച്ചുമാസം 28-ാംനു- കണ്ണൂരിൽവെച്ചു ദേഹവിയോഗം ചെയ്കയും ചെയ്തു.

രാമകൃഷ്ണപിള്ളയുടെ പിതാവ് 1910-ൽ കഴിഞ്ഞുപോയിരുന്നു. മകന്റെ നാടുകടത്തൽവിവരം കേട്ട ഉടനെ അപാരമായ സങ്കടത്തിൽ പെട്ട്, കിടപ്പിലായ മാതാവ്, ആധി വ്യാധിയായി പരിണമിച്ചു ആറു മാസത്തിനുള്ളിൽ 1911 എപ്രിൽ മാസത്തിൽ കാലധൎമ്മം പ്രാപിച്ചു. പിള്ളക്ക് രണ്ടു സഹോദരന്മാരും രണ്ടു സഹോദരികളും ഉണ്ടായിരുന്നു. ഒരു സഹോദരൻ മരിച്ചുപോയി. ശേഷം മൂന്നു പേരും ഇപ്പോഴും ഉണ്ട്. മൂന്നു സന്താനങ്ങൾ ഉണ്ടായതിൽ ഒരു പുത്രി മരിച്ചുപോയി. ഒരു പുത്രനും ഒരു പുത്രിയും ഇപ്പോൾ ഉള്ളതിൽ പുത്രിക്കു 9-ം പുത്രനു 8-ം വയസ്സു പ്രായമാണ്.

ഏററവും ദുഃഖകരമായ ഈ ചരിത്രത്തിൽ നായകന്റെ ധീരതയും സ്വാഭിമാനവും രാജ്യക്ഷേമകാംക്ഷയും അവയോടു ഇണങ്ങിക്കൊണ്ടു നായികയുടെ പാതിവ്രത്യനിഷ്ഠയും ഭയങ്കരമായ കാർമേഘത്തിലെ രജതരേഖപോലെ പ്രകാശിക്കുന്നവ കേരളത്തിലെ വല്ല കവിയുടെയും പേനയ്ക്കു വിഷയങ്ങളാകേണ്ടവയാണ്. ഇന്ത്യാരാജ്യംമുഴുവനും മൂലത്തിരുനാൾ പൊന്നുതമ്പുരാന്റെ കീഴിലായ നിലയിലാണ്. രാമകൃഷ്ണപിള്ള അവർകളെ രാജ്യഭ്രഷ്ടനാക്കിയിരുന്നതെങ്കിൽകൂടി, നളനെപോലെ വനാന്തരത്തിൽ സഞ്ചരിക്കേണ്ടി വരുമായിരുന്ന പിള്ളയുടെകൂടെ നിഴൽപോലെ സഹധൎമ്മിണിയും ഉണ്ടാകുമായിരുന്നുവെന്ന് അവരുടെ ഇതുവരെയുള്ള പ്രവൃത്തിയിൽനിന്നും ഇനിമേലാൽ, "ഭൎത്താവില്ലാത്ത ശൂന്യമായ തിരുവിതാംകൂറിൽ ചവിട്ടുകയില്ലെ"ന്നുള്ള ആ സാധ്വിയുടെ സ്ഥിരപ്രതിജ്ഞകൊണ്ടും ഊഹിക്കാം. അതിനു തക്കവണ്ണം ആ പതിവ്രതയ്ക്കു സിദ്ധിച്ച വിദ്യാസമ്പത്തിനും മനഃപരിഷ്കാരത്തിനും നമസ്കാരം.

തന്റെ സമ്പാദ്യം മുഴുവൻ തിരുവിതാംകൂർ സൎക്കാർ പിടിച്ചടക്കിയതിൽ പിന്നെ രോഗാതുരനായതു നിമിത്തം തന്റെ സന്താനങ്ങൾക്കു യാതൊന്നും സമ്പാദിച്ചു കൊടുക്കാൻ സാധിച്ചില്ലെന്നും ഭാൎയ്യയും മക്കളും അന്യദിക്കിൽ അനന്യശരണരായി ഭവിക്കുന്നുവെന്നും ഉള്ള വിചാരം തന്റെ അവസാനദിവസങ്ങളിൽ മിസ്റ്റർ പിള്ളയെ അസാമാന്യം പീഡിപ്പിച്ചിരുന്നു. അദ്ദേഹം എഴുതിപ്രസിദ്ധപ്പെടുത്തിട്ടുള്ള എല്ലാ പുസ്തകങ്ങളുടെയും ഉടമാവകാശം തന്റെ മക്കൾക്ക് എഴുതികൊടുത്തിട്ടുണ്ട്. 38 വയസ്സു പൂൎണ്ണമാകുന്നതിന്നു മുമ്പിൽ ലോകരംഗം വിട്ട ഒരു പിതാവിന്റെ വകയായി 29 പുസ്തകങ്ങളുടെ ഉ

ടമസ്ഥാവകാശം ലഭിച്ചിട്ടുള്ള വിവരം ഈ ബാലമനസ്സുകൾക്ക് എത്രയും ചാരിതാൎത്ഥ്യം ഉണ്ടാക്കിയിരിക്കുമെന്നതിന്നു സംശയമില്ല. ഇങ്ങിനെയുള്ള ഒരു പിതൃസമ്പത്ത് ലഭിക്കുന്നതിന് ഇൻഡ്യാക്കാരായ ഏതെങ്കിലും ബാലികാബാലകന്മാൎക്ക ഭാഗ്യം സിദ്ധിച്ചിട്ടുണ്ടോ?

രാമകൃഷ്ണപിള്ള അവർകൾ പ്രസിദ്ധ
പ്പെടുത്തീട്ടുള്ള പുസ്തകങ്ങൾ.

1. പാറപ്പുറം. ഒന്നാം ഭാഗം. 2 പാറപ്പുറം. രണ്ടാം ഭാഗം 3. ഉദയഭാനു ഒന്നാം ഭാഗം 4. ഉദയഭാനു രണ്ടാംഭാഗം 5. നരകത്തിൽനിന്ന് 6. മന്നൻെറ കനത്തം 7. ക്രിസ്റ്റോഫർ കൊളമ്പസ്സ് 8. ബഞ്ചമിൻ ഫ്രാങ്ക്ലിൻ 9 സോക്രട്ടീസ്സ് 10. കാറൽ മാക്സ്സ് 11. മോഹനദാസ്സ് ഗാന്ധി 12. വൃത്താന്തപത്രപ്രവൎത്തനം 13 ഡില്ലിദർബാർ. ഒന്നാംഭാഗം 14. ഡില്ലിദർബാർ രണ്ടാംഭാഗം 15. പൌരവിദ്യാഭ്യാസം 16. കേരളഭാഷോല്പത്തി 17 ബാലബോധിനി (മലയാളവ്യാകരണം ഒന്നാംഭാഗം) 18. സഭാപ്രവേശം തുള്ളൽപ്പാട്ട് 19. അന്യാപദേശമാല 20. വേദാന്തസാരം (കിളിപ്പാട്ട്) 21. ഭാൎയ്യാധൎമ്മം 22. കൃഷിശാസ്ത്രം 23. അങ്കഗണിതം (ഒന്നാംഭാഗം 24. ക്ഷേത്രഗണിതസാധനപാഠങ്ങൾ 25. അറുനൂറ് ഭൂവിവരണചോദ്യങ്ങൾ 26. നായന്മാരുടെ സ്ഥിതി 27. തിരുവിതാംകൂർ നാടുകടത്തൽ 28 വാമനൻ 29. തിരുവിതാംകൂർ നാടുകടത്തൻ കേസ്.

## "എഴുത്തച്ഛനും വേദാന്തവും"

തുഞ്ചത്ത് രാമാനുജനെഴുത്തച്ഛന്ന് വേദാന്തത്തിലുള്ള ജ്ഞാനം കുറെ കുറവാണെന്ന് പറവാൻ എനിക്ക് ധൈൎയ്യമില്ല. അദ്ധ്യാത്മരാമായണം മുതലായ കിളിപ്പാട്ടുകളിൽ വേദാന്തങ്ങളെ പ്രതിവാദിക്കുന്ന ഭാഗങ്ങൾ വായിച്ചു നോക്കിയാൽ എത്രയൊ അസംബന്ധങ്ങളും അന്യോന്യവിരുദ്ധങ്ങളും നിരൎത്ഥകങ്ങളുമായ വാക്യങ്ങൾ കാണുന്നുമുണ്ട്. ഭാഗവതം കിളിപ്പാട്ട് ഏകാദശസ്കന്ധം മുതലായി വേദാന്തതത്വങ്ങൾ അടങ്ങിയ ഭാഗം ഏററവും ഭയങ്കരമായ വനംപോലെ ദുഷ്പ്രവേശമായി തോന്നുന്നു. ഇതുകൊണ്ട് തന്നെയായിരുന്നു വിദ്വാനായ എഴുവത്ത് നാണുക്കുട്ടിമേനോൻ അവർകൾ കുറെക്കാലത്തിന് മുൻപു ഏകാദശത്തിന്നു ആദ്യമുള്ള തൎജ്ജമ കേവലം മാററി പുതിയ തൎജ്ജമയുണ്ടാക്കി വിദ്യാവിലാസംപ്രസ്സിൽ നിന്ന അച്ചടിപ്പിച്ചതു്. അഥവാ എഴുത്തച്ഛൻെറ കൃതിയെ പകൎത്തി എഴുതുമ്പോൾ ലേഖകന്മാരിൽനിന്ന് വന്നുകൂടിയ പ്രമാദമാണെന്നും വരാം. അല്ലെങ്കിൽ തത്വം മനസ്സിലാകരുതെന്നു വെച്ചു വല്ലവരും ചെയ്തുവെച്ച കൃത്രിമമായിരിക്കാം. എങ്ങിനെയായിരുന്നാലും വേദാന്തഭാഗങ്ങൾ ദോഷസങ്കുലങ്ങളായി കാണുന്നു എന്ന പ

റയാതെ കഴികയില്ല.

കിളിപ്പാട്ടിൻെറ ഒന്നാമത്തെ പ്രവർത്തകനായ എഴുത്തച്ഛനെ ബഹുമാനിക്കാത്തവർ മലയാളരാജ്യത്തിൽ ആരുമുണ്ടാകയില്ല. അപ്രകാരമുള്ള ഒരു മഹാൻെറ കൃതിയെ ആസ്പദമാക്കി ചെയ്യുന്ന ദോഷോൽഘോഷണം കെവലം സാഹസമാണെന്നു വാദിച്ചു വല്ലവരും എന്നെ അധിക്ഷേപിക്കുമായിരിക്കാം. അതു് സാരമില്ല. എൻെറ ഈ പ്രസ്താവനകൊണ്ടു് വസ്തുവിൻെറ യഥാർത്ഥ്യം നിർമ്മത്സരന്മാരായ വിദ്വാന്മാരിൽനിന്നു് പുറത്തുവരുന്നതായാൽ അതു് എവക്കും ഉപകാരമായിരീരും എന്നുള്ളതാണു് ഈ ഉപന്യാസത്തിൻെറ ഉദ്ദിഷ്ടഫലം.

ഇവിടെ ഒന്നാമതായി ആരണ്യകാണ്ഡത്തിലെ അഗസ്ത്യസ്തുതി, ലക്ഷ്മണോപദെശം, മുതലായ ഭാഗങ്ങളിൽ കാണുന്ന ദൊഷങ്ങളെ ഉദ്ധരിപ്പാനാണ് വിചാരിക്കുന്നതു. മററുള്ള ഭാഗങ്ങളെ അവസരംപൊലെ എഴുതി പ്രസിദ്ധമാക്കാം.

"തന്നുടെ മായാ തനിക്കാശ്രയ ഭൂതനായി
തന്നുടെ ശക്തി എന്നും പ്രകൃതി മഹാമായ
നിർഗ്ഗുണനായ നിന്നെ ആവരണം ചെയ്കിട്ടു്
സൽഗുണങ്ങളെ അനുസരിപ്പിച്ചീടുന്നതും"
(അഗസ്ത്യസ്തുതി)

ഇവിടെ ഓരൊ വാക്യങ്ങൾക്കും പരസ്പരം സംബന്ധം കാണുന്നില്ല. ഒന്നാമത്തെ വരിക്കു് തൻെറ മായക്കു് ആശ്രയഭൂതനായി എവനാണെന്നല്ലൊ യഥാശ്രുതമായ അർത്ഥം. അവിടെ ആർ? എന്ന ആകാംക്ഷക്കു് താൻ എന്നു് അധ്യാഹരിച്ചു താൻ ആശ്രയമായിതീന്നു എന്നു സംബന്ധിപ്പിക്കാമെങ്കിലും അത്രത്തോളം എത്തിയതിൽ പിന്നെ ഒന്നുകൊണ്ടും പൂരിപ്പാൻ പാടില്ലാത്ത നിലയിൽ ആകാംക്ഷ ശെഷിച്ചുനില്ക്കുന്നു. ഇനി തന്നുടെ മായക്കു് താൻ ആശ്രയഭൂതനായി ഭവിക്കുന്നു എന്നു ചില വാക്കുകളെ കൂട്ടിച്ചെർത്തു ഒരു വാക്യമാക്കിചെയ്തു വസാനിപ്പിക്കാമെങ്കിലും "കവിശിരൊമണിയായ എഴുത്തച്ഛൻ അങ്ങിനെയുള്ള അർത്ഥത്തിൽ ആശ്രയഭൂതനത്രെ" എന്നൊ മററൊ ഖണ്ഡിതമായിപ്പറകയല്ലാതെ ഇത്ര സന്നിഗ്ദ്ധസ്ഥിതിയിൽ ഉപന്യസിക്കുമൊ എന്ന വലിയ സംശയമായിരിക്കുന്നു. രണ്ടാംവരിയുടെ അർത്ഥവും സുഗമമല്ല. "പ്രകൃതിയായ മഹാമായ തൻെറ ശക്തി എന്നും" അത്രത്തോളം എത്തിയാൽ അതിനെ പൂർണ്ണമാക്കുവാൻ വെറെവാക്കില്ല. ഇവിടെ "പറയുന്നു" എന്നൊരു പദം അധ്യാഹരിച്ചാലും ആദ്യത്തെ വാക്യത്തൊടു് അന്വയമില്ല. പിന്നീടുള്ള വാക്യത്തൊടും ന്യായമായി അന്വയിപ്പാൻ പ്രയാസം. മൂന്നാംവരിയൊടു് അന്വയിപ്പാനായി "പറയുന്നു" എന്നു ചേർക്കാമെന്നുണ്ടെങ്കിൽ തന്നുടെ ശക്തിയായ പ്രകൃതി എന്നാക്കിയാൽ സുഗമമായിരിക്കെ ഇങ്ങിനെ നിർമ്മിപ്പാൻ കാരണമെന്തെന്ന ആക്ഷെപം ശെഷിക്കുന്നു. എന്നുമാത്രമല്ല രണ്ടും മൂന്നും പാദങ്ങൾ ഏകവാക്യമായി അന്വയിക്കത്തക്കതല്ല എന്നു് തന്നുടെ എന്നും നിന്നെ എന്നുമുള്ള ഭിന്നപദങ്ങളെക്കൊണ്ട തെളിയുന്നുമുണ്ടു്. ആകയാൽ ആദ്യത്തെ രണ്ടുവരികളും അന്യോന്യസംബന്ധമില്ലാതെ ദുഷിച്ചിരിക്കുന്നു എന്ന പറയെണ്ടി വരുന്നു.

"നിർവ്യാജം വേദാന്തികൾ ചൊല്ലുന്നു നിന്നെ മന്നം
ദിവ്യമാമവ്യാകൃതമെന്നുപനിഷദ്വാദാൽ
മായാദേവിയെ മൂലപ്രകൃതിയെന്നും ചൊല്ലും
മായാതീതന്മാരെല്ലാം സംസൃതി എന്നും ചൊല്ലും"

ഇവിടെ "വേദാന്തികൾ നിന്നെ അവ്യാകൃതമെന്നു പറയുന്നു, മായയെ മൂലപ്രകൃതിയെന്നും പറയുന്നു" എന്നാണല്ലൊ ആദ്യത്തെ രണ്ടുപാദത്തിന് നമുക്ക് മനസ്സിലാക്കാവുന്ന അൎത്ഥം. ഈ അൎത്ഥം മൂലത്തിൽ പറഞ്ഞതിൽ നിന്ന് ഭേദിച്ചിരിക്കുന്നു. പ്രകൃതത്തിൽ മായയുടെ പലവിധനാമങ്ങളെ അവിദ്യ, സംസൃതി, ബന്ധം ഇത്യാദിയായി നിൎദ്ദേശിക്കയാണ് ചെയ്യുന്നത്. "ശക്തിയെ പലനാമം ചൊല്ലുന്നു പലതരം", എന്ന നിലയിലാണ് ഉപസംഹരിക്കുന്നതും. ആ സ്ഥിതിയിൽ അവ്യാകൃതമെന്ന പേര്, മായക്ക് സംബന്ധിക്കുന്നതല്ലാതെ നിന്നെ എന്ന വാക്കുകൊണ്ട് പരാമൎശിക്കുന്ന ആത്മാവിന്റെ പൎയ്യായമായി വിചാരിപ്പാൻ പാടില്ലാത്തതാണ്. മൂലത്തിൽ,

> ''ത്വാമെവനിൎഗ്ഗുണാംശക്തി
> രാവൃണൊതിയദാതദാ
> അവ്യാകൃതമിതിപ്രാഹുഃ
> വേദാന്തപരിനിഷ്ഠിതാഃ
> മൂലപ്രകൃതിരിത്യെകെ
> പ്രാഹുൎമായെതികേചന
> അവിദ്യാസംസൃതിബന്ധ
> ഇത്യാദിബഹുധോച്യതെ''

എന്നാണ് കാണുന്നത്. ഇതിന്റെ അൎത്ഥം "നിൎഗ്ഗുണനായ നിന്നെ ശക്തി എപ്പോൾ ആവരിക്കുന്നുവൊ അപ്പോൾ വേദാന്തജ്ഞന്മാർ അവ്യാകൃതമെന്നു ചൊല്ലുന്നു. ചിലർ മൂലപ്രകൃതി എന്നും ചിലർ മായ എന്നും ചൊല്ലുന്നു. അവിദ്യാ, സംസൃതി, ബന്ധം, ഇത്യാദിയായി പലപ്രകാരത്തിൽ പറയുന്നു" എന്നാണ്. ഇവിടെ അവ്യാകൃതമെന്ന പേർ ആത്മാവിനെ കുറിച്ചു പറഞ്ഞതാണെന്ന് തോന്നത്തക്ക യാതൊരു ബീജവും കാണുന്നില്ല. മൂലകാരന്റെ ആശയത്തെ ("തദാ താം മായാം അവ്യാകൃതമിത്യാഹുഃ") "അപ്പൊൾ ആ മായയെ അവ്യാകൃതമെന്ന് ചൊല്ലുന്നു," എന്നാണ വ്യാഖ്യാതാവ് വിവരിച്ചത്.

> നിന്നുടെ നിയോഗത്താൽ മഹത്തത്വത്തിങ്കലെ
> നിന്നുണ്ടായ്വന്നു പുനരഹംകാരവും പരാ
> മഹത്തത്വവുമഹംകാരവും സംസാരവും
> മഹദാദികളെവം മൂന്നായി ചൊല്ലീടുന്നു
> സാത്വികം രാജസവും താമസമെന്നീവണ്ണം......

ഇവിടെ നിന്റെ നിയോഗംകൊണ്ട് മഹത്വത്തിൽനിന്ന് അഹംകാരമുണ്ടായി എന്നും മഹത്തത്വവും അഹംകാരവും സംസാരവും മൂന്നു വിധത്തിലാണ് എന്നും പറയുന്നു. എന്നാൽ മഹത്തത്വത്തിന്റെയും അഹംകാരത്തിന്റെയും ഉൽപത്തിയെ നിൎദ്ദേശിച്ചുകഴിഞ്ഞാൽ അവയുടെ വിഭാഗത്തെ കണക്കാക്കുകയല്ലാതെ അതിനിടയിൽ യാതൊരു വിധത്തിലും സ്മൃതിവിഷയമല്ലാത്ത സംസാരത്തെ നിവേശിപ്പിച്ച് അതിനു ത്രിവിധത്വം കല്പിക്കേണ്ടിയ ആവശ്യമെന്ത്? മൂലപ്രകൃതി ത്രിഗുണസമുദായമാകയാൽ അതിൽനിന്നുണ്ടായ മഹാങ്കൽ ത്രിഗുണത്വവും മഹാങ്കൽ നിന്നുണ്ടായ അഹങ്കാരത്തിൽ തൽകാൎയ്യമാകയാൽ ത്രിഗുണത്വവും ഉണ്ടാകുന്നതു് യുക്തംതന്നെ. ഇപ്രകാരം കാരണഗുണങ്ങൾ കാൎയ്യങ്ങളിൽ സംക്രമിക്കുമെന്ന ന്യായപ്രകാരം അഹങ്കാരകാൎയ്യങ്ങളായ സൂക്ഷ്മതന്മാത്രാദികളിലും ത്രിഗുണത്വം വരാവുന്നതാണ്. സംസാരം അഹംകാരമെന്ന കാരണത്തിന്റെ സാക്ഷാൽ കാൎയ്യമല്ല. അനന്തരം അതിനെപ്പററി പ്രകൃതത്തിൽ യാതൊന്നും പറയുന്നുമില്ല. ലോകത്തിലുള്ള സ

ർവ്വപദാർത്ഥങ്ങളും ത്രിഗുണസമുദായരൂപമായ പ്രകൃതിയുടെ കാര്യമാകുന്നു എന്നുള്ള സാംഖ്യമതത്തെ അസ്പഷ്ടമാക്കി പറയുന്ന ഈ ഘട്ടത്തിൽ പരമ്പരാസംബന്ധംകൂടാത്ത കാര്യകാരണങ്ങളെ ഉദ്ദേശിച്ചു ത്രിഗുണത്വം വിധിക്കയാണ് ചെയ്യുന്നതെന്നുകൂടി ഒരു വിശേഷമുണ്ടു്. അതുകൊണ്ടു് സംസാരമെന്ന വാക്ക് ഇവിടെ ഒന്നുകൊണ്ടും യോജിക്കുന്നില്ല. മൂലത്തിൽ,

"ത്വയാസംക്ഷോഭ്യമാണാസാ
മഹത്തത്വംപ്രസൂയതെ
മഹത്തത്വാദഹംകാര
സ്ത്വയാസംചോദിതാദഭൂൽ
അഹങ്കാരോമഹത്തത്വ
സംവൃതസ്ത്രിഗുണോഭവൽ
സാത്വികോരാജസശ്ചൈവ
താമസശ്ചേതിഭണ്യതെ"

എന്നാണ് കാണുന്നതു്. ഇതിൻെറ അർത്ഥം "നിന്നാൽ ക്ഷോഭിപ്പിക്കപ്പെട്ട മായ, മഹത്തത്വത്തെ പ്രസവിക്കുന്നു. നിന്നാൽ പ്രേരിപ്പിക്കപ്പെട്ട മഹത്തത്വത്തിൽനിന്ന് അഹംകാരമുണ്ടായി. മഹത്തത്വത്താൽ സംവരിക്കപ്പെട്ട അഹംകാരം മൂന്നു ഗുണത്തോടുകൂടി തീർന്നു. ആകയാൽ സാത്വികം, രാജസം, താമസം എന്നിങ്ങിനെ അഹങ്കാരത്തെ മൂന്നാക്കി പറയപ്പെടുന്നു" എന്നാണ്. ഇവിടെ സംസാരത്തെപ്പററി ഒരു സൂചനപോലും മൂലകാരൻ ചെയ്തിട്ടില്ലെന്ന് സ്പഷ്ടമാകുന്നു. എന്നാൽ "അഹംകാരസംവൃതഃ" എന്ന സ്ഥലത്തെ സംവൃതശബ്ദം സംസൃതി എന്നോ മറെറാ എഴുത്തച്ഛൻ തെററിദ്ധരിച്ചുപോയിരിക്കാം എന്നാണ ചിലരുടെ അഭിപ്രായം. അതിൽ യോജിക്കത്തക്ക യുക്തി ഞാൻ കാണുന്നില്ല.

തലശ്ശേരി

എം. കെ. ഗുരുക്കൾ.

## അനാർക്കലി

### V

അനാർക്കലിയെ പിടിച്ചു തടവിലിടുവാനും പിറെറദിവസം കൊന്നുകളവാനും ചക്രവർത്തി കല്പിച്ച വിവരം നാട്ടിലൊക്കെ പരന്നു. സാലിമും അനാർക്കലിയും തമ്മിലുണ്ടായിരുന്ന അനുരാഗ ചേഷ്ടകൾ തൻെറ മുമ്പിലുണ്ടായിരുന്ന ഒരു കണ്ണാടിയിൽ പ്രതിഫലിച്ചു ചക്രവർത്തി കണ്ടിരുന്നു. തൻെറ പുത്രനെ വശീകരിക്കാൻ അവൾ ചെയ്ത നീചപ്രവൃത്തിയാണെന്നായിരുന്നു അദ്ദേഹം കരുതിയിരുന്നതു്.

രാത്രിയായി. അടുത്തദിവസം രാവിലെ സംഭവിക്കാൻ പോകുന്നതെന്താണെന്ന് സലിമിനു അറിയാമായിരുന്നു. ആ കാര്യം അനാർക്കലിയേയും ഭടന്മാർ അറിയിച്ചു. അനാർക്കലിയുടെ മനസ്സന്താപം എങ്ങനെ വിവരിക്കും? അവളുടെ കുററമെന്തായിരുന്നുവെന്നറിയാതെ അവൾ കുഴങ്ങി. തന്നെ അനുരൂപനാം യോഗ്യനുമാ

യ സലിം സ്നേഹിച്ചതു് ഇത്ര വലിയ കഠിനശിക്ഷയ്ക്കിടയാകുമോ? ചക്രവൎത്തിയുടെ കോപം എത്ര മാത്രമുണ്ടെന്നു് ആരറിഞ്ഞു. അവൾ കുറേനേരം അഗാധമായ വ്യസനത്താൽ മോഹിച്ചു് നിശ്ചേഷ്ടയായിക്കിടക്കുകയും, പിന്നീടു് എഴുനീല്ക്കാൻ ശ്രമിച്ചുവെങ്കിലും പിന്നെയും അവൾ വ്യസനത്താൽ ക്ഷീണിച്ചു് ആ മണ്ണിൽ കിടന്നുരുണ്ടു കരയുകയും ചെയ്തു. ആരാണവളെ ആശ്വസിപ്പിക്കാൻ? ചക്രവൎത്തിയുടെ നീരസത്തിനു് പാത്രമായ ഒരു വേലക്കാരിയുടെ പുത്രിയെ ആർതന്നേ തിരിഞ്ഞുനോക്കും? അയ്യോ, കഷ്ടം! അവൾ എന്തു കുററമാണു് ചെയ്തതെന്നോക്കുവിൻ! ഇതിനൊക്കെ ഹേതുഭൂതനായ സലിം എവിടെ ആയിരുന്നു? ഹാ! സലിമിനെപ്പററി ആലോചിച്ചപ്പോൾ അവളുടെ ഉള്ളു തുടിച്ചുതുടങ്ങി. അവൾ കരഞ്ഞു് കരഞ്ഞു് ക്ഷീണിച്ചു. ഇനി കരയാനും വയ്യാ എന്ന നിലയിലായി. അവൾ കുററകരമായി എന്താണു് ചെയ്തതു്.' സലിമിനെ സ്നേഹിച്ചതു കുററകരമാണോ എന്നു് അവൾ ആലോചിച്ചു. അവൾക്കു ഒന്നും മനസ്സിലായില്ല. ഒരു സമാധാനവും ഉണ്ടായില്ല. "സലിം എന്നെ സ്നേഹിക്കുന്നുണ്ടോ? അദ്ദേഹം എന്നെ മറന്നു കഴിഞ്ഞോ?" എന്നും അവൾ ആലോചിച്ചു തുടങ്ങി.

അപ്പോൾ ആരോ വരുന്ന കാലൊച്ച കേട്ടു. വാതിൽ തുറന്നു് വിളക്കു കാണിച്ച ശിപായിയുടെ പിമ്പിൽ അവളെ അന്വേഷിച്ചു വന്നതു ആരായിരുന്നു? അനുരാഗപരിതപ്തനായ സലിമല്ലാതെ മററാരാണു് വരാനുള്ളതു്!

അനാൎക്കലി തല ഉയൎത്തി നോക്കി. സലിമിനെക്കണ്ടപ്പോൾ അവൾ പൊട്ടിക്കരഞ്ഞു. അടുത്ത നിമിഷത്തിൽ ആ കാമിനീകാമുകന്മാർ പരസ്പരം ആശ്ലേഷിച്ചു. ഉള്ളിൽ തിങ്ങിയിരുന്ന വേദനയുടെ കാഠിന്യത്താൽ രണ്ടുപേരും കരഞ്ഞിരുന്നു! ശിപായി വിളക്കുതാഴെ വച്ചു് പുറത്തു പോയി നിന്നു. കുറച്ചു കഴിഞ്ഞു് സലിം പറഞ്ഞു:— "പ്രിയേ, ധൈൎയ്യത്തോടിരിക്കു. ഞാൻ രക്ഷിക്കും. നമുക്കു ഉടനെ പോകണം" അനാൎക്കലി കാൎയ്യം മനസ്സിലാകാത്തപോലെ സലിമിന്റെ മുഖത്തേക്കു നോക്കി.

സലിം— "അതേ, നമുക്കു ഈ രാജ്യം വിട്ടു് ഓടിപ്പോകാം. അതിനു വേണ്ട ഒരുക്കങ്ങൾ ചെയ്തിട്ടാണു് ഞാൻ വന്നിരിക്കുന്നതു്. നേരം പോകുന്നു. കുതിരകൾ നമ്മെ കാത്തു നില്ക്കുകയാണു്. പ്രഭാതത്തിനു മുമ്പു് നമുക്കു വളരെ ദൂരം ചെല്ലേണ്ടതാം. വേഷം മാറീട്ടുവേണം പുറപ്പെടാൻ, വേഗമാകട്ടെ."

അനാൎക്കലി— "രക്ഷപ്പെടാമെന്നുള്ള ആശയേ എനിക്കില്ല. നമ്മെ തിരഞ്ഞുപിടിക്കും. എനിക്കുവേണ്ടി തിരുമേനിക്കൂടി എന്തിനാപത്തിൽ പെടണം?"

സലിം— "ഓമനെ, നമ്മെ തിരഞ്ഞുപിടിക്കാൻ വരുന്നവരെ വഴിതെററിക്കുന്നതിനു് ഞാൻ ആളെ നിയോഗിച്ചിട്ടുണ്ടു്. ഓടുമ്പോൾ ശബ്ദം കേൾക്കാതിരിക്കാൻ കുതിരകളുടെ കുളമ്പുകൾ പ്രത്യേകം കെട്ടിച്ചിരിക്കുന്നു. വേഗം എഴുനീല്ക്കൂ, ഓരോ നിമിഷവും വളരെ വളരെ വിലയുള്ളതാണു്."

അനാൎക്കലി പിന്നെയും സംശയിച്ചു.

സലിം ആപത്തിൽ പെട്ടന്നതു് അവൾക്കു വലിയ സങ്കടമായിരുന്നു. കൂടാതെ രക്ഷപ്പെടാൻ നിവൃത്തിയില്ലെന്നു് അവൾ ഉറച്ചിരിക്കുകയുമായിരുന്നു.

അനാൎക്കലി— "തിരുമേനി,— എന്റെ പ്രാണനാഥാ,— എന്റെ കൎമ്മംപോലെ വരട്ടെ. ദൈവവും ചക്രവൎത്തിതിരുമനസ്സുകൊണ്ടും വിധിച്ചതാണു് വിധി. നാളെ എന്നെ ഇവിടെനിന്നു കൊണ്ടുപോകുമ്പോഴല്ലാതെ ഞാൻ ഇവിടെനിന്നു പുറത്തിറങ്ങുകയില്ല."

സലിമിനുണ്ടായ അസ്വാസ്ഥ്യം സീമാതീതമായിരുന്നു. സലിം പറഞ്ഞു:— എന്തു ഭ്രാന്താണിതു്? ഒരു ദുഷ്ടന്റെ വിധി അനുഭവിക്കാൻ ഞാൻ നിന്നെ ഇവിടെ വിട്ടുപോകയില്ല."

സലിം അവളെ പിടിച്ചു വലിച്ചു് എഴുന്നേല്പിക്കാൻ ശ്രമിച്ചു. എന്നിട്ടും അവൾ എഴുന്നേററില്ല. "വിധിച്ചതു വരും" എന്നുപറഞ്ഞു് അവൾ പിന്നെയും കിടന്നു. സലിമിനു കോപവും വ്യസനവും സ്നേഹവും നിമിത്തം കണ്ണുകാണാതായി. അയാൾ പറഞ്ഞു:— ഇതിനൊക്കെ സമാധാനം പറവാൻ ഇപ്പോൾ സമയമില്ല. എന്റെ അച്ഛൻ ഒരു മഹാ ക്രൂരനാണു്. ഈവക തോന്ന്യാസങ്ങൾക്കു് ഞാൻ കീഴടങ്ങുകയില്ല. ഈ കാൎയ്യത്തിൽകൂടി എന്റെ ഇഷ്ടംപോലെ പ്രവൎത്തിപ്പാൻ അച്ഛൻ സമ്മതിക്കുന്നില്ലല്ലൊ. ആട്ടെ. ഡൽഹിയിലെ സിംഹാസനം എല്ലാ കാലത്തും ഒരു ചക്രവൎത്തിക്കായിട്ടുള്ളതല്ല. ഒരുകാലത്തു ഞാൻ സിംഹാസനാരോഹണം ചെയ്യും!"

അനാൎക്കലി ഇതൊക്കെ കേട്ടുവെങ്കിലും ഒരക്ഷരം മിണ്ടാതെ കിടന്നതേ ഉള്ളു. സമയം നഷ്ടമായിപ്പോകുന്നതിനെപ്പററി സലിം വളരെ വ്യസനിച്ചു. പുറപ്പെടാനായി വീണ്ടും വീണ്ടും അയാൾ അനാൎക്കലിയോടു് അപേക്ഷിച്ചു. അവളുടെ നിശ്ചയത്തിനു് ഒരിളക്കവുമുണ്ടായില്ല. ഒടുവിൽ സലിം പറഞ്ഞു:— അനാൎക്കലി, എന്താണു്, പുറപ്പെടുകയില്ലേ? നീ ഇല്ലെങ്കിൽ ഞാൻ ജീവിച്ചിരുന്നിട്ടു് എന്താണു് ഫലം? നീ വരുന്നില്ലെങ്കിൽ ഞാനും ഈ മുറിയിൽ തന്നേ കിടക്കുകയാണു്."

ഇതു് കേട്ടപ്പോൾ അനാൎക്കലിയുടെ നിശ്ചയത്തിനു് ഒരിളക്കം തട്ടി. "ഇപ്പോൾ നേരമധികമായില്ല, ഇനി നമുക്കാരും അറിയാതെ പോകാൻ സാധിക്കുമോ" എന്നവൾ പതുക്കെ ചോദിച്ചു. സലിം അക്കാൎയ്യത്തിൽ ഉറപ്പുപറയുകയും, അവളെ പിടിച്ചെഴുന്നേല്പിക്കുകയും, ഉടനെ രണ്ടുപേരുംകൂടി പുറപ്പെടുകയും ചെയ്തു.

പെട്ടെന്നു് ഒരാൾ വാതലിൽ മുട്ടി, അതിനെ തള്ളിത്തുറന്നു് പരിഭ്രമത്തോടുകൂടി അകത്തേക്കു് ഓടി എത്തി. കിതപ്പുമാററിയ ശേഷം അയാൾ പറഞ്ഞു:— "തിരുമേനി, ചക്രവൎത്തിതിരുമനസ്സുകൊണ്ടു് ഈവഴിക്കു എഴുന്നള്ളുന്നുണ്ടു്."

സലിം പരിഭ്രമിച്ചു്, എന്താണിപ്പോൾ വേണ്ടതെന്നു ചോദിച്ചു.

വന്നവൻ— "നില്ക്കാൻ സമയമില്ല. തിരുമേനി ഉടനെ പുറത്തേക്കു് എഴുന്നള്ളണം. പിന്നെ, തിരിച്ചു് എഴുന്നള്ളാം."

സലിം— "പുറത്തു പോയി നില്ക്കൂ, റാഹിംഖാൻ, ഞാനിതാ വന്നുകഴിഞ്ഞു."

സലിം ഉടനെ ഒരു ശിപായിയുടെ ഉ

ടപ്പിട്ട് തയ്യാറായി. അതു് വേഷം മാറാനായി അയാൾ കൊണ്ടുവന്നിട്ടുണ്ടായിരുന്നു. അനാക്കലിയെ ആശ്ലേഷിച്ചു്, അയാൾ പറഞ്ഞു:— പ്രിയേ, ഞാൻ രണ്ടു മിനിട്ടിനുള്ളിൽ വരും. ഒരുങ്ങിയിരുന്നുകൊള്ളൂ.”

അനാക്കലി ഒന്നും മിണ്ടിയില്ല. രക്ഷപ്പെടാമെന്നുള്ള ആശ അവളിൽനിന്നും വളരെ ദൂരെ വിട്ടുമാറിക്കഴിഞ്ഞിരിക്കുന്നു. സലിം വിളക്ക് കെടുത്തി ഉടനെ പോയി. സലിം പോയതോടുകൂടി അനാക്കലിക്കു ഇഹലോകത്തിലെ സകല ആശകളും പോയ്പ്പോയതായിത്തോന്നി. ആ ഇരുട്ടറയിൽ ഏകാകിനിയായ അവൾ കിടന്നുരുണ്ടു.

## VI

തടവുമുറിയിലേക്കു ഒരാളും വന്നില്ല. റാഹിംഖാൻ പറഞ്ഞതു് വെറും വ്യാജമായിരുന്നു. ചക്രവർത്തിയോ വേറെ വല്ലവരുമോ ആ വഴിയെ വരുക ഉണ്ടായില്ല. പിന്നെ എന്തിനാണ് അയാൾ ഈ വ്യാജം പറഞ്ഞതു്? ആയാൾ അറിയാതെ അനാക്കലിയുടെ തടവുമുറിയിൽ ഒരാൾ പ്രവേശിക്കുകയില്ലെന്നു് ചക്രവർത്തിക്കറിയാം. സലിം അവളെ രക്ഷപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നു് റാഹിംഖാൻ ആദ്യം അറിഞ്ഞിട്ടില്ലായിരുന്നു. പുറമെനിന്നു്, ആ കാര്യം അവരുടെ സംഭാഷണങ്ങൾ കേട്ട് മനസ്സിലായപ്പോൾ ആയാൾ പരുങ്ങി. “തല പോകുമല്ലൊ, ഇതറിഞ്ഞാൽ” എന്നു കരുതി ആയാൾ വിറച്ചു. പിന്നെ ആയാൾ ആലോചിച്ചു കണ്ടുപിടിച്ച സൂത്രമാണ് അനാക്കലിയേയും സലിമിനേയും വേർപെടുത്തിയതു്. സലിം ഒരു മുറിയിൽ പോയിരുന്നു. പിന്നെ, സമാധാനമില്ലാതെ ആ രാജകുമാരൻ അങ്ങുമിങ്ങും ചുററി നടക്കുകയായിരുന്നു. അപ്പോഴെക്കു് റാഹിംഖാൻ അവിടെ എത്തി.

സലിം— “അച്ഛൻ തിര്യേ പോയില്ലേ? എന്തിനാണീ അസമയത്തു് ഇവിടെ ഒക്കെ സഞ്ചരിക്കുന്നതു്?”

റാഹിംഖാൻ— “തിരിച്ചെഴുന്നള്ളിയില്ല. തിരുമേനി ഇവിടെയൊക്കെ ചിലപ്പോൾ ചുററിസ്സഞ്ചരിച്ചു പരിശോധിക്കുക പതിവുണ്ട്.”

സലിം— “പോയോ നോക്കി വരൂ.”

റാഹിംഖാൻ ഉടനെ പോയി. കുറെ കഴിഞ്ഞു് മുമ്പറഞ്ഞ മറുപടിയോടുകൂടി തിരിച്ചുവന്നു. സലിം വ്യസനിച്ചും, സമാധാനമില്ലാഞ്ഞും വാടിത്തളർന്നിരുന്നു. അതുകണ്ട് റാഹിംഖാൻ ചോദിച്ചു:— തിരുമേനിക്കു വളരെ ക്ഷീണം കാണുന്നുവല്ലൊ? കുറെ നല്ല സർബ്ബത്തു് കുടിച്ചാൽ ക്ഷീണം മാറും. ഞാൻ കൊണ്ടുവരട്ടെയൊ?”

സലിമിനു ദാഹവും ക്ഷീണവും ഉണ്ടായിരുന്നു. സർബ്ബത്തു് ഉടനെ കൊണ്ടുവന്നു. ആ രാജകുമാരൻ ദാഹം മാറുന്നതുവരെ സർബ്ബത്തു കുടിച്ചു. റാഹിംഖാൻ അതിൽ ചേർത്തിരുന്ന മരുന്നിനെപ്പററി ആ യുവാവ് അറിഞ്ഞതേ ഇല്ല. അതു് മയക്കവും ഉറക്കവും ഉണ്ടാക്കുന്ന ഒരുതരം മരുന്നായിരുന്നു.

സർബ്ബത്തു കുടിച്ച ഉടനെ സലിം ഒരു സോഫയിൽ ക്ഷീണം തീർക്കാനായി കിടന്നു. ആയാൾ പെട്ടെന്നു് തന്നെത്താനറിയാതെ ഉറങ്ങി. പിന്നെ ഉണർന്നതു് അടുത്തദിവസം രാവിലെ ആയിരുന്നു. അ

നാക്ക്ലിയുടെ സ്ഥിതിയെപ്പററി, പിന്നെ ആയാൾ അന്വേഷിച്ചിട്ടെന്താണ് ഫലം? "വിധിപോലെ വരും" എന്നുള്ള അവളുടെ ഉറപ്പ് ഉറപ്പായി.

## VII

കാലം കുറെ കഴിഞ്ഞു. മഹാനായ അക്ബർചക്രവൎത്തി ലോകാന്തരപ്രാപ്തനായിട്ടും കുറച്ചു കാലമായി. സലിം, ജിഹാംഗീർ എന്ന അഭിധാനത്തോടുകൂടി ചക്രവൎത്തിപട്ടം ധരിച്ച് രാജ്യഭരണം ചെയ്തുവരുന്നു. ജിഹാംഗീറിന്റെ പ്രേമപാത്രമായിത്തീൎന്ന നൂർജിഹാൻ അന്തഃപ്പുരകാൎയ്യങ്ങളിലും, രാജ്യകാൎയ്യങ്ങളിലും ചക്രവൎത്തിയുടെ സഹായിയും ഉപദേഷ്ടാവുമായിരിക്കുന്നു. അനാക്ക്ലിയുടെ കഥ എല്ലാവരും തീരെ മറന്നുപോയി. അവൾക്കെന്തു സംഭവിച്ചു? താഴെ പറയുന്ന സംഭവം കൊണ്ട് അക്കാൎയ്യം സ്പഷ്ടമാകും.

ജിഹാംഗീർ ഒരുദിവസം അകത്തെ കൊട്ടാരത്തിന്റെ മുകളിൽ കുറെ സമീപമുള്ള ഒരു തോട്ടത്തിലേക്കു നോക്കി നില്ക്കുകയായിരുന്നു. ഒരുതോട്ടക്കാരൻ കുറെദൂരെ എന്തോ വേല ചെയ്തുകൊണ്ടിരുന്നു. നൂർജിഹാനും അപ്പോൾ അവിടെ വന്നുചേൎന്നു. രണ്ടുപേരും തോട്ടത്തിന്റെ വിശേഷങ്ങളെപ്പററി ഓരോന്നു പറഞ്ഞുകൊണ്ടിരിക്കേ, തോട്ടത്തിന്റെ മറെറാരു ഭാഗത്ത് ഒരു വൃക്ഷത്തിനു സമീപം ഒരു ചെറിയ മൺതിട്ടയുടെ അററത്തിരുന്നു ഒരു സ്ത്രീ കഠിനമായ വ്യസനഭാവത്തിൽ കരയുന്നതു കണ്ടു. നൂൎജ്ജിഹാന് ഉടനെ കാൎയ്യം മനസ്സിലായി. അവർ ചക്രവൎത്തിയുടെ മുഖത്തേക്കു സൂക്ഷിച്ചു നോക്കി.

ജിഹാംഗീർ "ഒരു സ്ത്രീ അതാ ഇരുന്നു കരയുന്നുവല്ലോ. എന്തിനാണത്? അവിടെ ആരെയാണ് അടക്കം ചെയ്തിട്ടുള്ളത്?" നൂർജിഹാൻ— (കുറച്ചുനേരം സംശയിച്ചു) അനാക്ക്ലിയുടെ മാതാവാണത്!

ചക്രവൎത്തിയുടെ മുഖം വിളറി. അദ്ദേഹത്തിനു പൂൎവ്വസ്മരണയുണ്ടായി. താൻ ആദ്യമായി സ്നേഹിച്ച ആ തരുണീരത്നത്തിന്റെ കഥ ഇങ്ങിനെ ആയല്ലോ എന്നോൎത്ത് അദ്ദേഹത്തിന് അപ്പോൾ പരിതാപം ഉണ്ടായി. അനാക്ക്ലിയുമായി സ്നേഹിച്ചതിന്റെ ശേഷം അദ്ദേഹം ആരെയൊക്കെ സ്നേഹിച്ചു, എന്തൊക്കെ അനുഭവിച്ചു. ആ കഥകളുടെ ഇടയിൽ അനാക്ക്ലിയെ അദ്ദേഹം തീരെ വിസ്മരിച്ചുവെങ്കിലും ഇപ്പോൾ കണ്ട കാഴ്ച അദ്ദേഹത്തിന്റെ മനസ്സിൽ തട്ടി. റഹിംഖാൻ സൎബ്ബത്തു തന്നു മയക്കിയതും ഉറങ്ങിയതും, അടുത്തദിവസം അനാക്ക്ലിയ്ക്ക് മരണശിക്ഷ നൽകിയതുമൊക്കെ അദ്ദേഹം ഓൎമ്മിച്ചു. അനാക്ക്ലിയെപ്പോലെ ഒരു യുവതിയേയും താൻ സ്നേഹിക്കുകയുണ്ടായില്ലെന്നും അദ്ദേഹത്തിനു തോന്നി. അവളെ ഓൎത്തപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകളിൽ വെള്ളം നിറഞ്ഞു. നൂൎജ്ജിഹാനു വാസ്തവം അറിയാമായിരുന്നു.

അടുത്തദിവസം രാവിലെ അനാക്ക്ലിയെ അടക്കിയ സ്ഥലത്ത് ഒരു മണ്ഡപവും, അതിൽ ഒരു സ്മാരകലേഖനവും ചക്രവൎത്തിയുടെ ആജ്ഞാനുസാരം ഉണ്ടാക്കി.

ടി. പി.

## ഭാഷാപദപ്രയോഗവ്യത്യാസം.

ഓരോ ദേശത്തെയും അഭിവൃദ്ധിയേയോ അനഭിവൃദ്ധിയേയോ ചൂണ്ടിക്കാണിക്കുന്ന പ്രധാനകാരണങ്ങളുടെ കൂട്ടത്തിൽ അവിടവിടെ ഉപയോഗത്തിലിരിക്കുന്ന ഭാഷകളും സംബന്ധിക്കുന്നതാണ്. ലോകത്തിന്റെ ആദിമദശയിൽതന്നെ അനവധി സൌകര്യലാഭങ്ങളെ ലാക്കാക്കി പല ഭാഷകളും ഉത്ഭവിച്ചിട്ടുണ്ടെന്നതിന് എത്രയോ രേഖകൾ സാക്ഷ്യങ്ങളായി സ്ഥിതിചെയ്യുന്നുണ്ട്. തങ്ങൾക്ക് ഈശ്വരദത്തമായി സിദ്ധിച്ചിട്ടുള്ള വിശേഷബുദ്ധിയെ നവംനവങ്ങളായ സംഗതികളിലേക്കു നയിക്കുവാൻ ഭാവിച്ചപ്പോഴെല്ലാം ഭാഷകൾ ക്രമേണ ജനങ്ങളുടെയിടയിൽ വർദ്ധിക്കുവാനാരംഭിച്ചു. ഭൂലോകത്തിന്റെ നാനാഭാഗങ്ങളിലും ഒന്നുപോലെ വ്യാപരിച്ചിട്ടുള്ള ഇംഗ്ലീഷുഭാഷയെ ഒഴിച്ചാൽ, മനുഷ്യരെ വേർതിരിച്ചറിയുന്നതിനോ എന്നു തോന്നുമാറ് ഇരുനൂററി എഴ ഭാഷകൾ ഇപ്പോൾ പ്രചാരത്തിലിരിക്കുന്നുണ്ടെന്നു കാണാം. ഇങ്ങനെ കൃത്രിമമായും അകൃത്രിമമായും ജനിച്ച് ഉപകാരത്തെ ചെയ്തുകൊണ്ടിരിക്കുന്ന സർവ്വഭാഷകളെയും ഓരോ കാലത്ത് അതതിന്റെ മേൽനോട്ടക്കാർ പരിഷ്കരിക്കുന്നതിനും ശ്രമിച്ചുവന്നിരുന്നു.

കേരളീയരായ നമ്മുടെ പൊതുസ്വത്തും മാതൃഭാഷയും മലയാളമാണല്ലോ. കൃതജ്ഞതയും ഔദാര്യവുമുള്ള പല മഹാന്മാരും മലയാളഭാഷയുടെ ആഗമത്തെയും അതിന്റെ കേടുപാടുകളേയും നമുക്കു കാട്ടിത്തരാതെയുമിരുന്നിട്ടില്ല. എങ്കിലും ഭാഷാപോഷണം വരേണ്ടതെല്ലാം വന്നുകഴിഞ്ഞു എന്നു നമുക്കു വിശ്വസിച്ചാനന്ദിക്കുവാനുള്ള സമയം ഇനി ദീർഘിച്ചിരിക്കുന്നതേയുള്ളു. കഴിയുന്നത്ര നൂതന അറിവുകളെയുണ്ടാക്കികൊടുത്തു ഭാഷയെ പോഷിപ്പിച്ചുകൊണ്ടിരുന്ന വിശാലഹൃദയന്മാരിൽ ഒട്ടു മുക്കാലും പരലോകഗതന്മാരായതു ഭാഷാഭിവൃദ്ധിക്ക് ഒരു വലിയ പ്രതിബന്ധമായിട്ടാണിരിക്കുന്നത്. പക്ഷെ, അത്യാപത്തുകളിൽ ധൈര്യമവലംബിക്കേണ്ടതു പുരുഷഹൃദയത്തിനു യോജിച്ചതാകയാൽ അപ്രകാരം കരുതി, നമ്മുടെ ഭാഷാപോഷയെ സംരക്ഷിക്കുന്നതിനു തക്ക ശക്തിയുള്ളവരുടെ വരവിനെ പ്രതീക്ഷിച്ചിരിക്കുക എന്നതാണ് നാം മേലിൽ ആശ്രയിച്ചിരിക്കേണ്ട പ്രധാന കൃത്യം. ഇങ്ങനെ നോക്കിയാൽ ഭാഷയുടെ അനഭിവൃദ്ധിക്കുള്ള അനേകം സംഗതികളെ വിസ്തരിച്ചു പറയാമെന്നിരിക്കിലും അതെല്ലാം നമ്മുടെ പ്രകൃതവിഷയത്തിന് യോജിക്കാത്തതായിരിക്കുന്നതുകൊണ്ട് അക്കാര്യങ്ങൾ തല്ക്കാലം അങ്ങനെതന്നെ നിന്നുകൊള്ളട്ടെ.

മുദ്രാലയങ്ങളുടെയും അച്ചടിസാമഗ്രികളുടെയും വർദ്ധനവുകൊണ്ട് മലയാളഭാഷയിൽ സാഹിത്യസംബന്ധമായും മററും പലേ ഗ്രന്ഥങ്ങളും ഈ അടുത്തകാലത്തുണ്ടായിട്ടുണ്ട്. ഇവയിൽ ഒട്ടധികവും അ

ക്ഷരവീഴ്ചകളില്ലാതെ പുറത്തായിട്ടില്ലെന്നു പറയുന്നതിൽ എനിക്കു വളരെ ലജ്ജയും വ്യസനവും തോന്നുന്നു. വ്യാകരണസംബന്ധമായും വേറെപ്രകാരേണയും ഭാഷയെ സഹായിക്കുന്നതിനു ശക്തിയും പ്രാഭവവുമുള്ളവരുടെ കൃതികളിൽപ്പോലും അക്ഷരപ്പിശകുകൾ പററിക്കാണുന്നതു് ആശ്ചര്യകരമാണല്ലോ. ഇതിനുള്ള പ്രധാനകാരണം, എഴുത്തുകാരുടെയും അച്ചടിക്കാരുടെയും പ്രമാദമാണെന്നു കുറെ പര്യാലോചിച്ചശേഷം ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. എഴുതിക്കൊടുക്കുന്നതുപോലെ ചേർത്തു അച്ചടിക്കുന്ന മുദ്രാലയങ്ങൾ മലയാളത്തിലില്ലെന്നു പ്രസ്താവിച്ചാൽ അതിശയിക്കുന്നവർ, എഴുതിക്കൊടുക്കുന്നതിൽ സ്വയമേവ ചില അബദ്ധപദക്ഷേപണങ്ങൾ ചേർക്കുന്ന മുദ്രാലയങ്ങൾ കേരളത്തിലുണ്ടെന്നറിയുമ്പോൾ എത്രമാത്രം അത്ഭുതപ്പെടുവാനിരിക്കുന്നു! അച്ചടിക്കുന്ന ഇനത്തിൽ പുസ്തകങ്ങളെയും, പത്രങ്ങളെയും, മാസികകളെയുമാണു് പ്രത്യേകം ദൃഷ്ടിവച്ചു് ആളുകൾ വിചാരണ ചെയ്യാറുള്ളതു്. ഇവ അന്യഭാഷകളിൽ അച്ചടിക്കുമ്പോൾ തെററുകളൊന്നുമുണ്ടാകാത്ത സ്ഥിതിക്കു് മലയാളത്തിനു മാത്രം ഈ 'ദുർദ്ദശാവൈഭവം' വന്നു ചേരുന്നതു കഷ്ടതരമല്ലയോ?

തങ്ങൾ പ്രയോഗിക്കുന്ന ഭാഷയിലുള്ള പദങ്ങളുടെ ഘടന ഇന്നപ്രകാരത്തിലിരിക്കുമെന്നും അവയുടെ അർത്ഥം ഇന്നതായിരിക്കുമെന്നും ചിലർ അശേഷം ഗൌനിക്കാതെയാണു് എഴുതുവാൻ ഭ്രമിക്കുന്നതു്. 'പ്രസ്താവന' എന്നതിനു പകരം 'പ്രസ്ഥാപന, പ്രസ്ഥാവന' എന്നിങ്ങിനെ എഴുതിവരുന്നതായി കാണുന്നുണ്ടല്ലോ. ഇതുപോലെ 'പ്രവൃത്തി' എന്ന നാമപദം ഉപയോഗിക്കേണ്ട ദിക്കിൽ 'പ്രവത്തി' എന്ന ക്രിയാപദത്തെ പ്രയോഗിക്കുന്നതും അസാധാരണയല്ല. 'മുൻപെട്ടു്' എന്നതിനു് 'മുമ്പൊട്ടു്', 'മുൻപോട്ടു്' എന്നിപ്രകാരവും നമ്മുടെ എഴുത്തുകാർക്കു പ്രയോഗിക്കുവാൻ വളരെ സാമർത്ഥ്യമുണ്ടു്. 'ആണെങ്കിൽ' എന്നു വേണ്ടിടത്തു് 'ആണങ്കിൽ' എന്നും 'ആണല്ലൊ' എന്നു ചേർക്കേണ്ടിടത്തു് 'ആണെല്ലൊ' എന്നും "[illegible] എടുത്തവർ" പ്രദർശിപ്പിച്ചിരിക്കുന്നു. തടസ്ഥം, തടസ്സം, തടസ്തം എന്നിങ്ങനെയുള്ള വാക്കുകളിൽ ഏതാണു് ഉപയോഗിക്കേണ്ടതെന്നു ഇനിയും ഈ എഴുത്തുകാർക്കു് അറിവില്ലത്രെ. 'അവസ്ഥ'ക്കു പകരമായി 'അവസ്ത'യേയും 'വിസ്താരം' എന്നതിനു 'വിസ്ഥാര'ത്തെയും 'നിവൃത്തി'ക്കു 'നിവത്തി'യേയും ഓരോ ഘട്ടങ്ങളിൽ ചേർക്കുന്നതും അബദ്ധം തന്നെയാണു്. 'അയയ്ക്കുക' എന്നു വരേണ്ടിടത്തു് 'അയക്കുക' എന്നു ചേർക്കുന്നവരും 'ഇരിക്കുക' എന്നദിക്കിൽ ഇരിയ്ക്കുക എന്നു പ്രയോഗിക്കുന്നവരും ഭാഷയുടെ ചൈതന്യം മനസ്സിലാക്കിയിട്ടില്ലാത്തവരാണെന്നും തീർച്ചയാക്കാം.

ഇപ്പോൾ കോഴിക്കോട്ടും, കൊച്ചിയിലും, തിരുവിതാംകൂറിലും അനവധി വ്യത്യസ്തങ്ങൾ, എഴുതിക്കൂട്ടുന്നതിലുള്ളതായി കാണുന്നു. ഒരു വാചകത്തിൽ 'ചെയ്യുന്നതു' എന്ന വാക്കുകൊണ്ടവസാനിപ്പിക്കേണ്ടതിനു് തിരുവിതാംകൂറിൽ 'ചെയ്യുന്നതു' എന്നും കൊച്ചിയിൽ 'ചെയ്യുന്നതു്' എന്നും കോഴിക്കോട്ടു് 'ചെയ്യുന്നത' എന്നുമാണു് ചേർത്തുവരാറുള്ളതു്. അതേപ്രകാരം അങ്ങനെ, ഇങ്ങനെ എന്ന വാ

ക്കുകൾക്ക് തിരുവിതാംകൂറും മററു മലയാളരാജ്യങ്ങളുമായി അല്പം ഭിന്നിപ്പുണ്ടായിരിക്കുന്നു. അങ്ങനെ, ഇങ്ങനെ എന്ന തമിഴ്പദങ്ങളിൽനിന്നുമാണ് അങ്ങനെ എന്നും ഇങ്ങനെയെന്നുമുള്ള വാക്കുകൾ ഉത്ഭവിച്ചിരിക്കുന്നതു്. ഈ സംഗതിയിൽ തിരുവിതാംകൂർകാരാണ് ശരിയായ പ്രയോഗരീതി ഗ്രഹിച്ചിട്ടുള്ളതെന്നു തോന്നുന്നു. മററുള്ളിടങ്ങളിൽ അങ്ങിനെ എന്നും ഇങ്ങിനെ എന്നും സർവ്വസാധാരണമായിത്തീർന്നിരിക്കുകയാണ്. മലയാളക്കരയിലുള്ളവക്കെല്ലാം ഒന്നുപോലെ യോജിക്കുന്ന പദങ്ങൾക്ക് ഇപ്പോൾ ഉപയോഗിക്കുന്നതിൽ ചില ഭേദഗതികൾ വരുത്തിയാൽ മാത്രം മതി. ഈ ആവശ്യത്തെ പ്രമാണിച്ചു കേരളത്തെ മൂന്നായി ഭാഗിച്ച് അവയ്ക്കു് തെക്കൻകേരളമെന്നും, മദ്ധ്യകേരളമെന്നും, വടക്കൻകേരളമെന്നും നാമങ്ങൾ കല്പിച്ച് ഏതാനും പ്രയോഗവ്യത്യാസങ്ങളെ ചൂണ്ടിക്കാണിക്കാമെന്നു വിചാരിക്കുന്നു. തെക്കൻകേരളത്തിലുപയോഗിക്കാവുള്ള പദങ്ങൾ നീട്ടിയും, മദ്ധ്യകേരളത്തിലുള്ളവ ചുരുക്കിയും, വടക്കൻകേരളത്തിലുള്ളവ വളരെ ചുരുക്കിയുമാണല്ലോ എഴുത്തിലും സംസാരത്തിലും പ്രതിഫലിപ്പിക്കുന്നതു്. ഉദാഹരണമായി 'ആകുകയില്ല' എന്ന പദത്തെത്തന്നെ എടുത്തുനോക്കാം. ഇതു് തെക്കൻകേരളത്തിൽ ഏകദേശം ശരിയായിട്ടും, മദ്ധ്യകേരളത്തിൽ 'ആകുകില്ല'ന്നും വടക്കൻകേരളത്തിൽ 'ആകില്ലെ'ന്നു

ചെങ്ങന്നൂർ

മാണ് ഉപയോഗിച്ചുകാണുന്നതു്. അർത്ഥപുഷ്ടിക്കും ഭാഷാപോഷണത്തിനും ഇങ്ങനെയുള്ള വ്യത്യാസം ഒരു പ്രകാരത്തിലും സഹായമായിത്തീരുന്നതല്ല. പരിശ്രമിച്ചാൽ എത്രയും വേഗത്തിൽ ഉദ്ദിഷ്ടസിദ്ധി വരുന്ന ഇക്കാര്യത്തിൽ കേരളീയരായ എഴുത്തുകാർ മുഖ്യമായി ശ്രദ്ധിക്കുന്ന പക്ഷം മലയാളഭാഷയുടെ വളർച്ചയ്ക്കും ഏകരീതിത്വത്തിനും ഉപകാരമാകുന്നതാണ്. ആധുനികഭാഷാപദപ്രയോഗവ്യത്യാസങ്ങളെ കുറിച്ച് ഇനിയും ഒട്ടുവളരെ വിസ്തരിച്ചുപറയുവാനുണ്ടെങ്കിലും തല്ക്കാലത്തെ അസൌകര്യംകൊണ്ടു ചുരുക്കുകയാണ് ചെയ്യുന്നതു്.

പദങ്ങളുടെ ഘടനയിലും മററും സ്ഖലിതങ്ങളുണ്ടാകുന്നതു് എഴുത്തുകാരുടെയും അച്ചടിക്കാരുടെയും പ്രമാദത്താലാണെന്നു മുകളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഇതെഴുതുന്ന ആളിന്റെ ആദ്യകാലത്തെ ചില കൃതികളിൽ കുറെ ഭാഗങ്ങൾ നോക്കിയാൽ പ്രമാദംകൊണ്ടു ഭാഷയെ മലിനീകൃതമാക്കുന്നതെപ്രകാരമാണെന്നു ബോദ്ധ്യപ്പെടും. ഇനിമേൽ എഴുതുന്ന നമ്മുടെ എഴുത്തുകാർക്കെങ്കിലും ഈവക തകരാറുകൾ സംഭവിക്കരുതേന്നും മലയാളമുദ്രാശാലക്കാർ അച്ചടിക്കുന്നതിൽ വേണ്ട നിഷ്കർഷ വയ്ക്കണമെന്നും ഉദ്ദേശിച്ചാണ് ഈ ലേഖനത്തിന് ഞാൻ ഉദ്യമിച്ചതു്. ഭാഷയ്ക്കു അത്യന്താപേക്ഷിതമായുണ്ടാകേണ്ട ഏതാനും സംഗതികളെക്കൂടി സൌകര്യംപോലെ എഴുതി സഹജീവികളെ ഗ്രഹിപ്പിക്കാവുന്നതാണ്.

പി. എസ്സ്. പൊന്നപ്പൻപിള്ള.

## “ഉദ്യാനത്തിലെ തേന്മാവ്”

ഭീമശ്മശാനമതിൽനീവിരലിൻഘനത്തി-
ലാമേനിപൂണ്ടിരുദളങ്ങൾവഹിച്ചുമന്നം
ശ്രീമാഞ്ഞിരുണ്ടഥമെലിഞ്ഞുവളർന്നനാളി-
ലീമന്നിലാശിശുതയാക്കഴലേകിടാത്തു? (൧)

ഘോരാതപങ്ങൾ, മഴ, മഞ്ഞു, തണുത്തകാററു,-
മാരോഗ്യഹാരി ശവധൂമവുമേററുപാരം
നീരക്ഷയററഗതിയായിവസിച്ചുതിങ്ക-
ലാരാൽതൃണങ്ങളൊട്ടുചേർന്നവലംബമെന്ന്യേ. (൨)

കൂകുന്നുഝില്ലികളഹോ! തടവററ,ഭീതി-
യേകുന്നി,രുട്ടുതടവുന്നു, സുഷുപ്തിപോലേ;
ഏകാന്തമാമവിടെയെങ്ങിനെനീവളർന്നു?
മാകന്ദമേ! വിധിവിലാസമവേദ്യമത്രേ. (൩)

“ഏതോരുരസാലരസികൻമനോജ്ഞബീജ-
ഭൂതൻഭവാ”നിതറിയാമൊരുനോക്കിലാർക്കും
ആതങ്കമോടൊരുമനോഹരഭാഗ്യചിഹ്ന-
മേതോ,നിനക്കുടലിലങ്ങിനെമിന്നിനിന്നു. (൪)

എന്നാലുമന്നധികമായ് വ്യഥയാണുനിന്നു-
നിന്നിൽത്തുടിപ്പതുതിരോഹിതകാന്തിയായി;
ഒന്നൊന്നിടയ്ക്കുവെളിവായ് പുരുഭാഗ്യലക്ഷ്മി-
മിന്നു,ന്നിരുട്ടിൽ നദിതൻധവളരേഖപോലെ. (൫)

വന്മാവുനിന്നെയുളവാക്കിയുടൻവെടിഞ്ഞു
ജന്മസ്ഥലം, ചുടലയായതുവാശ്രുവിട്ടു
ഉന്മത്തരായശവ ദാഹികളിൽക്കനിഞ്ഞു
നന്മയ്ക്കുവേണ്ടിയുടലഗ്നിയിലിട്ടുപോയാൻ. (൬)

സ്വാർത്ഥംവെടിഞ്ഞമലനാശ്രവണാധിനാഥ-
നിത്ഥംനശിച്ചതറിയാത്തതിൽ നീസുഖിച്ചു!
ഓർത്താൽശിശുത്വമൊരനുഗ്രഹമായ് നിനക്കു
ചേർത്തന്നുദൈവ, മഴലൊട്ടറിയാത്തവണ്ണം. (൭)

പാലിപ്പതിന്നധികമാളുകൾകൂടെയുണ്ടെ-
ന്നാലും വരേണ്ടതുവരുന്നുജഗത്തിലാർക്കും;
ഈലീലകർമ്മകൃതമാ,ണഥവാ-വിപത്തു
മാലേകുമെങ്കിലതനുഗ്രഹമാമൊരിക്കൽ. (൮)

ഇത്ഥംവി,ലാത,വിഭവകമുദിക്കിലുംഹാ!
കത്തുന്നചിത്ത മഴലാൽത്തുറവിക്കുപോലും,
ഉൾത്താപമൊന്നുമറിയാത്ത ഭവാന്റെബാല-
മെത്തേണമെന്നുകൊതിയുള്ളവരെത്രയുണ്ടാം? (൯)

ബാലത്വവും, യുവതയും, നയനാഭിരാമ്യം
ചാലേകൊടുക്കുമതിമോഹനസാധനങ്ങൾ;
ചേലാർന്നരണ്ടുമിഹ കാര്യ്യവശാൽധരിപ്പാൻ
ലോലൻവയോധികനതിസ്പൃഹയാളുവാകാം. (൧൦)

കർത്തവ്യകർമ്മസുഹിതൻ നിജജീവിതത്തി-
ലത്യുത്തമുന്നതപദസ്ഥിതനായിവന്നാൽ
മെത്തുംപ്രഭാവലികൾ, ശൈശവയൌവനങ്ങ-
ളിത്യാദികൾക്കടിയിലായിവലഞ്ഞുവാഴാം. (൧൧)

എന്തൊരുഭവാൻ കഠിനസങ്കടമാമൊഴുക്കിൽ
നീന്തുന്നകണ്ടകരയാത്തൊരു ദുഷ്ടനേതാ?
എന്താണു! കൊച്ചുതരുനട്ടുനനയ്ക്കുശീല-
മേന്തുന്നവന്റെകഥ? യെങ്ങിനെവിസ്മരിക്കും? (൧൨)

ചുററിപ്പരന്നകടുകണ്ടകരാജിചേർന്നു
കാററിൽചലിച്ചചെറുതാം ചെടിലീലയാടാൻ
മുററംവിളിപ്പതുകണക്കരികിൽച്ചെറുത്തു
പററിച്ചുനിന്നെയതുമുള്ളുകൾകൊണ്ടുകഷ്ടം! (൧൩)

“നിന്നച്ഛനാംമഹിതചൂതവരന്റെദിഷ്ട-
മൊന്നോർത്തുഞങ്ങളവനെശ്ശരണീകരിച്ചു
ഇന്നെങ്ങുഞങ്ങ?ളവനെങ്ങു?ഭവാനുമെങ്ങാ?-
ണെന്നുംവരാം നിലകളൂഴിയിൽമാറിമാറി. (൧൪)

സന്തോഷമായ് തലകുലുക്കിവിളിച്ചുദൈന്യ-
മേന്തുന്നഞങ്ങളെയഹോ! ബഹുസൽക്കരിക്കും
സന്താനതുല്യനവ, നാ,നവപല്ലവത്താൽ;
ചിന്തിക്കിൽഞങ്ങളുടെവംശമവൻബ്ഭരിച്ചു (൧൫)

ആയാസമോടുകഠിനാതപമേററുപാന്ഥ-
രായാതരായ് ധൃതിവെടിഞ്ഞുജലോത്സുകന്മാർ
ഛായാഭിരാമസുഖശീതളനാമവന്നു
കായാർപ്പണത്തൊട്ടു ജയധ്വനിയെത്രയോതി? (൧൬)

ധൎമ്മങ്ങൾചെയ്തു പരിപാവനനാംപിതാവു
ശൎമ്മങ്ങൾപോയവഴിയിൽത്തുടരട്ടെമേന്മേൽ!
മൎമ്മംപിളൎന്നുഗതിയററസുഹൃത്തുകൾക്കു
ദുൎമ്മാൎഗഹാരിയുളവാകണമാത്മസൌഖ്യം. (൧൭)

ആശാസ്യമാണിതു കൃതജ്ഞതപൂണ്ടഞങ്ങൾ,-
ക്കീശാജ്ഞയാണിനിമഹത്തരമാം പ്രമാണം,
നീശാന്തനാണിവിടെ ദുൎവ്വിധിയേല്ക്കിലുംഹാ!
നാശംവരാതുലകിൽവാഴുക ഭാഗ്യവാനായ ! (൧൮)

എന്നൊക്കെയാസരസകോകിലഗായകന്മാ-
രന്നോതിനിന്നു ദയനീയതരസ്വരത്തിൽ
അന്യങ്ങളാംചെറിയ ശാഖികൾകാററിലാഞ്ഞു
നിന്നെത്തലോടിമൃദുശാഖകൾകൊണ്ടുമപ്പോൾ (൧൯)

പൂവിട്ടുനിന്നവനവല്ലികൾനൃത്തമിട്ടു
സേവിച്ചുവന്നരികിൽനിന്റെ, മനംമയക്കാൻ
ഭാവിച്ചുവെങ്കിലുമതിൽഫലമില്ല,തമ്മി-
ലാവാംവയസ്സുകളിണങ്ങിയതെങ്കിൽമൈത്രി. (൨൦)

കാലംതിരിഞ്ഞുവരുമെങ്കിലു,മിപ്രപഞ്ചം-
ഹാ!ലോലമെങ്കിലു,മതിൻനിയമങ്ങൾമാറാ
ബാലതപവും വിഷയരാഗവുമിഷ്ടഭാവ-
മേലാ,യുവാവിലടവററുപാഞ്ഞടുക്കും. (൨൧)

ഏകസ്ഥലത്തിൽമരുവുന്നവയെങ്കിലുംഹാ!
ശോകംനിനക്കു, സുഖമന്യലതാദികൾക്കും
ഓകസ്സുകഷ്ടതരമല്ല,തുജന്മഭൂമി-
യാകുന്നതിൽപരിചയിച്ചവർനിങ്ങളല്ലിം? (൨൨)

(തുടരും)

—എൻ. കേ. കേരളപണ്ഡിതൻ.

## അക്ക്ബർ ചക്രവൎത്തിയെ പററിയുള്ള ചില കഥകൾ.

അക്ക്ബർചക്രവൎത്തിയെ ചെറുപ്പത്തിൽ ശുശ്രൂഷിച്ചു വളൎത്താൻ വളരെ ധാത്രികൾ ഉണ്ടായിരുന്നവരിൽ ജിജി എന്നു പേരായ ധാത്രിയെ ഒഴിച്ചു മററുള്ളവരോടൊക്കെ കുട്ടിക്ക് അത്യന്തം വെറുപ്പായിരുന്നു. എന്നാൽ ജിജിയെ കുട്ടി ഒരുനിമിഷമെങ്കിലും വിട്ടുപിരിഞ്ഞില്ല. ഇതുനിമിത്തം ആ സ്ത്രീയോടു മററുള്ള ധാത്രിമാൎക്ക് അസൂയ ഉണ്ടായി. അക്ക്ബരുടെ പിതാവായ ഹുമയൂൻചക്രവൎത്തിയോടു വല്ല നുണയും പറഞ്ഞുകൊടുത്തു ജിജിയെ പിരിച്ചയക്കാനുള്ള വിദ്യ നോക്കണമെന്നു അവർ കരുതി. ജിജി ഒരു മന്ത്രവാദിനിയാണെന്നും അവൾക്ക് വശീകരണവിദ്യയറിയാമെന്നും അതിനെ ഉപയോഗിച്ചാണ് അവൾ കുട്ടിയെ വശീകരിച്ചതെന്നും ഇവരിൽ പലരും ചക്രവൎത്തിയോടു പറഞ്ഞു. ജിജി ഇങ്ങിനെ വശീകരണവിദ്യ ചെയ്യുന്നതു് തന്റെ കണ്ണുകൊണ്ടു് കണ്ടുവെന്നു് പറവാൻ പോലും ഒരു സ്ത്രീ ധൈൎയ്യപ്പെട്ടു. കൊട്ടാരത്തിൽ രഹസ്യം അരങ്ങാടിയിൽ പാട്ടാണല്ലൊ. തന്നെക്കൊണ്ടു് ചക്രവൎത്തിയോടു ഇങ്ങിനെ ദുഷി പറയുന്നുണ്ടെന്ന വിവരം ജിജി അറിഞ്ഞുവശായി. ഒരുദിവസം ജിജി കുട്ടിയെ മടിയിൽ വെച്ചുകൊണ്ടിരിക്കുമ്പോൾ കുട്ടി ആ സ്ത്രീയോടു ഇങ്ങിനെ പറഞ്ഞുപോൽ:- "ശത്രുക്കളുടെ ദുഷികൊണ്ടും കുസൃതികൊണ്ടും നിങ്ങൾ വ്യസനിക്കേണ്ട. നിങ്ങൾ ആരെയാണ് മടിയിൽ വെച്ചിരിക്കുന്നതെന്നറിയുന്നില്ലേ? ഭൂമിയിൽ, ദൈവത്തിന്റെ പ്രതിനിധിയായ എന്നെ അ

ല്ലേ? ഏതായാലും തക്ക അവസരം വരുന്നതുവരെ ഞാനീ പറഞ്ഞതു് ആരെയും അറിയിക്കരുതു്." അന്നു കുട്ടിക്കു് ഒരു വയസ്സു തികഞ്ഞിരുന്നില്ല പോൽ! ഈ കഥ എഴുതിയതു് അബൂൽഫാസൽ ആണു. അദ്ദേഹത്തോടു് ആ ധാത്രിതന്നെയാണു് ഇതു പറഞ്ഞതെന്നു പ്രസ്താവിച്ചിരിക്കുന്നു. അക്ക്ബർ ഈശ്വരാംശമാണെന്ന നിലയിലായിരുന്നു അബൂൽഫാസൽ അദ്ദേഹത്തെപ്പററി ചരിത്രത്തിൽ പ്രസ്താവിച്ചിരുന്നതു്, ഈവിധം പല കഥകളും അബൂൽഫാസൽ അക്ക്ബരെപ്പററി എഴുതീട്ടുണ്ടു്. മറെറാന്നിതാ:— ഒരിക്കൽ അക്ക്ബർ, ചെറിയകുട്ടിയായ കാലത്തു് മററു ചിലരോടുകൂടി ഡില്ലിക്കു് സമീപം ഒരുകാട്ടിൽ നായാട്ടിന്നു പോയി. ഒന്നിച്ചു ജിജിയുടെ പുത്രനായ തൻെറ ദത്തുസഹോദരനും ഉണ്ടായിരുന്നു. കാട്ടിൽ അതിഭയങ്കരമായ ഒരു പാമ്പിനെ കണ്ടു. കണ്ട ഉടനെ രാജകുമാരൻെറ അനുചരന്മാരൊക്കെ ഭയപ്പെട്ടു ജീവരക്ഷക്കായി ഓടി, എന്നാൽ അക്ക്ബാരാകട്ടെ ലേശമെങ്കിലും കുലുങ്ങാതെ, പാമ്പിൻെറ വാൽ കടന്നുപിടിച്ചു, അതിനെ സംഹരിച്ചു. മററുള്ളവരൊക്കെ ഇതു് കണ്ടു വളരെ വിസ്മയിച്ചുവെന്നു പറയേണ്ടതില്ലല്ലൊ. ഈ വർത്തമാനം അറിഞ്ഞപ്പോൾ കുട്ടിക്കു് ഇത്ര ധൈര്യമുണ്ടായതെങ്ങിനെയെന്നു മനസ്സിലാക്കാൻ ഹുമയൂന്നിന്നു സാധിച്ചില്ല പോൽ.

ഹുമയൂന്നിന്നു് ആസ്ക്കാരി എന്നു പേരായി ഒരു സഹോദരൻ ഉണ്ടായിരുന്നു. അദ്ദേഹം ചക്രവർത്തിയുമായി ഇടഞ്ഞു ഒരു രാജദ്രോഹിയായിത്തീർന്നു. ആസ്ക്കാരി എങ്ങിനെയോ ബാലനായ അക്ക്ബരെ തടവുകാരനായി പിടിച്ചു. രാജകുമാരനെ ആമഹാപാപി കൊന്നുകളയുമെന്നുതന്നെ ജനങ്ങളൊക്കെ ഭയപ്പെട്ടു. അക്ക്ബരെ തൻെറ അടുക്കൽ കൊണ്ടുവന്നപ്പോൾ ആസ്ക്കാരി അത്യന്തം ക്രൂരതയോടും ദേഷ്യത്തോടും കുട്ടിയെ നോക്കിയെങ്കിലും ബാലൻ അശേഷമെങ്കിലും കുലുങ്ങാതെ ഇളയച്ഛൻെറ കഴുത്തിലുണ്ടായിരുന്ന സ്വർണ്ണമാല പിടിച്ചുപറിക്കാൻ ശ്രമിച്ചു. കുട്ടിയുടെ ഭയമില്ലായ്മ കണ്ടിട്ടു് ആസ്ക്കാരി വിസ്മയിക്കുകയും മാല കുട്ടിക്കു സമ്മാനിക്കുകയും അവനെ സ്നേഹിക്കുകയും ചെയ്തു.

അക്ക്ബരുടെ ആദ്യത്തെ ഗുരുവും, സെക്കന്തർസൂർ എന്ന രാജാവിൻെറ കീഴിൽ ഒരു യോദ്ധാവും ആയിരുന്ന ഹെമു എന്ന ഹിന്ദു ഒടുവിൽ അക്ക്ബരുമായി ഇടയുകയും കുറെ സേനകളോടുകൂടി ഡില്ലിനഗരത്തെ പിടിച്ചടക്കാൻ ചെല്ലുകയും ചെയ്തു. അപ്പോൾ അക്ക്ബർ പഞ്ചാബിൽ ആയിരുന്നു. രാജപ്രതിനിധിയായ ഖാനാൻഖാൻ എന്ന ആൾ അക്ക്ബരോടു് ഉടനെ കാബൂളിലെക്കു് ഓടി രക്ഷപ്രാപിപ്പാനും അവിടെവെച്ചു് വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്തശേഷം ഹെമുവോടു യുദ്ധംചെയ്യാമെന്നും ഉപദേശിച്ചു. ഓടിഒളിക്കാനുള്ള ഉപദേശത്തെ അക്ക്ബർ കേവലം പുഛിക്കയും തൻെറ വാൾ ചുഴററിക്കൊണ്ടു് ഇങ്ങിനെ പറയുകയും ചെയ്തു. "ഒന്നുകിൽ എനിക്കു് താഖ്ത്തു് (സിംഹാസനം) കിട്ടണം; അല്ലെങ്കിൽ തക്തയിൽ (ശവപ്പെട്ടി) കിടക്കണം. രണ്ടാലൊന്നു് ഇതിനോടുകൂടി തീർച്ചയാക്കണം." ഇങ്ങിനെ ഖാനാൻഖാനെയും മററു ഭടന്മാരെയും കൂടി പാനിപ്പത്തിൽവെച്ചു ഹെമുവുമായി യുദ്ധം ചെയ്തു അയാളെ തോല്പി

ച്ചു തടവുകാരനായിപ്പിടിച്ചു. ഹെമുവെ രാജസന്നിധിയിൽ ഹാജരാക്കിയപ്പോൾ അവനെ സ്വന്തം കൈകൊണ്ടു വെട്ടികൊല്ലണമെന്നു ഖാനാൻഖാൻ അഭിപ്രായപ്പെട്ടു. കീഴടങ്ങിയ ഒരു ശത്രുവിനെ താൻ കൊല്ലുകയില്ലെന്നു അക്ബർ പറഞ്ഞ ഉടൻ ഖാൻ എഴുന്നേററു ഒരൊററ വെട്ടിനു ഹെമുവിൻെറ തലയും ഉടലും വേർപെടുത്തികളഞ്ഞു.

കൊട്ടാരത്തിൽ അബ്ദുൾവാററ എന്നുപേരായ ഒരു ചെറിയ ഉദ്യോഗസ്ഥൻ ഉണ്ടായിരുന്നു. അയാളുടെ ഭാര്യ വേറൊരു സ്ത്രീയോടൊപ്പം പലപ്പോഴും ചക്രവൎത്തിയുടെ അന്തഃപ്പുരത്തിൽ പോയി രാജ്ഞിമാരെ കാണുക പതിവുണ്ടു്. ഈ സ്ത്രീയേ ഒരുദിവസം എങ്ങിനെയൊ അക്ബർ കണ്ടുപോയി. അവളുടെ സൌന്ദൎയ്യാതിരേകത്തിൽ വലഞ്ഞു ഉടനെ അബ്ദുൾവാററയെ വരുത്തി തൻെറ ഭാൎയ്യയെ ഉപേക്ഷിക്കാൻ ആവശ്യപ്പെട്ടു. ആ സാധുവിനു ഗത്യന്തരമില്ലായ്കയാൽ അവൻ രാജശാസനയ്ക്കു കീഴടങ്ങി. അയാളുടെ ഭാൎയ്യ ചക്രവൎത്തിയുടെ ഭാൎയ്യയായി. അബ്ദുൾവാററ ഇതുനിമിത്തം ഉണ്ടായ ലജ്ജ നിമിത്തം ദക്ഷിണിലേക്കു പോയി പാൎത്തു. അവിടെ അയാൾക്കു ചക്രവൎത്തിവലിയൊരു ഉദ്യോഗം കൊടുത്തു.

മുഗൾചക്രവൎത്തിമാരിൽ അരംഗസീബ് ഒഴികെ മററു സൎവ്വരും സൌന്ദൎയ്യമുള്ള സ്ത്രീകൾക്കു "അസാദ്ധ്യ"വശഗന്മാരായിരുന്നുവെന്നു പ്രസിദ്ധമാണല്ലൊ.

തൃശ്ശൂർ-

--ടി. കെ. ഗോവിന്ദൻ

## ഒരു കവിയുടെ ചരമം

൧. പേരിൽ താനൊട്ടുവെങ്കിലും പടുതകൊണ്ടൊന്നാമനായ് കേരള-
പ്പാരിൽ പാവനമാം പ്രശസ്തി നിലനിൎത്തിപ്പോന്ന ധന്യാഗ്രിമൻ,
താരിൽത്തനിപിതഃലാടിടുന്ന ഹരിതൻ പാദാബ്ജരേണുക്കളിൽ
പൂൎണ്ണം പ്രതിപത്തി പൂണ്ടഹ! ലയിച്ചീടാൻ ദിവം പുക്കപോൽ!
൨. പാരം മാധുരികൈവളൎന്ന 'കവിതാ' പൂരത്തിനാലും ചാൽ-
ക്കാരം ചേൎന്നൊഴുകും 'കഥാ'മൃതരസത്താലും സദാകാലവും
സ്വൈരം കൈരളിതന്ന നശ്വരയശസ്തംഭം പ്രതിഷ്ഠിച്ചൊരാ-
ധീരൻ- ഹാ! കഠിനം!! വിരാമപദവിയിൽ ചേരാനൊരുമ്പെട്ടുപോയ്!
൩. ചൊല്ലാൎന്നാംഗ്ലേയഭാഷാ പരിചയ,മതിയാം മാതൃഭാഷാഭിമാനം,
സല്ലാപത്തിങ്കലേററം രസികത, വിപുലം ശേമുഷീസദ്വിലാസം,
എല്ലാ നന്മയ്ക്കുമീമട്ടൊരുവിളനിലമായ്ത്തീൎന്ന കല്യാചതം സ-

ക്കല്ലംണല്ലോ കലാദേവതയുടെ മകുടത്തിങ്കൽ നിന്നന്തരിച്ചും!

൪. സാഹിത്യാംഗനയെ സ്സ്നേഹിക്കവഹിയാത്തുള്ളൊരു ദുഃഖത്തിനാൽ
ദ്രോഹിയ്ക്കുന്നതിനോ ഭവാൻ ഹതവിധേ! മോഹിപ്പതെല്ലായ്പ്പോഴും?
സ്നേഹിച്ചായവളെപ്പുലൎത്തിയ മഹാന്മാരൊന്നുരണ്ടല്ല നാ-
മൂഹിക്കാത്ത വിധത്തിലിയ്യിടെ വെടിഞ്ഞാരിദ്ധരാമണ്ഡലം.

൫. എന്നാണിക്കൈരളിപ്പെണ്മണിയുടെ ചുടുബാഷ്പങ്ങൾ വററുന്നു, തീ മ-
ട്ടൊന്നായിത്തന്നെ ഭാഷാകവികളെ നിയതേ! നിൎദ്ദയം നിഗ്രഹിച്ചാൽ?
എന്നാലും നീ നിരാശപ്പെടരുതു ഭണിതിപ്പൈതലേ! കാതലുള്ളോ-
രെന്നാളും നിന്നെ ലാളിച്ചിടുവതിനുളവായീടുമി കേരളത്തിൽ.

ഉട്ടക്കമണ്ട്. വി. ഉണ്ണികൃഷ്ണൻനായർ.

## പോഷിണീഭാഷണം

തുൎക്കിരാജ്യത്തിൽ പാൎക്കാൻ ഭാഗ്യം സിദ്ധിച്ച ക്രിസ്ത്യാനികൾ വളരെകാലമായി അനുഭവിക്കുന്ന സങ്കടങ്ങളെപ്പററി ലോകം മുഴുവൻ അറിയുന്നതാണ്. ശക്തരായ ക്രിസ്തീയരാജാക്കന്മാർ യൂറോപ്പിൽ ഉള്ളതുകൊണ്ട്, തുൎക്കിയുടെ ഈ അഴിമതി കൈകടന്ന മട്ടിലാകുന്നുണ്ടെന്നു കാണുമ്പോൾ അവർ ചോദിച്ചുകൊള്ളുമെന്ന് ഒരു ആശ്വാസമെങ്കിലും ഉണ്ടായിരുന്നു. ഇപ്പോൾ ക്രിസ്ത്യൻരാജാക്കന്മാർതന്നെ തമ്മിൽ ഘോരസമരത്തിൽ ഉൾപ്പെടുകയും അതിൽ തുൎക്കി ഒരു ഭാഗം ചേരുകയും ചെയ്തതു തുൎക്കിക്കു ക്രിസ്ത്യാനികളെ ഉപദ്രവിക്കാൻ നല്ല തഞ്ചമായി. ഈ അവസരത്തിൽ തുൎക്കികൾ ക്രിസ്ത്യാനികളോടു കാണിക്കുന്ന കഠിക്കൈകളെപ്പററി വായിക്കുമ്പോൾ സങ്കടപ്പെടാത്തവർ ആരും ഉണ്ടായിരിക്കയില്ല. ഇങ്ങിനെ സങ്കടമനുഭവിക്കുന്ന ക്രിസ്ത്യാനികളെ സഹായിക്കേണ്ടതിന്ന് പലരൊട്ടും പണം യാചിക്കാൻ "മലയാളമനോരമ"യും തിരുവിതാംകൂർ കൊച്ചി ആംഗ്ലിക്കൻബിഷപ്പ് ഡാക്ടർ ഗില്ലും ചില ഏൎപ്പാടുകൾ ചെയ്തിട്ടുണ്ട്. ഇതു സംബന്ധമായി ഡാക്ടർ ഗിൽ എഴുതി പരസ്യംചെയ്ത ഒരു യാചനാപത്രത്തിൽ പേർസ്യയിൽ, ടിഫ്ലീസ്സ് പട്ടണത്തിൽ നിന്നും പോൾശീമോൻ എന്നൊരാൾ എഴുതിയ ഒരു കത്തിന്റെ പകൎപ്പ് ഉൾപ്പെടുത്തിയതായികാണുന്നു. അതിന്റെ സാരം "മലയാളമനോരമ" പരസ്യം ചെയ്തതു ഞങ്ങൾ താഴെ പകൎക്കുന്നു:

* * * * * *

പേർസ്യാരാജ്യത്തിന്റെ വടക്കുപടിഞ്ഞാറെ ഭാഗം റഷ്യരുടെ സംരക്ഷണയി

ൽ ഇരിക്കയായിരുന്നു. അവിടെ വളരെ റഷ്യൻപട്ടാളക്കാരുമുണ്ടായിരുന്നു. ഈ ഭാഗത്തിൽ, ഉർമി, കോയി, സാൽമാസ്, ടംബ്രിസ്, മുതലായ പട്ടണങ്ങളിലും ചുറ്റുമുള്ള ഗ്രാമങ്ങളിലുമായി അനേകായിരം സുറിയാനിക്രിസ്ത്യാനികൾ നിർഭയരായി നിവസിച്ചിരുന്നു. എന്നാൽ യുദ്ധാരംഭത്തിൽ കോക്കസസ്സ് രാജ്യത്തിൽ റഷ്യക്കു പ്രധാനമായി യുദ്ധം നടത്തേണ്ടതായുണ്ടായിരുന്നു. ആ യുദ്ധത്തിൽ അവർ ജയം നേടുന്നതിനു മുമ്പായി പേർഷ്യയിലെ റഷ്യൻ പട്ടാളക്കാരെ അവിടെ താമസിപ്പിച്ചാൽ റഷ്യരുടെ രാജ്യത്തിൽനിന്ന് അവൎക്കു ഭക്ഷണസാധനങ്ങളും മറ്റും അയച്ചുകൊടുക്കാനുള്ള മാർഗ്ഗം തടഞ്ഞേക്കാമെന്നുള്ള ഭയംനിമിത്തം വടക്കുപടിഞ്ഞാറെ പേർഷ്യയിൽനിന്ന് റഷ്യർ അവരുടെ പട്ടാളങ്ങളെ പിൻവലിച്ചു. അവർ ഇങ്ങിനെ ചെയ്യാനിരിക്കുന്നുവെന്നുള്ള വിവരം പരസ്യമായാൽ അവിടെയുള്ള ക്രിസ്ത്യാനികൾ മുതലായി തുൎക്കികളുടെ ശത്രുതയെ ഭയപ്പെടാനുള്ള അനേകായിരം ആളുകൾ അവിടെനിന്ന് പ്രാണഭയംകൊണ്ട് ഓടിത്തുടങ്ങുമെന്നും അപ്പോൾ പട്ടാളക്കാരെ പിൻവലിക്കാൻ മാർഗ്ഗതടസ്സം നേരിടുമെന്നുമുള്ള ഭയംനിമിത്തം റഷ്യൻപട്ടാളക്കാർ യാത്രതുടങ്ങിയ ശേഷം മാത്രമെ ജനങ്ങൾ വിവരമറിഞ്ഞുള്ളു. അതിന്റെ ശേഷം ആളുകൾ പല ദിക്കുകളിലേക്ക് ഓടിത്തുടങ്ങി. ഓടാൻ നിവൃത്തിയില്ലാതിരുന്നവർ ഓരോ സ്ഥലങ്ങളിൽതന്നെ താമസിച്ചു. ഓടിയവരും ഓടാത്തവരുമായ എല്ലാവരും തുൎക്കികളുടെയും കുർഡ്സ് മുതലായവരുടെയും ശസ്ത്രങ്ങൾക്കിരയായിത്തീൎന്നു. 70 ഗ്രാമങ്ങളോളം അവിടെ നിശ്ശേഷം നശിപ്പിക്കപ്പെട്ടിട്ടുണ്ട്. 10,000ൽ കുറയാതെ സുറിയാനിക്കാർ ആ ചെറിയ പട്ടണത്തിനുള്ളിൽ തന്നെ കൊല്ലപ്പെട്ടിട്ടുണ്ട്. പറുദീസാപോലുള്ള ആ സ്ഥലം കേവലം വനാന്തരമായിത്തീൎന്നിട്ടുണ്ട്.

* * * * * *

ഇത്ര മതി. സഹജീവികളോടു അല്പമെങ്കിലും ദയയുള്ളവരുടെ മനസ്സലിയാൻ ഇത്ര അറിഞ്ഞാൽ മതി. ക്രിസ്ത്യാനികൾ മാത്രമല്ല, മറ്റുള്ള ജാതിക്കാരും ഈ കാൎയ്യത്തിൽ വല്ല ദ്രവ്യസഹായവും ചെയ്യുന്നതു് വലിയ പുണ്യമായിരിക്കുമെന്നു് ഞങ്ങൾ വിശേഷിച്ചു പറയേണ്ടതില്ല. അപരക്കു സാധിക്കുന്ന എത്ര ചെറിയ സംഖ്യയായാലും അതു കോട്ടയത്തെ "മലയാളമനോരമാ മാനേജൎക്ക്" അയച്ചുകൊടുത്താൽ അദ്ദേഹം അതു് കൃതജ്ഞതാപൂൎവ്വം സ്വീകരിച്ചു ഡാക്കടർ ഗിൽ മുഖാന്തിരം ലണ്ടനിൽ ഇതിന്നായി അനേകം മാന്യന്മാർ കൂടി ഏൎപ്പെടുത്തീട്ടുള്ള കമ്മിററിക്കു് അയച്ചുകൊടുക്കുന്നതാണ്. പുണ്യം ചെയ്വാൻ ആഗ്രഹിക്കുന്നവൎക്കു് ഇതിൽപരം നല്ല അവസരം കിട്ടുമെന്നു തോന്നുന്നില്ല.

* * * * * *

പഞ്ചമന്മാരുടെ സ്ഥിതി നന്നാക്കേണ്ടതിന്നു് പല യോഗ്യന്മാരും ശ്രമിക്കുന്നുണ്ടു്. ചിലർ തങ്ങളുടെ സ്വന്തം പേരുകൾ വൃത്താന്തപത്രങ്ങളിൽ പരസ്യം ചെയ്തും മറ്റും ഒരുവിധം കേൾവി സമ്പാദിക്കേണ്ടതിന്നു വേണ്ടി മാത്രം പഞ്ചമന്മാരുടെ രക്ഷാകൎത്താക്കളാണെന്നു നടിക്കുന്നു. വേറെ ചിലർ ജാതിവ്യത്യാസകാൎയ്യത്തിൽ തങ്ങൾ പ്രവൎത്തിക്കുന്ന അന്യായത്തേയും അ

ധൎമ്മത്തേയും മൂടിവെക്കാൻ പഞ്ചമരക്ഷാകൎത്തൃത്വത്തെ ഒരു ആവരണമാക്കുന്നു. വല്ല, റായിബഹദൂരൊ, റായിസാഹിബൊ, ആയിത്തീരാനുള്ള ഉദ്ദേശത്തോടുകൂടി ചിലർ ഈ ഉപായം സ്വീകരിക്കുന്നുണ്ട്. ഇങ്ങിനെ പലരും പലവിധത്തിലും, സ്വാൎത്ഥത്തിന്നു വേണ്ടി ഈ കാൎയ്യത്തിൽ പ്രയത്നിക്കുന്ന കൂട്ടത്തിൽ അങ്ങിനെയുള്ള ദുരുദ്ദേശമില്ലാതെ, ഹൃദയപൂൎവ്വം പ്രവൎത്തിക്കുന്ന ഒരു മനുഷ്യൻ ഉണ്ടെന്നറിയുന്നത് എത്ര ആശ്വാസകരമാണ്. മംഗലാപുരത്ത പഞ്ചമന്മാരുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ച് ഏൎപ്പെടുത്തിയ ഒരു സംഘമുണ്ട്. അതിന്റെ ജീവനും ശരീരവും ഒക്കെ ശ്രീമാൻ കെ. രങ്കറാവു എന്ന മാന്യനാണ്. ഒരു ബ്രാഹ്മണനായി ജനിച്ച ഇദ്ദേഹം, കീഴ്ജാതികളെന്നു പറയപ്പെടുന്ന പഞ്ചമന്മാരെ അന്യജാതിക്കാർ ഉപദ്രവിച്ചു സങ്കടപ്പെടുത്തുന്നത് കണ്ടു മനസ്സലിഞ്ഞു. അവർ മനുഷ്യരാണെന്നു അവൎക്കുതന്നെ ബോദ്ധ്യംവരുത്തി, ബ്രിട്ടീഷ് ഗവൎമ്മേണ്ടിന്റെ കീഴിൽ സൎവ്വൎക്കും അനുഭവിക്കാവുന്ന സ്വാതന്ത്ര്യം അനുഭവിക്കാൻ ഇടയാക്കേണ്ടതിന്നു വേണ്ടി പ്രയത്നിക്കുന്നത് കുറെ കൊല്ലങ്ങളായി. മംഗലാപുരം ജില്ലയിൽ ആകപ്പാടെ 11,95,227 ജനങ്ങളുള്ളവരിൽ 1,40,775 പേർ പഞ്ചമന്മാരാണ്. ഇവർ ഹോളിയർ, കൊറഗർ, പമ്പാഡർ എന്നീ മൂന്നു തരക്കാരായി ഭാഗിക്കപ്പെട്ടിരിക്കുന്നു. ഈ മൂന്നു തരക്കാരും രണ്ടു കാലിന്മേൽ നടക്കാനും സംസാരിക്കാനും കഴിയുന്ന മൂന്നുതരം മൃഗങ്ങളാണെന്നേ മററു മനുഷ്യജീവികൾ വിചാരിക്കുന്നുള്ളൂ. ജാതിവ്യത്യാസം ഏററവും പ്രബലമായി നടക്കുന്നത് ഇന്ത്യാരാജ്യത്താണല്ലൊ. അവിടെത്തന്നെ പടിഞ്ഞാറെ കരയിലാണ് അതിന്ന് അത്യന്തം ശക്തിയുള്ളത്. പടിഞ്ഞാറെ കരയിൽവെച്ചു തെക്കൻകൎണ്ണാടകജില്ലയിലെ പഞ്ചമന്മാർ അനുഭവിക്കുന്നത്ര സങ്കടം മററുദിക്കിലുള്ളവർ അനുഭവിക്കുന്നില്ല. തിരുനെൽവേലിയിലെ പഞ്ചമന്മാരിൽ നൂറിന്ന് 91½ വീതവും മദിരാശിയിൽ 68 വീതവും എഴുതാനും വായിക്കാനും അറിയുന്നവരാണെങ്കിലും മംഗലാപുരം ജില്ലയിൽ നൂറിന്ന് ഒന്നര വീതം മാത്രമെ സ്കൂളിൽ പഠിക്കുന്നുള്ളുവെന്നു കാണുന്നു. സെയിൻറ് നിഹിൽ സിങ്ങ് അവർകൾ മംഗലാപുരത്തെ പഞ്ചമന്മാരെ പററി എഴുതിയ ഒരു ഉപന്യാസത്തിൽ അവരുടെ പേരുകൾ, തവള, പൂച്ച, ഉടുമ്പ്, വണ്ട്, തേരട്ട, കാട്ടുനായ, കുരക്കുന്ന നായ, എന്നിങ്ങിനെ അൎത്ഥമാകുന്നവയാണെന്നു പറഞ്ഞിരിക്കുന്നു. നല്ല പേരുകൾ ധരിക്കാൻ മററു ജാതിക്കാർ അവരെ അനുവദിക്കയില്ല. ഈ പേരുകൾകൊണ്ട് അറിയപ്പെടുന്ന ജീവികളേക്കാൾ കഷ്ടതരമാണ് അവരുടെ ജീവിതം. ചപ്പുകുറഗർ എന്ന ജാതിക്ക് ചപ്പ് (ഇല) മാത്രമെ അരയിൽ വസ്ത്രത്തിന്റെ സ്ഥാനത്ത് ധരിക്കാൻ പാടുള്ളു. അന്തികുറഗർ ഏററവും നികൃഷ്ടരാണ്. അവൎക്ക് രാജവീഥിയിൽ തുപ്പാൻ പാടില്ലാത്തതുകൊണ്ട്, തുപ്പാൻ ഒരു പാത്രം കഴുത്തിൽ കെട്ടി നടക്കണം. ഇത്രയൊക്കെ പരമസങ്കടം അനുഭവിക്കുന്ന മനുഷ്യജീവികളെ കണ്ടുംകൊണ്ട് അവരെ നന്നാക്കാൻ ശ്രമിച്ചതിന്നു ശേഷമെ, ഹോംറൂളും സ്വയംഭരണവും കൈവശപ്പെടുത്താൻ ഉദ്യമിക്കേണ്ടതു

ള്ളുവെന്നും അത്രമാത്രമെ ന്യായമാകയുള്ളുവെന്നും വിചാരിച്ചു പ്രവൎത്തിക്കാൻ മംഗലാപുരത്ത് ഒരാൾ എങ്കിലും ഉണ്ടായിരിക്കുന്നുവെന്നുള്ളത് വളരെ സന്തോഷിക്കത്തക്കതാണ്.

* *

രംഗറാവു അവർകൾ പേരിന്നൊ സ്ഥാനമാനത്തിന്നൊ വേണ്ടി പ്രവൎത്തിക്കുന്നതല്ല. പത്രങ്ങളിലൊന്നും അദ്ദേഹത്തിന്റെ പേർ സാധാരണ കാണാറില്ലെന്നുള്ളത് അതിന്നു ദൃഷ്ടാന്തമാണല്ലൊ. "ഉരിയരി വെച്ചും ഭഗവാനുണ്ടും ഭഗവതിയുണ്ടും വേലിമ്മൽ തത്തെ നിരന്നിരുന്നുണ്ടും" എന്ന് കുട്ടികൾ പാടാറുള്ളതുപോലെ പിറന്നാളിന്ന് നാലൊ അഞ്ചൊ പുലയൎക്ക എച്ചിലെല എറിഞ്ഞുകൊടുത്തിട്ട് അയ്യായിരം പുലയൎക്ക് നാലുകറിയും സദ്യയും കൊടുത്തുവെന്ന് യൂറോപ്യൻ ഉദ്യോഗസ്ഥന്മാർ വായിക്കുന്ന കടലാസ്സിൽ പരസ്യംചെയ്യിക്കാനൊന്നും അദ്ദേഹം ശ്രമിക്കാറില്ല. പുലയരുടെ അഭിവൃദ്ധിക്കുവേണ്ടി അദ്ദേഹം പലേ ഏൎപ്പാടുകളും ചെയ്തിട്ടുണ്ടു. ഇവയിൽ കോടതിക്കുന്നിന്മേലുള്ള പഞ്ചമസ്കൂളിൽ ശിശുത്തരം മുതൽ അഞ്ചുക്ലാസ്സുകളുണ്ട്. അവയിൽ അഞ്ചു പെൺകുട്ടികൾ ഉൾപ്പെടെ 90 കുട്ടികളും 3 മാസ്റ്റർമാരുമുണ്ട്. ബോളൂർ പഞ്ചമസ്കൂളിൽ 8 പെൺകുട്ടികളും 40 ആൺകുട്ടികളും ഉണ്ടു. ജപ്പുവിൽ പുതുതായി ഒരു സ്കൂൾ ആരംഭിച്ചതിൽ ഇപ്പോൾ 50 കുട്ടികളുണ്ട്. അവരിൽ 12 പെൺകുട്ടികളാണ്. ഇവക്കു പുറമെ രണ്ടു "നിശീഥിനി പാഠകശാല"കളുണ്ട്. കുട്ടികളെ പാൎപ്പിച്ചു പഠിപ്പിക്കുവാൻ എട്ടുകൊല്ലം മുമ്പ് ഒരു ബോൎഡിങ്ങ് ഹൌസ്സ് ഏൎപ്പെടുത്തിയതിൽ, 1914 ഡിസമ്പർ 31-ാം വരെ 44 കുട്ടികളെ ചേൎത്തു ശുചിത്വം, സന്മാൎഗ്ഗം, മുതലായ സൽഗുണങ്ങളും ചില വ്യവസായങ്ങളും ശീലിപ്പിച്ചിരുന്നതായി കാണുന്നു. പഞ്ചമന്മാരുടെ ആവശ്യത്തിന്നായി "മിത്രമണ്ഡലി" എന്നുപേരായി ഒരു യോഗം ഏൎപ്പെടുത്തീട്ടുണ്ട്. ഇതിലെ അംഗങ്ങൾ ദിവസംതോറും കുളിക്കേണമെന്നും മദ്യപാനം വൎജ്ജിക്കേണമെന്നും നിർബ്ബന്ധമാണ്. അവരൊക്കെ ഞായറാഴ്ചതോറും ദൈവാരാധനക്ക് ഒരു ഭജനശാലയിൽ ചേരണം. ഇതിന്റെ കാൎയ്യദൎശി ഒരു പഞ്ചമൻ തന്നെയാണ്. ഇദ്ദേഹം തുളുഭാഷയിൽ പ്രസംഗം ചെയ്യാൻ പ്രത്യേകം ശീലിച്ചിട്ടുള്ള ഒരാളാണെന്നും പല ദിക്കിൽവെച്ചും പഞ്ചമന്മാരുടെ ആവശ്യത്തിനു വേണ്ടി പ്രസംഗങ്ങൾ ചെയ്തിട്ടുണ്ടെന്നും കാണുന്നു. പഞ്ചമന്മാരുടെ വ്യവസായശാലയിൽ നൂലു നൂൽക്കാനും തുണികൾ നെയ്യാനും പഠിപ്പിക്കുന്നു. ബാഡ്മിൻടൻ, ടെന്നീസ്സ്, എന്നീ കളികൾക്കുള്ള വലകൾ പന്നസ്സഞ്ചി മുതലായവ ഉണ്ടാക്കാനും, മറ്റും ശീലിപ്പിക്കാനുള്ള ഏൎപ്പാടുമുണ്ട്. പഞ്ചമന്മാർ ബ്രിട്ടീഷുഗവൎമ്മെണ്ടോടു രാജഭക്തിയുള്ളവരായി ജീവിക്കാനും രംഗറാവു അവർകൾ പഠിപ്പിക്കുന്നുണ്ടെന്നുള്ളത് വളരെ സന്തോഷിക്കത്തക്ക സംഗതിയാണ്. മദിരാശി ആസ്പത്രികപ്പലിനു വേണ്ടി പഞ്ചമന്മാർ നെയ്തുണ്ടാക്കിയതും 49 ക. വിലക്കുള്ളതുമായ തുണികൾ അയച്ചുകൊടുത്തിരിക്കുന്നുവെന്നും 17 പഞ്ചമന്മാർ യുദ്ധത്തിൽ സഹായിക്കാൻ യൂറോപ്പിലെക്കു പോയിരിക്കുന്നുവെന്നും കാണുന്നു.

* *

ഇങ്ങിനെയുള്ള ഏൎപ്പാടുകൾ പണം കൂടാതെ സാധിക്കയില്ല. 1914, ആകപ്പാടെ 3,060ക-2ണ 3യി വരവുണ്ടായിരുന്നുവെന്നും 2,957ക 1ണ. 3യി ചെലവുണ്ടായിരുന്നുവെന്നും കാണുന്നു. വരവിൽ 1468ക പലരും സൌജന്യമായി കൊടുത്തതാണ്. ശേഷം ഗവൎമ്മേണ്ടു ഗ്രാണ്ടും തുണികൾ വിററുകിട്ടിയതുമാണ്. റങ്കറാവു അവർകളുടെ ഉദ്ദേശത്തിന്ന് അനുസരിച്ച ഏൎപ്പാടുകൾ ചെയ്യുതക്കവണ്ണം പണസഹായം ലഭിക്കുന്നില്ല. തിരുവിതാംകൂറിലും കൊച്ചിയിലും ദ്രവ്യസ്ഥരായ പഞ്ചമന്മാർ ഉണ്ടെന്നാണ് ഞങ്ങളുടെ അറിവു്. പഞ്ചമന്മാൎക്ക് ഇതരജാതിയിൽ നിന്ന് അനുഭവമാകുന്ന കഷ്ടതകൾ ഇന്നവിധമാണെന്ന് അവർ അറിയുംപോലെ മററുള്ളവർ അറികയില്ല. അവരെക്കാൾ കഷ്ടതയനുഭവിക്കുന്ന മംഗലാപുരത്തെ സഹോദരന്മാൎക്കു വേണ്ടി തിരുവിതാംകൂറിലെ പഞ്ചമന്മാർ വല്ല ദ്രവ്യസഹായവും ചെയ്യുന്നതു ഉചിതമായിരിക്കും. ശ്രീമാൻ അയ്യങ്കാളി അവർകളുടെ ശ്രദ്ധയെ ഞങ്ങൾ ഇതിലേക്ക് ക്ഷണിക്കുന്നു. വല്ല സഹായവും ചെയ്യാൻ വിചാരിക്കുന്നവർ പണം, ഈ മാസികയുടെ പത്രാധിപരുടെ പേരിൽ അയച്ചു തന്നാൽ രെത്തു് റങ്കറാവു അവർകൾക്ക് എത്തിച്ചുകൊടുക്കുന്നതും പോഷിണിയുടെ മാനേജരുടെ രസീതോടുകൂടി അവരുടെ പേരുകൾ ഇതിൽ പരസ്യം ചെയ്യുന്നതുമാകുന്നു.

*  *  *  *  *  *

തീയ്യരുടെ വക ശ്രീനാരായണധൎമ്മപരിപാലനയോഗത്തിന്റെ 13-ാം വാൎഷികയോഗം കൊല്ലത്തുവെച്ചു കൂടിയിരുന്ന അവസരത്തിൽ അഗ്രാസനാധിപത്യം വഹിച്ച ശ്രീമാൻ വി. പൽപ്പു (എം. ബി. സി. എം.) അവർകൾ തന്റെ പ്രസംഗത്തിൽ തീയ്യർ, സിലോണിൽ നിന്നു വന്നവരാണെന്നും അവർ ആദ്യം ബുദ്ധമതക്കാരായിരുന്നുവെന്നും പ്രസ്താവിച്ചിരുന്നതായി കാണുന്നു. അതിന്നു അദ്ദേഹം ചില ന്യായങ്ങളും പറഞ്ഞിട്ടുണ്ടു്. സിലോണിൽനിന്നു വന്നവരായിക്കൊള്ളട്ടെ. അതിന്നു വിരോധമില്ല. എന്നാൽ അവർ ബുദ്ധമതക്കാരായിരുന്നുവെങ്കിൽ ഇവിടെ വന്നതിന്നു ശേഷം മൃഗങ്ങളെ അറുത്തു ബലികഴിക്കുന്നവരും ഭൂതപ്രേതപിശാചുക്കളെ സേവിക്കുന്നവരും ആയതു എങ്ങിനെയാണെന്നും അതു് എത്ര കാലത്തിന്നുള്ളിലായിരിക്കേണമെന്നും അറിയുന്നതു രസകരമായിരിക്കുമല്ലോ. അതു സംബന്ധമായി വല്ല ഉപന്യാസവും പല്പു അവർകൾ എഴുതുന്നതായാൽ ഈ മാസികയിൽ ഞങ്ങൾ സസന്തോഷം പരസ്യം ചെയ്യുന്നതാണ്.

*  *  *  *  *  *

തിരുവിതാംകൂർ പാഠപുസ്തകകമ്മിററിക്കാർ ഇക്കൊല്ലം തിരഞ്ഞെടുത്തിരിക്കുന്ന പാഠപുസ്തകങ്ങളെപ്പററി പല പത്രങ്ങളും ഘോരമായി ആക്ഷേപിച്ചിരിക്കുന്നു. ഇപ്പോഴും ആക്ഷേപിക്കുന്നു. എന്നാൽ പാഠപുസ്തകങ്ങൾ നന്നായില്ലെന്നും, അതതു തരങ്ങൾക്കു പററിയവയല്ലെന്നും ഓരോന്നിൽ വളരെ തെററുകളുണ്ടെന്നും വെറുതെ പറഞ്ഞതുകൊണ്ടായില്ല. ഇന്നിന്ന പുസ്തകങ്ങൾ ഇന്നിന്ന സംഗതികൾകൊണ്ടു് ഇന്നിന്ന ക്ലാസുകളിലേക്ക് പററിയവ

യല്ലെന്നും അവയിൽ ഇന്നിന്ന തെററുകളാണുള്ളതെന്നും പ്രത്യേകം എടുത്തു കാണിക്കുന്നതു് ഇനി മേലാൽ പാഠപുസ്തകകമ്മിററിക്കു് ഒരു പാഠമായിത്തീരുമെന്നു് മാത്രമല്ല, പഠിപ്പിക്കുന്നവൎക്കും പഠിക്കുന്നവൎക്കും പ്രയോജനകരമായിത്തീരുകയും ചെയ്യും. പാഠപുസ്തകകമ്മിററിയുടെ പ്രവൃത്തിയെ സാധൂകരിക്കാനാണു് ഞങ്ങൾ ഇങ്ങിനെ പറയുന്നതെന്നു ആരും വ്യാഖ്യാനിക്കരുതു്. പാഠപുസ്തകകമ്മിററിയുടെ പേരിൽസ്ഥാപിച്ച അറിവില്ലായ്മയേയോ അവിവേകത്തെയോ പററി വാദിച്ചു അവർ കുററക്കാരല്ലെന്നു തെളിയിക്കാൻ ഞങ്ങളാൽ സാധിക്കുന്നതല്ല. എന്നുമാത്രമല്ല, ഇപ്പോൾ തിരഞ്ഞെടുത്തിരിക്കുന്ന പുസ്തകങ്ങളെക്കാൾ എല്ലാവിധത്തിലും യോഗ്യതയുള്ള പുസ്തകങ്ങൾ കമ്മിററിക്കു് അയച്ചുകൊടുത്തവയിൽ ഉണ്ടെന്നു ഞങ്ങൾ അറിയും. പാഠപുസ്തകകമ്മിററിക്കാർ ചെയ്യേണ്ടതു് ഇങ്ങിനെയൊന്നുമല്ല. ഓരോ ക്ലാസ്സിൽ പഠിപ്പിക്കേണ്ടുന്ന വിഷയങ്ങളെ അടിസ്ഥാനമാക്കി പാഠക്രമങ്ങൾ (സിലബസ്സ്) ഉണ്ടാക്കണം. അവയ്ക്കനുസരിച്ച പുസ്തകങ്ങൾ ഉണ്ടാക്കാൻ യോഗ്യന്മാരെ ഏല്പിക്കണം. ആവക പുസ്തകങ്ങൾ പ്രതിഫലം കൊടുത്തു വാങ്ങി നല്ല കടലാസ്സിൽ നല്ല രീതിയിൽ നല്ല അച്ചിൽ അച്ചടിച്ചു പരസ്യം ചെയ്യണം. അതുകൊണ്ടുള്ള ആദായം വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിന്നു ലഭിക്കണം. ഇപ്പഴത്തെ സമ്പ്രദായംകൊണ്ടു് ഗ്രന്ഥകൎത്താക്കൾക്കു് ശരിയായ പ്രതിഫലം കിട്ടുന്നില്ല. പരസ്യം ചെയ്യുന്നവൎക്കാണു ആദായം. ബുദ്ധി ഉപയോഗിക്കുന്നവനല്ല, പണം ചെലവഴിക്കുന്നവനാണു് പണം കിട്ടുന്നതു്. ഇതു് രാജ്യത്തിലെ ഒരുതരം വ്യാപാരത്തെ വൎദ്ധിപ്പിക്കാൻ ഉതകുമെങ്കിലും വിദ്വാന്മാരെ പ്രോത്സാഹിപ്പിക്കാനും ഭാഷയെ പോഷിപ്പിക്കാനും പററിയതല്ല. വ്യാപാരം വൎദ്ധിപ്പിക്കാൻ, മരത്തടിയും, റബ്ബറും, ചന്ദനവും, കൊപ്പരയും, പൊരെങ്കിൽ ചെകരിയും ഉണ്ടല്ലൊ.

*     *     *     *     *     *

ശ്രീമാൻ ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ അവൎകളുടെ ചരമം കേരളഭാഷയ്ക്കു വലിയൊരു നഷ്ടമാണു്. വലിയൊരു ഭാഷാഭിമാനിയായിരുന്ന കഴിഞ്ഞുപോയ ശ്രീമാൻ കെ. എം. വറുഗീസുമാപ്പിള അവൎകൾ വാക്കുകൊണ്ടും ധനംകൊണ്ടും പ്രോത്സാഹിപ്പിച്ചു സാഹിത്യരംഗത്തിൽ കയററി, അഭിനയം ശീലിപ്പിച്ച വഴിക്കു് പ്രശസ്തി സമ്പാദിച്ച ചെറുപ്പക്കാരിൽ ഒരാളായിരുന്നു ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ അവൎകൾ. ഗദ്യമോ പദ്യമോ നല്ലവണ്ണം എഴുതാൻ സാധിക്കുന്നവരെ കണ്ടറിവാനും ഭാഷാഭിവൃദ്ധിയെ മാത്രം കാംക്ഷിച്ചു അവരെ പ്രോത്സാഹിപ്പിക്കാനും വറുഗീസ്സുമാപ്പിള അവൎകൾക്കുണ്ടായിരുന്ന വാസന ഒന്നു വേറെ തന്നെയായിരുന്നുവെന്നു എല്ലാവരും അറിയുന്നതാണല്ലൊ. വറുഗീസുമാപ്പിള അവൎകൾ ഉണ്ടായിരുന്നില്ലെങ്കിൽ മേല്പറഞ്ഞ ചെറുപ്പക്കാരിൽ അധികംപേരും മറയ്ക്കുള്ളിൽതന്നെ ഇരിക്കാനല്ലാതെ സാഹിത്യരംഗത്തിൽ പ്രവേശിക്കാൻ സംഗതിവരുമായിരുന്നുവൊ എന്നു ഞങ്ങൾ വളരെ സംശയിക്കുന്നു. കുഞ്ഞികൃഷ്ണമേനോൻ അവൎകൾക്കുള്ള ഒരു വിശേഷവിധി, ഗദ്യവും പദ്യവും ഒരുപോലെ എഴുതാനുള്ള ഒരു സാമൎത്ഥ്യം മാത്രമാണു്. അദ്ദേഹം എഴുതിയ ചെറുകഥകളും

പ്രത്യേകം രസമുള്ളവയാണ്. കുഞ്ഞിക്കൃഷ്ണമേനോൻ അവർകൾ വലിയ നോവലുകൾ എഴുതാത്തതു് എന്തുകൊണ്ടാണെന്ന് ഞങ്ങൾ പലപ്പോഴും ആലോചിക്കാറുണ്ടായിരുന്നു. ഇതു് എഴുതുന്ന ആൾ ഒരിക്കൽ അതിനെപ്പററി ചോദിച്ചപ്പോൾ സർക്കാർവക ജോലിത്തിരക്കുകൊണ്ടു് അതിനു തരമാകുന്നില്ലെന്നും ചെറുകഥകൾ എഴുതുന്നതുതന്നെ പത്രാധിപന്മാരുടെ ബുദ്ധിമുട്ടുകൊണ്ടാണെന്നും പറഞ്ഞിരുന്നു. ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോന്റെ പദ്യത്തിനു് പ്രസിദ്ധകവിതകളുടെ പദ്യങ്ങൾക്കുള്ള ഒരു പ്രത്യേക വിശേഷവിധിയുണ്ടു്. അതു കവിത വായിച്ചാൽ കവിയുടെ പേരറിഞ്ഞില്ലെങ്കിലും ആരുടെ കവിതയാണെന്നു സാഹിത്യരസികന്മാർക്കു തിരിച്ചറിവാനുള്ള ഒരു വ്യക്തിയാണ്. അദ്ദേഹത്തിന്റെ കവിതക്കു അർത്ഥപുഷ്ടിയും ശബ്ദഭംഗിയും ഒരുപോലെ ഉണ്ട്. പല പത്രങ്ങളിലും പല അവസരങ്ങളിലായി അദ്ദേഹം പരസ്യംചെയ്തിട്ടുള്ള ഖണ്ഡകാവ്യങ്ങളൊക്കെ വല്ലവരും ശേഖരിച്ചു പരസ്യം ചെയ്യുമെന്നു വിശ്വസിക്കുന്നു.

*　　*　　*　　*　　*　　*

സാഹിത്യരസികന്മാർക്കു ദുസ്സഹമായ മറെറാരു സങ്കടം ശ്രീമതി തോട്ടക്കാട്ടു ഇക്കാവമ്മയുടെ ചരമമാണ്. വളരെ പുസ്തകങ്ങളൊന്നും ഈ അമ്മ എഴുതിട്ടില്ലെങ്കിലും "സുഭദ്രാർജ്ജുനീയം" എന്ന നാടകം ഒന്നുമതി, ആ കവയിത്രിയുടെ നാമധേയത്തെ സാഹിത്യലോകത്തിൽ നിലനിർത്തുവാൻ. "സുഭദ്രാർജ്ജുനീയം" നാടകം ഒന്നാമതു് വെളിക്കിറങ്ങിയപ്പോൾ ജനങ്ങൾ അതിനെ എത്ര വാത്സല്യത്തോടുകൂടിയാണ് സ്വീകരിച്ചതെന്നു് എല്ലാവർക്കും അനുഭവമാണ്. ഒരു കവി ഉണ്ടാക്കുന്ന അനേകം കവിതകളിൽ ഏതെങ്കിലും ഒന്നോ, ഒരു കവിതയിൽ ഏതെങ്കിലും ഒരു ശ്ലോകമോ മാത്രം ചിലപ്പോൾ, ആ കവിയുടെ പേരിനെ നിലനിർത്താൻ തക്ക വിശേഷവിധിഗുണമുള്ളതായിത്തീരാറുണ്ടു്. ഇക്കാവമ്മയുടെ— "കല്ലാതിപ്രിയയായ ഭാമ സമരം ചെയ്തില്ലയോ?" എന്നാദിയായ ശ്ലോകം ആ വിധം ഗുണമുള്ളതാണ്. ആ ശ്ലോകത്തെപ്പററി വിചാരിക്കാതെ ഇക്കാവമ്മയെപ്പററി വിചാരിക്കാൻ സാധിക്കയില്ല. ഈ അമ്മയും അധികം പുസ്തകങ്ങൾ എഴുതാതിരുന്നതു് കേരളഭാഷയുടെ കഷ്ടകാലമെന്നേ പറയേണ്ടതുള്ളൂ. ഇതിന്നെന്തായിരിക്കാം സംഗതി? കുടുംബഭാരവ്യാകുലതയായിരിക്കാം. അതോ, ചില ഖണ്ഡനവിമർശനലോലുപന്മാർ "സുഭദ്രാർജ്ജുനീ"യത്തെ പററി ആദ്യകാലത്തു് നിർദ്ദയമായും അന്യായമായും പത്രങ്ങളിൽ ദോഷപ്രഖ്യാപനം ചെയ്തുകണ്ടതിനാലുള്ള മനസ്സുമടുപ്പായിരിക്കുമോ? അങ്ങിനെയാണെങ്കിൽ ഈ അമ്മ മറെറാരു പുസ്തകമെഴുതാതെ ദേഹവിയോഗം ചെയ്തതു് അവർക്കൊക്കെ നല്ലൊരു പാഠമായി.

*　　*　　*　　*　　*　　*

എറണാകുളത്തു വെച്ചു മറെറാ "ഭാരം" എന്നു പേരായി ഫുൾസ്കേപ്പ് വലിപ്പത്തിൽ നാലു പേജുള്ള ഒരു പത്രം പുറപ്പെട്ടതിനെപ്പററി "യോഗക്ഷേമം" ഇങ്ങിനെ പരിഹസിക്കുന്നു:— "വരിസംഖ്യ കുറച്ചു കുറച്ചു പത്രം ചെറുതാക്കി ചെറുതാക്കി കൊല്ലത്തിൽ നാലണ വരിസംഖ്യയും ഒരു പോസ്റ്റ്കാർഡ് പത്രവുമായാൽ ആ

ക്ഷം നഷ്ടമായിപ്പോയി എന്നു തോന്നുകയില്ല. പക്ഷെ ഈ പത്രങ്ങൾ തപ്പാലിലോ, അഞ്ചലിലോ അയക്കേണ്ടിവന്നാൽ 52 ആഴ്ചക്ക് ചുരുങ്ങിയതു് 13ണ തപ്പാൽക്കൂലി വേണ്ടിവരും. പത്രത്തിൽ ലേഖനങ്ങൾ കാശുകൊടുക്കാതെ എഴുതികിട്ടുകയും വേണം. മലയാളഭാഷാസാഹിത്യം വിലയില്ലാതെ വെറുതെ പ്രചരിക്കുകയും വേണം. ഏതെങ്കിലും കണ്ടാലും പറഞ്ഞുകൊടുത്താലും പഠിക്കാത്തവർ കൊണ്ടാൽ പഠിക്കുമെല്ലൊ എന്ന സമാധാനത്തോടെ ഈറ്ക്കയെ തരമുള്ളൂ." "ഭാനു"വെ ഞങ്ങൾ കണ്ടില്ല. ഏതായാലും ആരംഭത്തിൽ പത്തും പന്ത്രണ്ടും പേജുകളോടുകൂടി തുടങ്ങി നാലായിരം അയ്യായിരം വരിക്കാരെ ചേർത്തു മൂന്നോ നാലൊ മാസം നടന്നതിനു ശേഷം ചരമഗതി പ്രാപിക്കുന്നതിനേക്കാൾ ചെറിയ നിലയിൽ തുടങ്ങി ക്രമേണ വർദ്ധിക്കുവാൻ സാധിക്കുമെങ്കിൽ അതാണ് നല്ലതു്. ചില പ്രത്യേക ഉദ്ദേശങ്ങളോടു കൂടി ഈവിധം ചില പത്രങ്ങൾ ഇംഗ്ലീഷിൽ നടപ്പുണ്ടു്. "എപ്പിഫെനി" മുതലായവ നോക്കുക. അവയ്ക്കു പക്ഷെ ഓരൊ ദിക്കിൽ ഏജന്റുമാരെ നിശ്ചയിച്ചു ആ ദിക്കിലെക്കുള്ള പത്രങ്ങളൊക്കെ അവർക്കു ഒന്നിച്ചു കെട്ടി അയയ്ക്കുകയാണു് ചെയ്യാറ്. വരിസംഖ്യയെയല്ല ആ പത്രക്കാർ ആശ്രയിക്കുന്നതു്, സ്നേഹിതന്മാരും ഗുണകാംക്ഷികളുമായവരുടെ സംഭാവനകളെയാണു്. ഏതായാലും കടലാസ്സുകൾക്കു് നാലിരട്ടി വില വർദ്ധിക്കുകയും കടലാസ്സുകൾ കിട്ടുവാൻ തന്നെ പ്രയാസപ്പെടുകയും അതുനിമിത്തം പല പത്രങ്ങളും നിന്നുപോകയും ചെയ്യുന്ന ഈ യുദ്ധകാലത്തു് പുതിയ പത്രങ്ങൾ പുറപ്പെടുവിക്കുന്നവർക്കു് "കച്ചവടത്തിലുള്ള കണ്ണ്" എന്തൊരു മാതിരി കണ്ണാണെന്നു ഞങ്ങൾക്കു് മനസ്സിലാകുന്നില്ല.

---

# ബാലാകലേശവാദം

ഇതിൽ "ബാലാകലേശം" എന്ന നാടകപുസ്തകത്തിന്റെ ഗുണദോഷനിരൂപണവും ഇതുസംബന്ധമായി 'കേരളോദയം' എന്ന പത്രത്തിൽ പരേതനായ മിസ്റ്റർ കേ. രാമകൃഷ്ണപിള്ളയും മിസ്റ്റർ ടി. കേ. കൃഷ്ണമേനോനും തമ്മിൽ നടന്ന കോലാഹലമായ വാദപ്രതിവാദലേഖനങ്ങളും അടങ്ങിയിരിക്കുന്നു. മിസ്റ്റർ പിള്ളയുടെ പാണ്ഡിത്യവും ധൈര്യവും ചുണയും കാണേണ്ടവർ ഈ പുസ്തകം വായിച്ചേ മതിയാവൂ. പോഷിണിവരിക്കാർക്ക് 3-ണ വിലക്കു കിട്ടും. അല്ലാത്തവർക്ക് 4-ണ.

ആത്മപോഷിണി മാനേജർ.

## ജ്ഞാനനിക്ഷേപം.

ഭൂമിയിൽ ചില പ്രദേശങ്ങൾ കടൽ അതിക്രമിച്ചു കയറി മുക്കിക്കളയുന്നതുപോലെ വേറെ ചില ദിക്കിൽ കടൽ ഒഴിഞ്ഞു കരയായാത്തീരുകയും ചെയ്യുന്നു. ഗ്രെയിറ്റ്ബ്രിട്ടനിൽ കഴിഞ്ഞ 35 കൊല്ലംകൊണ്ടു 6,640 ഏക്രസ്ഥലം കടലിൽ മുങ്ങിപ്പോയിട്ടുണ്ടു. 48,000 ഏക്രസ്ഥലം കടൽ ഒഴിഞ്ഞു പുതുതായി ഉണ്ടായിട്ടുണ്ടു.

* * *

ചൈനയിൽ കഴിഞ്ഞകൊല്ലം 2,000, 000 പവൻ വിലക്കുള്ള സ്വൎണ്ണത്തകിടുകൾ മതസംബന്ധമായി അടിയന്തരാവസരങ്ങളിൽ ദഹിപ്പിച്ചിട്ടുണ്ടത്രെ! യുദ്ധകാലത്തു സ്വൎണ്ണത്തിന്നു മറ്റെല്ലാം ദിക്കിലും ക്ഷാമമുണ്ടായിട്ടും ചൈനയിൽ അതിന്നു ക്ഷാമമില്ലെന്നു തോന്നുന്നു

* * *

എല്ലാം രാജ്യത്തും കതിരപ്പട്ടാളം ഉള്ളതിന്നുപകരം മദ്ധ്യഗാസ്സറിൽ കാളപ്പട്ടാളമാണ്. അവിടെ കുതിര ജീവിക്കയില്ലത്രെ. യുദ്ധത്തിൽ രണ്ടു കക്ഷികൾക്കും കാളപ്പട്ടാളം തന്നെയാണെങ്കിൽ തരക്കേടില്ല.

* * *

കലിഫൊർനിയ മുതലായ ചില സ്ഥലങ്ങളിൽ മെയി, ജൂൻ എന്നീ മാസങ്ങളിൽ 4 ഇഞ്ചിൽ അധികം മഴ പെയ്യുന്നെങ്കിൽ ഓരോ ഇഞ്ചിന്നു മുപ്പതു ലക്ഷം പവൻ വിലക്കുള്ള കോതമ്പം വീതം അധികം വളയുമത്രെ. ഇൻഡിയാനാ മുതലായ ദിക്കുകളിൽ ജൂലായി മാസത്തിൽ മൂന്ന് ഇഞ്ചിൽ അധികം മഴ പെയ്താൽ ഓരോ ഇഞ്ചിന്നു മൂന്നു കോടി മുപ്പതു ലക്ഷം പവൻ വിലക്കുള്ള ധാന്യം വീതം അധികം വിളയും. ഒരിഞ്ചു മഴയുടെ വില നോക്കുക.

* * *

യൂറോപ്പിൻ ചായ ഒന്നാമത്തു ഉപയോഗിച്ചതു 16-ാം നൂറ്റാണ്ടിലായിരുന്നു. പോൎത്തുഗീസുകാരാണ് അവിടെ ഒന്നാമത്തു ചായ ഉപയോഗിച്ചതു.

* * *

യൂറോപ്പിൽ ആകപ്പാടെ 3500 ദീപസ്തംഭങ്ങളുണ്ടു.

* * *

ബ്രസ്ലാ പട്ടണത്തിൽ കടലാസ്സുകൊണ്ടുണ്ടാക്കിയ ഒരു ചിമ്മിനി (ധൂപക്കുഴൽ) ഉണ്ടത്രെ.

* * *

റഷ്യയിലെ ചക്രവൎത്തിക്കു 100,000,000 ഏക്ര സ്വന്തം ഭൂസ്വത്തുണ്ടു.

* * *

മറ്റുള്ളവരോടു ശണ്ഠകൂടാൻ നാം പുറപ്പെടാറുള്ളതു് അധികവും മറ്റുള്ളവരുടെ തെറ്റുകൊണ്ടല്ല, നമ്മെപ്പറ്റിത്തന്നെയുള്ള അതൃപ്തികൊണ്ടാണ്.

# P. Subbaroy's

## World Renowned & Most Efficacious

### AYURVEDIC MEDICINES

൧. ധാതുപുഷ്ടികാരി

ധാതുനഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വിശപ്പില്ലായ്മ, നേത്രം, കൈ, കാൽ മുതലായവയുടെ നീറൽ, നീരൊഴിവ, മധുമേഹം, കല്ലടപ്പു (മൂത്രാഘാതം), മുതലായ പലവിധ അസ്ഥിരോഗങ്ങളെ ക്ഷണേന പരിഹരിച്ചു രക്ഷപ്പെടുത്തും. ഡപ്പിക്ക് വില ക ൨. തപാൽ ചിലവു ൬ ണ. വേറെ.

൨. അഗ്നിമാന്ദ്യസംഹാരി

ദഹനമില്ലായ്മ, പുളിച്ചുതികട്ടുക, നെഞ്ചുകലിക്കുക, മലബന്ധം, വയറുനോവ്, വായനാററം, അജീർണ്ണം, വയറുവീപ്പു, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പിക്കു വില അണ ൮. ൨ ഡപ്പികൾവരെ തപാൽ ചിലവു ൬ ണ. വേറെ.

൩. പ്രമേഹനിവാരണി

സിരാമേഹം, ഇടുപ്പുവലി, മൂത്രമധികമായും തടഞ്ഞും പോവുക, മേസ്രപ്പുകച്ചൽ, രക്തമേഹം മുതലായ വ്യാധികളിൽ നിന്നു സ്ത്രീപുരുഷന്മാരെ നിവൎത്തിക്കും. ഋതുകാലങ്ങളിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമിപ്പിക്കും. കുപ്പി ൧ക്കു വില ക ൧. ൩ കുപ്പികൾ വരെയുള്ള ബങ്കിക്കു തപാൽ ചിലവു ൬ ണ. വേറെ.

൪. ലക്ഷ്മീകരകസ്തൂരിഗുളികകൾ

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സശ്രദ്ധം ഉപയോഗിക്കേണ്ടും വിലയേറിയ സാധനം ദന്തവേദന വായനാററം, അജീർണ്ണം, പിത്തവായു ഇവയെ ശമിപ്പിക്കും. തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആഹാരത്തോടുകൂടി ൨ ഗുളികകളെ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യത്തേയും ജീർണ്ണപ്പെടുത്തും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കുകയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ചേൎത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ അധികം വിലയേറിയ സാമാനങ്ങൾ ഇതിൽ ചേൎത്തിട്ടുണ്ട്. ഛർദ്ദി, കാസശ്വാസം, ജ്വരം, അതിസാരം, പ്ലേഗ് മുതലായ രോഗങ്ങൾക്കു വയസ്സിന്റെ ഏററക്കുറച്ചൽ പോലെ ഒന്നുമുതൽ നാലുവരെ ഗുളികകൾ വെററിലച്ചാററിൽ കൊടുത്താൽ സുഖപ്പെടും. കുപ്പി ൧ക്കു വില ൪ ണ. ൧ മുതൽ ൧൨ വരെ കുപ്പികൾ അടങ്ങിയ ബങ്കിക്കു തപാൽ ചിലവു ൬ ണ. വേറെ.

൫. വേദനാസംഹാരി തൈലം

ഈ തൈലം അല്പം പിരട്ടിയാൽ കൈകാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക, വീക്കം, മുടക്കുവാതം, നെഞ്ചുനോവു, തലവേദന, ഒരു ഭാഗത്തുണ്ടാവുന്ന ശൂല, ഇടുപ്പുവേദന, പാൎശ്വവായു, മേഹവായു, തിമിരം മുതലായ പലവ്യാധികൾ ഭേദപ്പെടും. കുപ്പി ൧ക്കു വില ക ൧. ൩ കുപ്പികൾവരെ തപാൽചിലവു അണ ൬.

൬. സുഗന്ധകുന്തളതൈലം

ഈ തൈലം പിരട്ടിയാൽ തലമുടി, മീശ, ഇവ ബഹു പുഷ്ടിയായും ഞെരുക്കമായും വളരും. കണ്ണിനു കുളൎമയുണ്ടാകും. സകലകൺനോവുകളും തലവേദനകളും നീങ്ങും. ചെമ്പട്ടരോമം കറുക്കും. രോമം കൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിവുണ്ടാകും. കുപ്പി ൧ക്കു വില ൮ ണ. ൨ കുപ്പികൾവരെ തപാൽ ചിലവ ൬ ണ വേറെ.

൭. നേത്രബിന്ദു

കണ്ണിൽ ഉണ്ടാവുന്ന കൺനോവു, കൺപുകച്ചിൽ, കൂവാ നീരെടുപ്പു, മഞ്ഞൽ, മാലക്കണ്ണു, പീളകെട്ടൽ, ദശവളച്ചു, പൂവ്വു, ചെരപ്പു, എരിച്ചൽ, ഇമ പുരികം ഇവയുടെ വലിവു, പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. കുപ്പി ൧ക്കു വില ൮ ണ ൩ കുപ്പികൾവരെ തപാൽ ചിലവു ൬ ണ.

കർണ്ണബിന്ദു

ചെവിക്കുത്തു, ചെവിയടപ്പു ഇരച്ചൽ മുതലായ കർണ്ണരോഗങ്ങളേ സുഖപ്പെടുത്തും. ശ്രവണസൂക്ഷ്മത ഉണ്ടാകും. കുപ്പി ൧ക്കു വില ൮ ണ. ൩ കുപ്പികൾവരെ തപാൽ ചിലവു ൬ ണ വേറെ.

൯. മണ്ഡലകുഷ്ഠസംഹാരി

മണ്ഡലകുഷ്ഠം, പുഴുക്കടി, തഴുതണം, നിറങ്ങണി എന്ന പേരുള്ള രോഗത്തിൻ സിദ്ധൌഷധം. ത്വഗ്രോഗങ്ങൾ പലതും മാററും. തേമൽ ദേഹകുഷ്ഠം മുതലായവയേ ശമിപ്പിക്കും. കുപ്പി ൧ ക്ക വില ൪ ണ. ൯ കുപ്പികൾവരെ തപാൽ ചിലവ് ൩ ണ.

൧൦. സുഖവിരേചന ഗുളികകൾ

മലശോധന ശരിപ്പെടുത്തും ജീർണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലപ്പിടുത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പലരോഗങ്ങളേയും ശമിപ്പിക്കും. ഡപ്പി ൧ ക്ക വില ൭ ണ ൯ വരെ ഡപ്പികൾക്കു തപാൽ ചിലവു ൩ ണ വേറെ.

൧൧. ജ്വരസംഹാരി

കുളിപ്പനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം അസ്ഥിജ്വരം മുതലായവയ്ക്കു നന്നു. ഡപ്പി ൧ ക്ക ൧ ക. തപാൽ ചിലവ ൩ ണ വേറെ.

൧൨. രോമസംഹാരി

രോമം വേണ്ടാത്തദിക്കിൽ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാക്കാതെ രോമത്തെ നീക്കും. കുപ്പി ൧ ക്കു വില ൪ ണ. ൯ കുപ്പികൾവരെ തപാൽകൂലി ൩ ണ. വേറെ.

൧൩. ദന്തചൂർണ്ണം

സുഗന്ധമായുള്ളതു എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും. കുപ്പി ൧ ക്ക വില ൩ ണ. ൩ കുപ്പികൾവരെ തപാൽ ചിലവു ൩ ണ വേറെ.

൧൪ മൃഗകസ്തൂരി

കാശ്മീരത്തുനിന്നു വരുത്തീട്ടുള്ള ഒന്നാംതരം കസ്തൂരി എപ്പോഴും അപ്പീസിൽ ഉണ്ട്. ഉറുപ്പികത്തൂക്കത്തിന്നു ൪൦ക. വില. ൧ ക മുതലുള്ള ഏതു സംഖ്യക്കും കൊടുക്കപ്പെടും. തപാൽ ചിലവു പുറമെ

൧൫, തേൾകടിക്കുള്ള സിദ്ധൌഷധം

കടിവായിൽ ഏതാനുംതുള്ളി മരുന്നു വീഴ്ത്തിയാൽ ഉടൻ ഗുണം കാണപ്പെടുന്നതാണ്. എല്ലാ വീടുകളിലും ഓരോ കുപ്പി എങ്കിലും കരുതി വെക്കേണ്ടതാണു. കുപ്പി ൧ ക്കു വില ൪ ണ.

ഇന്ത്യയിലും ബൎമ്മയിലും ൧ മുതൽ ൧൨ വരെ കുപ്പികൾക്കു വീ. പി. ചിലവ് ൭ ണ വേറെ സിലോണിൽ മേപ്പടിക്ക ൬ ണ. ഒന്നായി ഒരു ഡജൻ കുപ്പിയിൽ കുറയാതെ വാങ്ങുന്നവൎക്കു ഡജനു ഒന്നുക്കു ൧. ൭. ൦. പ്രകാരം കൊടുക്കപ്പെടും വി. പി. ചിലവ് ഡജൻ ൧ ക്കു ൩ ണ വേറെ.

൧൬. വ്രണനാശകരതൈലം

ഈ തൈലം വെള്ളത്തുണിയിൽ പിരട്ടി വ്രണത്തിൽ വെച്ചു കെട്ടിയാൽ സകലവിധ വ്രണങ്ങളും ക്ഷണത്തിൽ സുഖപ്പെടുന്നതാണു. കുപ്പി ൧ ക്ക വില ൭ ണ. ഇന്ത്യയിലും ബൎമ്മയിലും ൧ മുതൽ ൩ വരെ കുപ്പികൾക്കു വി. പി. ചിലവ ൩ ണ വേറെ.

൧൭. അത്ഭുതകരകണ്ഠശുദ്ധിഗുളികകൾ

ഈ ഗുളികകൾ സ്വരത്തെ വ്യക്തപ്പെടുത്തുന്നതിനും ബലപ്പെടുത്തുന്നതിനും വളരെ വിശേഷമാണു. ഭാഗവതർമാർ പ്രാസംഗികന്മാർ, ഉപാദ്ധ്യായന്മാർ മുതലായവൎക്കു പ്രത്യേകാവശ്യമുള്ളതാണു. തൊണ്ടയടപ്പിനും പ്രത്യേകൌഷധമാണു. കുപ്പി ൧ ക്ക വില ൭ ണ. ഇന്ത്യയിലും ബൎമ്മയിലും ൧ മുതൽ ൯ വരെ കുപ്പികൾക്കു വി. പി. ചിലവു ൩ ണ. വേറെ.

൧൮. ദേഹശുചീകരപരിമളചൂർണ്ണം

ഈ സൌരഭ്യമുള്ള പൊടിയെ ദിവസേന ദേഹത്തിൽ തേച്ചുകുളിച്ചാൽ ദേഹത്തിൽ നല്ല വാസനയുണ്ടാകും തേമൽ, കൈകാൽ നീറൽ, ശരീരവറൾച്ച, കരപ്പൻ, തലവേദന, പോരിമേഹം, മേഹറൽ മുതലായതു കൂടാതെ മററു അനേക തരത്തിലുള്ള ത്വഗ്രോഗങ്ങൾ മാറുന്നതുമാണു. കാന്തിയും ആരോഗ്യവും ഉണ്ടാകും. കുട്ടികൾക്കും പ്രായം ചെന്നവൎക്കും ഉപയോഗിക്കാവുന്നതാണു. ഡപ്പി ൧ ക്കു വില ൭ ണ, വി. പി. ചിലവ് ൩ ണ വേറെ.

൨൦. സഞ്ജീവഗുളിക.

തലകുത്ത്, തലവേദന, ഉറക്കമില്ലായ്ക, വയററിലുണ്ടാവുന്ന വായുവികാരം, ജലദോഷം, ചുമ, പനി, ഇക്കിൾ, അജീർണ്ണം മുതലായി കുട്ടികൾക്കുണ്ടാവുന്ന എല്ലാ രോഗങ്ങൾക്കും ഈ ഗുളിക ഒരു സിദ്ധൌഷധമാണ്. പ്രായംചെന്നവൎക്കും മേപ്പടി രോഗങ്ങൾക്കു ഈ ഗുളികകൾ ഉപയോഗിക്കാവുന്നതുമാണ്.

കുപ്പി ൧ ക്ക് വില ൧൦ ണ. ഇന്ത്യയിലുംബൎമ്മയിലും ൧ മുതൽ ൯ വരെ കുപ്പികൾക്ക് വി. പി. ചിലവ് ൩ ണ വേറെ

൨൧. ഉയൎന്നതരം ഗോരോചനഗുളിക.

ഈ ഗുളികയാൽ എല്ലാവിധ പനിയും സുഖപ്പെടുന്നതാണ്. അതിനുപുറമെ കുട്ടികളെ സാധാരണയായി ബാധിക്കുന്ന പനികളും, വയറിളകിപ്പോകൽ, അജീർണ്ണം, ചുമ, ജലദോഷം, തലവേദന മുതലായ രോഗങ്ങൾക്കും പ്രായം കുറഞ്ഞവൎക്കും പ്രായം തികഞ്ഞവൎക്കും ഒരുപോലെ ഉപയോഗിക്കാവുന്നതും ഫലത്തെ കൊടുക്കുന്നതുമാകുന്നു. കുപ്പി ൧ ക്കു വില

൧ അണ. ൧ മുതൽ ൩ വരെ കുപ്പികൾക്കു വി. പി. ചിലവ് ൩ ണ വേറെ.

൨൨. ത്വഗ്രോഗസംഹാരി

ചൊറി, ചിരങ്ങ് പുഴുക്കടി, കരപ്പൻ മുതലായി കുട്ടികളെ ബാധിക്കുന്ന പലവിധ ത്വഗ്രോഗങ്ങളും ഈ മരുന്നു പുറമെ പിരട്ടുന്നതിനാൽ വേഗം സുഖപ്പെടുന്നതാണു. കുപ്പി ൧ ക്ക വില ൨ ണ ൧ തൽ ൨ വരെ കുപ്പികൾക്കു വി. പി. ചിലവ് ൩ ണ വേറെ.

൨൩. കേശസുവാസനി

ഈ ഔഷധം എത്രയും വിലയേറിയ ഇംഗ്ലീഷ് സുഗന്ധദ്രവ്യങ്ങളേയും വേറെ ഉചിതമായ നാട്ടുഔഷധങ്ങളേയും ചേർത്തു ഉണ്ടാക്കപ്പെട്ടതാകുന്നു. ഇതു ശിരസ്സിനെ തണുപ്പിക്കുന്നതും തലവെദന. തലതിരിച്ചൽ മുതലായ ശിരോവ്യാധികൾക്കു വിശേഷമായ മറ്റുള്ള ഔഷധങ്ങളെക്കാൾ ഗുണത്തെ ചെയ്യുന്നതും തലച്ചോറിനെ തണുപ്പിക്കുന്നതും ആണ്. തലമുടിയെ കറുപ്പിച്ചു അധിക ആഹ്ലാദത്തോടു വളർച്ചയെ ചെയ്യും. രോമങ്ങളുടെ കൊഴിച്ചലിനെ തീരെ നിൎത്തും പരീക്ഷിച്ചാൽ സന്തോഷിക്കാം. കുപ്പി ൧ ക്ക വില ൪ ൧ ൧ മുതൽ ൨ വരെ കുപ്പികൾക്കു തപാൽ ചാൎജ് അണ ൩.

൨൪. രക്ഷാമൃതം

സ്ഥാവരവൎഗ്ഗത്തിൽ അനേകം അപൂൎവ്വമൂലകകളാൽ ചെയ്യപ്പെട്ടിട്ടുള്ള ചൂൎണ്ണം. കാപ്പി, ചായ ഇതുകൾക്കുപകരം ഉപയോഗിക്കാൻവേണ്ടി തയാർചെയ്യപ്പെട്ടിട്ടുള്ളതാണു, കാപ്പി, പാൽ ഇതുകൾക്കുള്ള ദൂഷ്യങ്ങൾ ഇതിനില്ല. കാപ്പിപ്പൊടിയെ നാം ഏതുപ്രകാരം ഉപയോഗിക്കുന്നുവോ അതേപ്രകാരം ഇതിനെയും ഉപയോഗിച്ചാൽ ഏററവും രുചിയുള്ള ഒരു പാനമാകും ശിശുക്കൾ മുതൽ വൃദ്ധന്മാർവരെ എല്ലാവൎക്കും ഉപയോഗിക്കാം. ജ്വരം, സന്നിപ്രസവം, ഛൎദ്ദി, അതിസാരം മുതലായ കാലങ്ങൾമേപ്പടി ചൂൎണ്ണത്തിൽ കഷായത്തെ പാൽകൂട്ടിയൊ കൂട്ടാതെയൊ സമയത്തിനു തക്ക പൊലെ ഉപയോഗിച്ചാൽ ജനങ്ങളെ വ്യാധിയിൽനിന്നു ഗുണപ്പെടുത്തുന്നതിനുപുറമെ വ്യാധിവരാതെയും രക്ഷിക്കും. പിത്തം, വായു, കാസം, ക്ഷയം, അജീൎണ്ണം, മലബന്ധം, തലവലി മുതലായ രോഗങ്ങളെമാററും. രക്തത്തെ ശുദ്ധിചെയ്തു ധാതുപുഷ്ടിയെയും ദെഹാരോഗ്യത്തെയുംതരും. അഗ്നിമാന്ദ്യം ഉള്ളവൎക്കും മൂത്രരോഗികൾക്കും എത്രയും വിശേഷമായമരുന്നു. ഈ മരുന്നിനെ ക്രമമായി ഉപയോഗിച്ചുവന്നാൽ മൂത്രരോഗികളുടെ നീരിലുള്ള മധുരത്തെയും നീരിന്റ അളവെയും കുറച്ചു മൂത്രരോഗത്തെ ഭേദമാക്കി സുഖപ്പെടുത്തും. ദെഹത്തിലുള്ള ഉഷ്ണത്തെ ശാന്തിചെയ്യും ബുദ്ധിക്കു നല്ല തീവ്രതയുണ്ടാക്കും. പഠിക്കുന്ന കുട്ടികൾ വക്കീലന്മാർ ഉദ്യോഗസ്ഥന്മാർ മുതലായവർ ദ്വിരോധഗുണങ്ങളുള്ള കാപ്പി, ചായ ഇതുകളെ വിട്ടു ഈ ചൂൎണ്ണത്തെ ഉപയോഗിക്കുന്നതു വളരെ അനുകൂലം.

ഡപ്പി ൧ ക്ക വില ൩ ണ. വി. പി. ചിലവ ൩ ണ വെറെ ൨ ണ മുദ്ര മുൻകൂറായി അയച്ചാൽ ൧ ഡപ്പി അയക്കുന്നതാകുന്നു.

൨൫. സർബത്തുകൾ

മുന്തിരിങ്ങാപ്പഴം, നന്നാരിവേരു, റോസാപുഷ്പം, വാഴപ്പഴം, ചെറുനാരങ്ങ, മധുരനാരങ്ങ, ബദാംകൊട്ടപ്പഴം, ശീമഏലന്തപ്പഴം, ഇഞ്ചി, ഈവക സർബത്തുകൾ ഏററവും വിശേഷമായ പഴവൎഗ്ഗങ്ങളിൽ നിന്നെടുത്തു ചെയ്യപ്പെട്ടിട്ടുള്ളതാകുന്നു. ഈ സർബ്ബത്തുകൾ തുള്ളിക്കണക്കിൽ ഉപയോഗിച്ചാൽ മതി. മേപ്പടി സർബ്ബത്തുകളിൽനിന്നു അഞ്ചുതുള്ളികൾ ഒരുസെർ പച്ചവെള്ളത്തിൽ ചെൎത്താൽ ഏററവും മധുരമായും ഏതു പഴത്തിൽനിന്നു സർബ്ബത്തുണ്ടാക്കീട്ടുണ്ടൊ ആ പഴത്തിൻ വാസനയോടുകൂടിയതായും ഇരിക്കും. വലിയ കുപ്പികളിൽ അടച്ചു സാധാരണയായി അങ്ങാടികളിൽ വില്ക്കുന്ന സർബ്ബത്തുകളെക്കാൾ പതിനായിരം പങ്കു ജാസ്തിഗുണമുള്ളതായിരിക്കും എന്റെ സർബ്ബത്തുകൾ അര ഔൺസു കുപ്പികളിൽ വില്ക്കപ്പെടുന്നു. ഈ ചെറിയ കുപ്പികളിലുള്ള സർബ്ബത്തു സുമാർ ൫൦ സേർ പച്ചവെള്ളത്തിൽ അല്ലെങ്കിൽ സോഡാവെള്ളത്തിൽ ചേൎത്താൽ ൫൦ സെർ രുചിയുള്ള സർബ്ബത്തായിത്തീരും അര ഔൺസ് കുപ്പി ൧ ക്ക വില അണ ൨ ൧ മുതൽ ൩ വരെ കുപ്പികൾക്കു വി. പി. ചിലവ് ൩ ണ വെറെ.

൨൬. സുഗന്ധമായമൂക്കുപൊടി

ഈ പൊടിയിൽ വളരെ സുഗന്ധങ്ങൾ ചേൎത്തിട്ടുണ്ടു ഇതിനെ തനിയെ ഉപയോഗിപ്പാൻ പാടില്ല. സാധാരണയായി കിട്ടുന്നപൊടിയിൽ കുറേശ്ശയായി ചേൎത്തുവലിക്കണം. ഈ പൊടി വളരെ ഗുണകരമായുള്ളതും സുഗന്ധത്തെയുണ്ടാക്കുന്നതുമാകുന്നു ഒരാൾക്കു പരിമളത്തെ മാത്രമല്ലാകൊടുക്കുന്നതു. സാധാരണയായി പൊടിവലിക്കുന്നവരുടെ മൂക്കിൽനിന്നു ഇരുന്നാലുള്ള ദുൎഗ്ഗന്ധത്തെക്കൂടെ പൊക്കുന്നതായ ഒരു വിശേഷ വസ്തുവാണു. ഈ വാസന അധികം നാൾ നില്ക്കും പൊടിയെ വളരെ നാൾ കേടുതട്ടാതെയുമാക്കും. ഈ പൊടി ജലദോഷം, തലവേദന, മൂക്കിലുള്ള ദുൎന്നാററം, മയക്കം മുതലായ ഉപദ്രവങ്ങളെ

പോകുന്നതാണ്. ഇതുവളരെ കൂടക്കൂടെ പൊടിവലിക്കേണമെന്നുള്ള ആശയെ ഇല്ലാതാക്കുന്നതാണു. ഒരു കുപ്പി മൂക്കുപൊടിവാങ്ങിയാൽ, ഒരു മാസത്തോളം നില്ക്കുന്നതാണു. ഒരു കുപ്പിക്കുവില ൧ അണ

൧ മുതൽ ൫ കുപ്പികൾക്കു വി. പി. ചാൎജ്ജ് ൨ അണ. ൪ മുതൽ ൯ കുപ്പികൾക്ക് ൩ അണ ൧ മുതൽ൧ ൨ കുപ്പികൾക്ക് ൧ അണ.

൨൭ അശോകഘൃതം

തെററിയുണ്ടാവുന്ന തീണ്ടാരി, വേദനയോടുകൂടെ പ്രതിമാസമുണ്ടാവുന്ന തീണ്ടാരി, തീണ്ടാരികാലങ്ങളിൽ സന്ധികളിലുണ്ടാവുന്നവേദന, കാലനിൎണ്ണയമില്ലാത്ത തീണ്ടാരി, മാസന്തോറുമുണ്ടാകുന്ന തീണ്ടാരിയിൽ അധികമായോ ചുരുങ്ങിയോ ആയ രക്തപ്പോക്കു, മച്ചി എന്ന അവസ്ഥ, സാധാരണയായ ഗൎഭമലസൽ, എന്നീ രോഗങ്ങളേയും, ക്രമംതെററിയ തീണ്ടാരിനിമിത്തമുണ്ടാകുന്ന മറെറല്ലാരോഗങ്ങളേയും ശമിപ്പിപ്പാൻ ഇതു ഏററവും വിശേഷപ്പെട്ട ഒരൌഷധമാകുന്നു. മാസന്തോറുമുണ്ടാകേണ്ടുന്ന തീണ്ടാരിക്കു ഈ ഔഷധം മേത്തർമായതും ഫലിതമായതുമാകുന്നു. ദേഹസുഖമുള്ള നല്ല കുട്ടികൾ ഉണ്ടാകേണ്ടതിന്നു ആഗ്രഹിക്കുന്ന സ്ത്രീകൾ ഇതിനെ ഉപയോഗിക്കേണ്ടതാണു. കുപ്പി ൧ക്കു വില ക൧ വി. പി. ചാൎജ്ജ് ൧ മുതൽ ൨ വരെ കുപ്പികൾക്ക് ൩ ണ വെറെ.

൨൮. ബൃഹൽ ചന്ദ്രോദയമകരദ്ധ്വജ.

മനക്ലേശത്തോടുകൂടിയ ദൌർബല്യം, സത്വക്ഷയം, വാൎദ്ധക്യകാഠിന്യം, വിസ്മൃതി, നിശാസ്ഖലിതം എന്നിവകൾക്കു വിലയേറിയ ഒരൌഷധമാകുന്നു ഇതിൻെറ ഫലിതം അത്ഭുതകരവും ആയത നാൾക്കുനാൾ അഭിവൃദ്ധിയോടുകൂടി കാണപ്പെടാവുന്നതും ആകുന്നു ചെറുപ്പകാലങ്ങളിലുണ്ടായ ദുൎവൃത്തികളാൽ യൌവനം നഷ്ടപ്പെട്ടുപോയിട്ടുള്ളവർ ഈ ഔഷധത്തെ ഒന്നു പരീക്ഷിച്ചു നോക്കേണ്ടതാണു. അല്പകാലത്തിനുള്ളിൽ ഇതു അവരെ യൌവനമുള്ളവരാക്കിത്തീൎക്കുമെന്നതു നിശ്ചയമാണു ഒരാളുക്കു വേണ്ടുന്നതിന്നു വില ക൩ വി. പി. ചാൎജ്ജ ൩ ണപുറമെ

൨൯ ച്യവനപ്രാശം

ശ്വാസനാഡികളേയും തൊണ്ടയേയും സംബന്ധിച്ചുള്ള എല്ലാരോഗങ്ങൾക്കും ഇതു മേത്തരം ഔഷധമാകുന്നു. കഫസംബന്ധമായ എല്ലാതരം ഉപദ്രവങ്ങൾക്കു ഇതു ശ്രുതിപ്പെട്ട ഒരു ശമനൌഷധമാണെന്നുമാത്രമല്ലാ, സ്വരത്തേയും ബലത്തേയും കൂടിയുണ്ടാക്കുന്ന ഒന്നാണു. തൊണ്ടയടപ്പു, ഒച്ചയടപ്പു, ക്ഷയം, ഏമ്പക്കം, തൊണ്ടയിലുള്ള അസഹ്യതയാലുണ്ടാവുന്ന കുര എന്നിവയ്ക്കും, തൊണ്ടയേയും ശ്വാസനാഡികളേയും സംബന്ധിച്ചുള്ള എല്ലാ ഉപദ്രവങ്ങൾക്കും കൈകണ്ട ഒരു മരുന്നാകുന്നു. അളുക്ക് ൧ക്കു് വില ക൨ വി. പി. ചാൎജ്ജ് ൩ ണ പുറമെ.

൩൦ മകരധ്വജ

ഇതിനു സമമായ ഒരു യോഗം ഔഷധവൎഗ്ഗത്തിൽ വേറൊന്നില്ലാ. മകരധ്വജ ഔഷധത്തിൻെറ ഉപയോഗത്തിൽ തീരെയൊ അല്പമായൊ നിവൃത്തികിട്ടാത്തരോഗങ്ങളില്ലാ. എല്ലാകാരണത്താലുണ്ടാവുന്ന ബലക്ഷയങ്ങൾക്കും ഇതു ഏററവും തൃപ്തികരങ്ങളായ ഫലങ്ങളെയുണ്ടാക്കുന്നതാകുന്നു. ജീൎണ്ണജ്വരം, വിഷജ്വരം, മുതലായ എല്ലാതരം ജ്വരങ്ങൾ, ചലംപോക്ക്, സ്രാവം, പ്രമേഹം, പ്രസവാനന്തരമുണ്ടാവുന്ന ഉപദ്രവങ്ങൾ, ജലദോഷം, കുര, ഏമ്പക്കം, മഹാമാരി, ഓൎമ്മക്കേടു, നീര്, വിഷൂചിക, വയർപഴപ്പ്, ദഹനക്കേടു, മന്ദത, ബലക്ഷയം, തലചുററൽ എന്നിവയെ ശമനപ്പെടുത്തുന്നതിനു മേത്തർവുമാകുന്നു തോല ൧ക്കു വില ക൨ ഒരാളു ഉപയോഗിക്കേണ്ടതിനു ക൧ വി. പി. ചാൎജ്ജ് ൪ ണ പുറമെ.

൩൧ വസന്തകുസുമാകരം

പ്രമേഹങ്ങൾ, ദൌൎബ്ബല്യം, അതിദാഹം, നാവവറൾച്ച, കൈകാലുകളിൽ എരിച്ചൽ, ക്ഷീണം, മോഹാലസ്യം, സ്രാവം, പ്രയത്നേനയുള്ള മൂത്രം വീഴ്ത്തൽ മുതലായ രോഗങ്ങൾക്കു ഇതു ഫലിതമായ ഒരൌഷധമാകുന്നു. ഒരാളുക്കു വേണ്ടപ്പെട്ടമരുന്നിന്നു വില ക൭ വി. പി. ചാൎജ്ജ് ൩ ണ പുറമെ.

൩൨ രക്തശുദ്ധി

മനുഷ്യജീവൻെറ പ്രധാനകാരണം രക്തമാണെന്നു എല്ലാവൎക്കും അറിയാവുന്നതാണ്. രക്തത്തിന്ന് ശുദ്ധിയില്ലെങ്കിൽ വായ്പ്പുണ്ണു, ചെങ്കണ്ണു, മൂക്കപ്പുണ്ണു, തൊണ്ടപ്പുണ്ണു, ശരീരമാസകലം കുരു, ആണി, വീക്കക്കുരു, ചൎമ്മത്തിൽ നിറഭേദം, ഉഷ്ണപ്പുണ്ണു, തലവേദന, അഗ്നിമാന്ദ്യം, ചൎമ്മത്തിന്നു ചുവപ്പും മാൎദ്ദവമില്ലായ്കയും, ചെകിട്ടും മൂക്കും വീങ്ങൽ, വിളൎപ്പു, ബലക്ഷയം കുര, മുളാകുഷ്ഠം തഴുതണം മന്ദത സ്വാദില്ലായ്ക ചൊറിച്ചൽ എന്നിവയും ദുൎഗ്ഗന്ധമുണ്ടാക്കുന്ന മറെറല്ലാ ചൎമ്മവ്യാധികളും രക്തദൂഷ്യംകൊണ്ടുണ്ടാവുന്നതാകുന്നു. രക്തത്തിൽ അകപ്പെട്ട വിഷത്തെ നീക്കംചെയ്യാൻ രക്തശുദ്ധിയെന്നുപേരായ എൻെറ ഔഷധം മേത്തരമാകുന്നു. ഇതു രക്തത്തെ ശുദ്ധീകരിക്കുന്നതും ശരീരത്തെ ക്രമപ്പെടുത്തി ബലപ്പെടു

ത്തുന്നതും ദഹനത്തെയുണ്ടാക്കുന്നതും നിറത്തെ വരുത്തുന്നതുമാകുന്നു. ൨൦ ദിവസത്തേക്കു വേണ്ടുന്ന അളുക്ക് ൧ക്കു വില ക ൨. ഒന്നോ രണ്ടോ അളുക്കുകൾക്കു വി. പി. ചാർജ്ജ് ൭ ണ പുറമെ.

### ൰൧. സിദ്ധമകരധ്വജ

ഈ ഔഷധം ഹിന്തുവൈദ്യശാസ്ത്രത്തിലുള്ളതിൽവെച്ച ഏററവും ബലകരമായതാകുന്നു. ഇതു എല്ലാതരം പനികളേയും അഗ്നിമാന്ദ്യത്തേയും അതിൽനിന്നുത്ഭവിക്കുന്ന ചിഹ്നങ്ങളേയും ഞരമ്പുകളിലുള്ള എല്ലാതരം വേദനകളേയും സുഖപ്പെടുത്തുന്നതു കൂടാതെ, ശ്വാസകോശങ്ങളെ സംബന്ധിച്ചുള്ള എല്ലാതരം ക്രമക്കേടുകളേയും നീക്കംചെയ്യുന്നതും ദഹനത്തെ ശരിയായി നിലനിൎത്തുന്നതുമാകുന്നു. ചുരുക്കിപറയുന്നതായാൽ, ഈ ഔഷധംകൊണ്ടു ഭേദപ്പെടുത്തുവാൻ കഴിയാത്തതായ യാതൊരു രോഗവുമില്ല. സിദ്ധമായ ഈ ഔഷധം നിങ്ങൾ ഉപയോഗിക്കുന്നുവെങ്കിൽ നിങ്ങളുടെ ബലത്തെയും യൌവ്വനത്തെയും ഒരു പുരുഷായസ്സുവരെ നിലനിൎത്തുവാൻ നിങ്ങൾക്കു സാധിക്കുന്നതാണു. തോല ൧ക്കു വില ക ൨൦ ഒരാഴ്ചയ്ക്കുള്ള ഉപയോഗത്തിന്നു ക ന്ന. വി. പി. ചാർജ്ജ പുറമെ.

### ൰൨ വേദനപരിഹാരി

ഈ ഔഷധം അകത്തേക്കും വേദന, സംഹാരി തൈലം പുറത്തേക്കും ഉപയോഗിപ്പാനുള്ളതാകുന്നു. വായുസംബന്ധമായി ശരീരത്തിന്റെ ഏതുഭാഗത്തുമുണ്ടാകുന്ന എല്ലാതരം വേദനകളേയും ശമിപ്പിക്കുവാൻ ഇതൊരു സിദ്ധൌഷധമാകുന്നു. പെട്ടി ൧ക്കു വില ക ൧൦ ന്ന പെട്ടികൾവരെ വി. പി. ചാർജ്ജ് ൭ ണ മാത്രം.

### ൰൩. വിഷൂചികാസംഹാരി.

ഈ ഭയങ്കരമായ രോഗത്തിന്നു മേപ്പടി ഔഷധം ഏററവും വിശ്വാസയോഗ്യമായതും ഫലിതമായ ശമനത്തെ വരുത്തുന്നതുമാകുന്നു. പെട്ടി ൧ക്കു വില ക ൧ ന്ന പെട്ടികൾവരെ വി. പി. ചാർജ്ജ് ൭ ണ മാത്രം.

### ൰൪ മലബന്ധശമനൌഷധം

പതിവായും ഇടക്കിടയും ഉണ്ടാവുന്ന മലബന്ധത്തെ നീക്കം ചെയ്യാൻ ഇതു മേത്തരമായ ഔഷധമാകുന്നു കരളിന്റെ ചലനത്തെ ക്രമപ്പെടുത്തുന്നതും സാധാരണ വിരേചനത്തെ സുഖകരമാക്കി തീൎക്കുന്നതും അഗ്നിമാന്ദ്യത്താലുണ്ടാവുന്ന എല്ലാതരം ക്ഷോഭങ്ങളേയും സുഖപ്പെടുത്തുന്നതും ശോധനയെ വരുത്തി ശരീരത്തെ സുഖത്തിൽ നിൎത്തുന്നതുമാകുന്നു പെട്ടി ൧ക്കു വില ൧൦ണ. രണ്ടുവരെ പെട്ടികൾക്കു വി. പി. ചാർജ്ജ് ൭ ണ വേറെ.

### ൰൬. ചന്ദ്രാമൃതരസം

പ്രയാസപ്പെട്ട എല്ലാതരം കുരകളേയും, ശ്വാസകോശങ്ങളിലെ പഴുപ്പുകളേയും, ഏക്കം ക്ഷയം എന്നീ രോഗങ്ങളേയും ഈ ഔഷധം ശമനപ്പെടുത്തുന്നതാകുന്നു. കുരയും ശ്വാസകോശപ്പഴുപ്പും ഇതുകൊണ്ടു ഉടൻ നിവൃത്തികിട്ടുന്നതാകുന്നു. ദഹനത്തിന്നു അതിവിശേഷവും ശരീരബലത്തെയുണ്ടാക്കിത്തീൎപ്പാൻ മേത്തരവുമാകുന്നു. പെട്ടി ൧ക്കു വില ക൧ ന്ന പെട്ടികൾവരെ വി. പി. ചാർജ്ജ് ൭ ണമാത്രം

### ൰൭ ഗ്രഹണിശമനൌഷധം

ഗ്രഹണിരോഗത്തിൽ അതിന്റെ എല്ലാ സ്ഥിതികളിലും ഇതുവരെ മേത്തരമായ ഔഷധമാകുന്നു ഇതിന്റെ യോഗം ഫലകരമായതുമാകുന്നു. ഗ്രഹണി സംബന്ധമായ ക്രമക്കേടിനെ ഈ ഔഷധം നിശ്ചയമായും സുഖപ്പെടുത്തും. ക്രമക്കേടായ വിരേചനത്തെ നിൎത്തി ശാശ്വതമായ സുഖത്തെ നല്കുന്നതാകുന്നു. ഇതു ഗ്രഹണിയെ എന്നുമാത്രമല്ലാ അതിസാരത്തെയും മററും സുഖപ്പെടുത്തുന്ന ഒരു സൎവ്വരോഗ ശമനൌഷധമാകുന്നു പെട്ടി ൧ക്കു വിലക൧ ന്ന വരെ പെട്ടികൾക്കു വി. പി. ചാർജ്ജ ൭ ണമാത്രം

### ൰൮ വിഷ്ണുതില

തലനോവ് ഉടനെ നീക്കുന്നതിന്നു പുറമേ ദേഹത്തിൽ ഏതു ഭാഗത്തുമുണ്ടാവുന്ന വാതസംബന്ധമായ രോഗങ്ങൾക്കു അതിവിശേഷം കുപ്പി ൧ക്കു വ്യ ണ ൧ മുതൽ ന്യ വരെ കുപ്പികൾക്കു വി. പി. ചിലവ ൭ ണ വേറെ.

മേത്തരം ഗോരോചനം തോല ൧ക്കു വില ന്യ ക

മേത്തരം കുങ്കുമപ്പൂവ് തോല ൧ക്കു വില ൧ ക

മേത്തരം പച്ചക്കർപ്പൂരം തോല ൧ക്കു വില ൨ ക

### സുഗന്ധവൎഗ്ഗങ്ങൾ

അത്തർദിനസ്സുകൾ, രോജാപൂവ, മല്ലികപ്പൂവ, മാതിപ്പൂവ, മതനപ്പൂവ്, സുഹാഗമുതലായ പുഷ്പങ്ങളിൽ നിന്നെടുത്ത അത്തർ ഉറുപ്പികത്തൂക്കം ൧ക്കു വില ക൧ ണവ്വ വി. പി. ചിലവ് വേറെ.

### താംബൂലബിഹാർ

പെട്ടി ഒന്നിന്നു വില ൪ ണ ൧ മുതൽ ൧൨ വരെ പെട്ടികൾക്കു തപാൽകൂലി ൭ ണ.

### സോഡാചൂൎണ്ണം

ഓരോകുപ്പിക്കകത്തുള്ള ചൂൎണ്ണംകൊണ്ടു പച്ചവെ

ള്ളം ചേൎത്ത ൮ കുപ്പി മേത്തരംപുതിയ സോഡ ഉണ്ടാക്കാവുന്നതാണു. ൧ കുപ്പിക്ക് വില ൮ ണ. ൧ മുതൽ ൪ വരെ കുപ്പികൾക്കു തപാൽക്കൂലി ൪ ണ.

### ലമനേഡ് ചൂൎണ്ണം

ഓരോ കുപ്പിക്കകത്തുള്ള ചൂൎണ്ണംകൊണ്ടു പച്ചവെള്ളംചേൎത്ത ൮ കുപ്പി മേത്തരം പുതിയ ലമനേഡു ഉണ്ടാക്കാവുന്നതാണ്, കുപ്പി ൧ ക്ക വില ൬ ണ ൧ മുതൽ ൪ വരെ കുപ്പികൾക്കുതപാൽ ചാൎജ് ൫ ണ

### പനിനീർ

അര ഔൺസ്സ് കുപ്പികളിൽ വില്ക്കപ്പെടുന്നു ഈ തരം ഓരോ കുപ്പി പനിനീർകൊണ്ടു ൩ വലിയ കുപ്പികളിൽ വെള്ളംചേൎത്ത് നിറയ്ക്കാവുന്നതാണു. അങ്ങിനെവെള്ളം ചേൎത്താൽകൂടി ഈ ൩ കുപ്പികളും മേത്തരം പേഷ്യൻ പനിനീരിന്നു തുല്യമായിരിക്കും. അര ഔൺസ് കുപ്പി ൧ ക്ക വില ൮ ണ ൧ മുതൽ ൩ വരെ കുപ്പികൾക്ക് തപാൽക്കൂലി ൫ ണ

### ഉടുപ്പിന്നുള്ള സുഗന്ധങ്ങൾ

പനിനീർ സുഗന്ധക്കട്ട, മുല്ലസുഗന്ധക്കട്ട, ലവണ്ടർ സുഗന്ധക്കട്ട, എന്നിവ പെട്ടി ഓരോന്നിന്നും വില ൮ ണ. ൧ മുതൽ ൬ വരെ പെട്ടികൾക്കു തപാൽക്കൂലി ൫ ണ.

### ഉടുപ്പിന്നുള്ള സ്വദേശി സുഗന്ധദ്രവ്യങ്ങൾ

൧ മദനവിലാസം ൨ മനോമോഹിനി ൩ മനോരഞ്ജനി ൪ ജഗന്മോഹിനി ൫ അക്ബർസിരായി ൬ ഷാജിഹാൻസിരായി, ഇവ ഓരോന്നും പുതിയതായി വിടൎന്നപുഷ്പത്തിന്റെ വാസനയോടുകൂടിയതായിരിക്കും. വില ഒരു കുപ്പിക്ക് അണ൮ ൧ മുതൽ ൩ വരെ തപാൽചിലവ് അണ ൭ പ്രത്യേകം.

### കേസപ്പൊടി

ഇതു വിശേഷപ്പെട്ട സൌരഭ്യമുള്ള സുഗന്ധവൎഗ്ഗങ്ങളെക്കൊണ്ടു ചെയ്യപ്പെട്ടതാകുന്നു. ഒരുനുള്ളൽ പൊടി വെറും പച്ചവെള്ളത്തിലൊ അല്ല ചന്ദനക്കുട്ടിലൊ ചേൎത്താൽ അതിസൌരഭ്യകരമായതും മനസ്സിന്നു ആഹ്ലാദത്തെ കൊടുക്കുന്നതുമായ ചന്ദനക്കൂട്ടു ആയിതീരുന്നു ഇതു അടിയന്തരകാലങ്ങളിൽ വിരുന്നുകാൎക്കു കൊടുപ്പാൻ ചന്ദനം അരയ്ക്കേണ്ടുന്ന പ്രവൃത്തിയെ ഇല്ലാതാക്കുന്നതിനുപുറമെ ഈ കേസപ്പൊടിക്കു സമമായും, മേലായും സുഗന്ധം നില്ക്കുന്നതായ ഒരു സൌരഭ്യവസ്തു ഉണ്ടാവാൻ പാടുള്ളതല്ല. കുപ്പി൧ ക്ക വില ൮ ണ, ൧ മുതൽ ൬ കുപ്പികൾക്ക് തപാൽ ചാൎജ്ജ് ൭ ണ.

### അംഗ്ല്യജം

ഇതു് വേറെ ഒരു മാതിരി സ്വദേശിസൌരഭ്യവൎഗ്ഗമാണ്. ഇതിന്റെ സൌരഭ്യം വളരെ വിശേഷമായതും മനസ്സിന്നു ആഹ്ലാദത്തെ കൊടുക്കുന്നതും, ശരീരത്തെ തണുപ്പിക്കുന്നതുമാകുന്നു. സ്ത്രീകൾക്കും പുരുഷന്മാൎക്കും ഇതു ഒരേമാതിരി അനുഭവത്തെ നല്കുന്നു. ഇതുതനിയായി ഉപയോഗിക്കാം. കുറച്ചുവെള്ളം ചേൎത്ത ചന്ദനക്കൂട്ടിന്റെ സമ്പ്രദായത്തിലും ഉപയോഗിക്കാം. വസ്ത്രങ്ങൾക്കു വാസനയ്ക്കായും ഉപയോഗിക്കാം, നെററിമേൽ തിലകക്കുറിയായും ഉപയോഗിക്കാം. ഏതുപ്രകാരത്തിൽ ഉപയോഗിച്ചാലും ഉഷ്ണഭൂമികളിലേക്കു ഇതു അതിവിനോദകരമായ ഒരു സൌരഭ്യവൎഗ്ഗമാകുന്നു. പെട്ടി ൧ ക്ക് വില ൮ ണ. ൧ മുതൽ ൧൨ വരെ പെട്ടികൾക്ക് തപാൽകൂലി ൭ ണ വേറെ.

### അത്തർ

ഇതു അതിഗുണകരമായ ഒരു സൌരഭ്യവൎഗ്ഗമാകുന്നു. ഇതു വാസനക്കായി ഉപയോഗിക്കുന്നതിനു പുറമെ വിയൎക്കുരുവിന്നും ചുളിക്കും വളരെ വിശേഷമാകുന്നു. ഇതിന്റെ അതിവിനോദമായ വാസന അധികം ദിവസത്തേക്കു നിലനില്ക്കുന്നതാണു ഒരു പ്രാവശ്യം ഉപയോഗിച്ചു ഗുണംകണ്ടാൽ ഇതിനെ ഒരു കാലത്തും വിടുകയില്ല. ഇതു എല്ലാവരും ഇഷ്ടപ്പെടുന്ന ഒരു വസ്തുവാകുന്നു. ഇതു മുഖത്തുപിരട്ടിയാൽ മുഖത്തിന്റെ വൎണ്ണം തിളങ്ങിവരും പെട്ടി ൧ ക്ക വില ൮ ണ. ൧ മുതൽ ൧൨ വരെ പെട്ടികൾക്കു ൭ ണ പുറമെ.

ഇന്ത്യൻ പെററൽഡസ്റ്റ്. നിങ്ങളുടെ ഉടുപ്പുകൾ സൂക്ഷിക്കുന്ന പെട്ടിയിൽ ഇതു വെച്ചിരുന്നാൽ വസ്ത്രങ്ങളെല്ലാം വളരെ വിശേഷമായ വാസനയോടുകൂടിയിരിക്കും, സാധാരണമായി വസ്ത്രങ്ങളെ കേടുവരുത്തുന്ന കൃമികൾ അടുക്കുന്നതല്ല. ഇതിനെ രോഗികൾ ഇരിക്കുന്ന മുറിയിലൊ, പുകബാധിക്കുന്ന മുറിയിലൊ അല്ല വളരെ ജനസംഘമുള്ളസ്ഥലങ്ങളിലൊ വെച്ചിരുന്നാൽ മനുഷ്യർ ശ്വസിക്കുന്നതായ അംഗാരാമ്ലവായുവിനെ ശുദ്ധീകരിക്കുന്നതാണു. നിങ്ങൾ ശയനഗൃഹത്തിലേക്കു പോകുന്നതിന്നു മുമ്പായി ഇതു പ്രത്യേകം അവിടെ വെച്ചിരിക്കേണ്ടതാണ്. ഇതു നിങ്ങൾ അകത്തേക്കു ശ്വസിക്കുന്ന വായുവിനെ ശുചീകരിക്കുകയും ചെയ്യും. പെട്ടി ൧ ക്ക വില അണ ൪. ൧ മുതൽ ൧൨ പെട്ടിവരെ തപാൽചെലവു അണ ൭ പ്രത്യേകം

### വയററിലുള്ള നാക്കപ്പുഴു കളയാനുള്ള മരുന്നു

ഈ മരുന്നുസേവിച്ചാൽ വയററിലുള്ള നാക്കപ്പാമ്പിനാൽ ഉണ്ടാവുന്ന സകല വ്യാധികളും നീങ്ങും ദേഹത്തിലേക്കു ആരോഗ്യത്തെകൊടുക്കും. ഈ പാമ്പു വയററിൽ ഇരുന്നാൽ ഉണ്ടാവുന്ന അടിവയററിൽ ഘനം. അഗ്നിമാന്ദ്യം, വയററുവലി, ഊണുവേണ്ടാ എന്നുതോന്നുക, വായിൽ ദുൎഗ്ഗന്ധം, തലവേദന, നാവു വറൾച്ച, ആസനത്തിലും മൂക്കിലും ചൊറിച്ചൽ, വയററിന്നുപോക്കു, മലക്കെട്ടു മുതലായ പല വ്യാധികളെ ഇതു നീക്കുന്നതാണു. ൧ കുപ്പിക്കു വില അണ ൧൦ ൧ മുതൽ ൧൨ കുപ്പികൾവരെ ബങ്കി ചിലവു അണ ൩ പ്രത്യേകം.

### ഓമദ്രാവകം

ഇതു വയററവേരി, വയറുകട്ടപ്പു അഗ്നിമാന്ദ്യം, അജീൎണ്ണം, മുതലായ വ്യാധികളേ ക്ഷണേന പരിഹരിക്കുന്നതാണു. വിഷൂചിക എന്ന വ്യാധിക്കും ഇതു സമയാസമയംപോലെ ഉപയോഗിച്ചാൽ വളരെ ആശ്വാസംകിട്ടുന്നതാണ്. ഇതു സാധാരണമായി അങ്ങാടിയിൽ വിററുവരുന്ന ഓമദ്രാവകംപോലെ അല്ലാ. അരഅവുൺസു കുപ്പികളിൽ വില്ക്കപ്പെടുന്നു. ഒരു കുപ്പി ദ്രാവകത്തിൽ വെള്ളംചേൎത്താൽ ൨൪ അവുൺസു മേത്തരായ ഓമദ്രാവകം കിട്ടുന്നതാകുന്നു. ഇങ്ങനെ കിട്ടുന്ന ദ്രാവകം കടകളിൽ വില്ക്കുന്നതിനെക്കാൾ വളരെ വിശേഷമായിരിക്കും. കുപ്പിക്കു വില അണ ൨ ൧ മുതൽ ൰ കുപ്പികൾവരെ ബങ്കിചിലവു അണ൩ പ്രത്യേകം.

### തലയിൽ പിരട്ടുവാനുള്ള ചായം

പി. സുബ്ബറായിയാൽ ഉണ്ടാക്കപ്പെട്ട ഈ ചായം ഏററവും അതിശയകരവും ഉപയോഗകരവുമായ ഒന്നാണു, നരച്ച തലമുടിയിൽ ഇതു പിരട്ടിയാൽ ഭംഗിയും ശോഭയും മിനുസവുമുള്ള നല്ല കറുത്തനിറമാകുന്നതാണു. ചായം പിരട്ടിയിരിക്കുന്നുവെന്നു ആരാലും കണ്ടുപിടിക്കപ്പെടാൻ കഴിയുന്നതല്ല. തലമുടി നരയ്ക്കുമ്പോൾ അതിൽ ചായം പിരട്ടുകയല്ലാതെ മററു മാൎഗ്ഗമൊന്നുമില്ല, ഞാൻ ഉണ്ടാക്കിയിട്ടുള്ള ചായമാണു, ഇതിലേയ്ക്കു ഉത്തമമായിട്ടുള്ളതു. നരച്ച തലമുടിയെ കറുപ്പിച്ചു വാൎദ്ധക്യലക്ഷണങ്ങളെ മറച്ചു യുവാവിന്റെ ഭാവാവരുത്താമെങ്കിൽ വാൎദ്ധക്യലക്ഷണങ്ങളെട്ടുക്കുന്നതിനു ആരു ഇഷ്ടപ്പെടും! വില കുപ്പിഒന്നിനു രൂപാ ൧ വി. പി. ചാൎജ്ജ് ൧ മുതൽ ൩ വരെ കുപ്പികൾക്കു ൩ ണ പ്രത്യേകം.

### മാഞ്ഞുപോകാത്ത അടയാളമഷി

ഇതു പട്ടു, ലിനൻ മുതലായ വസ്തുക്കളിലും ഉടുപ്പുകളിലും അടയാളമിടുന്നതിനുള്ള മഷിയാണു. ഒരിക്കലും മാഞ്ഞുപോകുന്നതല്ല. ഈ മഷികൊണ്ടു അടയാളമിട്ടാൽ വസ്ത്രങ്ങൾ മോഷണം ചെയ്യപ്പെടാതിരിക്കുന്നതിലേക്കും മാറിപ്പോകാതിരിക്കുന്നതിലേക്കും ഒരു രക്ഷയായിരിക്കുന്നതാണു. വില കുപ്പിഒന്നിനു ൨ ണ. ൪ മുതൽ ൰ വരെ കുപ്പികൾക്കു വി. പി. ചാൎജ്ജ് ൩ ണ പ്രത്യേകം.

### ഓതികൊളോൺ

ഈ സുഗന്ധദ്രവ്യം വളരെ വിശേഷപ്പെട്ടതും, അത്യന്തം വാസനയോടുകൂടിയതും ദേഹത്തിലേക്കു കുളിൎച്ചയെ ചെയ്യുന്നതും ആകുന്നു. ഇതിനെ ഒന്നു പരീക്ഷിച്ചുനോക്കേണ്ടതാണു. ഈ വാസനദ്രവ്യം തലവലി മുതലായവ്യാധികളെനീക്കും. ഇതു സാധാരണയായി കടകളിൽ വിററുവരുന്ന സാധനം പോലെയല്ലാ ഇതു പ്രത്യേകം ശ്രദ്ധയോടുകൂടി ഞങ്ങളുടെ ഔഷധ ശാലയിൽ ഉണ്ടാക്കിവരുന്നതാണു. ഇതു ശീമയിൽനിന്നു വരുത്തിയതല്ല, അതുകൊണ്ടു ഈ സ്വദേശിദ്രവ്യത്തെ നമ്മുടെ സ്വദേശികൾ ഉപയോഗിക്കാതെ ഇരിക്കുമോ? സാധാരണമായി കടകളിൽ വിററുവരുന്ന സാധനത്തെക്കാൾ എത്രയൊ ഇരട്ടി മേത്തരമായിരിക്കും. അര അവുൺസു കുപ്പി ൧ക്കു വില അണ ൨. ൧ മുതൽ ൰ കുപ്പികൾ വരെ ബങ്കിചിലവു അണ ൩ പ്രത്യേകം.

### കസ്തൂരികലന്ന ലവണ്ടർവാട്ടർ

ഇതു ഏററവും വിശേഷപ്പെട്ട വാസനയുള്ളതാണു. ദേഹത്തിൽ ഒരു തുള്ളിപററിയാൽ വളരെനേരം ആ വാസന ആളെ ചുററികൊണ്ടിരിക്കും. ഇതു സാധാരണമായി കടകളിൽ വില്ക്കുന്ന സാധനംപോലല്ല, ഇതു വിശേഷപ്പെട്ട ഒരു വാസനദ്രവ്യമാണ ശീമയിൽനിന്നു വരുത്തി വില്ക്കുന്നതല്ലാ. എല്ലാവരും ഇതിനെ ഒന്നു പരീക്ഷിച്ചു നോക്കേണ്ടതാണ്. ഇതു ഞങ്ങളുടെ ഔഷധശാലയിൽ തയാർചെയ്യപ്പെടുന്നതാണു. ഇതിന്റെ സൌരഭ്യം ദേഹത്തിൽ തട്ടിയാൽ വളരെ നേരം ഇരിക്കുന്നതും ആകുന്നു, ൧ കുപ്പിക്കു വില അണ ൨ ൧ മുതൽ ൰ കുപ്പികൾ വരെ ബങ്കി ചിലവു അണ ൩ പ്രത്യേകം.

**പരിശുദ്ധമായതേൻ!!**

അങ്ങാടിയിൽ നിന്നു ശക്കരവെള്ളം വാങ്ങി തേനെന്നുപറഞ്ഞു ഉപയോഗിച്ചാൽ എന്തു ഗുണമാണു ണ്ടാകുന്നതു? മരുന്നിന്നു നല്ല ശുദ്ധമായ തേൻ ആവശ്യപ്പെടുന്നവർ ഞങ്ങളോടപേക്ഷിക്കട്ടെ ഞങ്ങൾ കാടുകളിൽ സ്വന്തം വേലക്കാരെ അയച്ചു പ്രത്യേകമായെടുപ്പിച്ചു വരുത്തുന്നതേൻ നല്ല കൊഴുപ്പുള്ളതും നിൎമ്മലമായതും ആകുന്നു. ഈ തേൻ മരുന്നുകൾക്കുപയോഗിച്ചാൽ അത്ഭുതകരമായ ഫലം ഉണ്ടാകും. വില ടിൻ ഒന്നിനു ൧൨ ണ ഒന്നു മുതൽ രണ്ടു ടിൻ വരെ വി. പി. ചെലവു ൭ ണ പ്രത്യേകം.

ഇവിടെ മലയാളം തെലുങ്കു കൎന്നാടകം മുതലായ്തു അറിയാത്തതിനാൽ തമിഴിലൊ ഇംഗ്ലീഷിലൊ എഴുതണം

**P. SUBBAROY**
AYURVEDIC PHYSICIAN
Sri Venkatesa Perumeal
KOIL SANNATHY
**TANJORE.**

പി. സുബ്ബറോയി
ആയുൎവ്വേദചികിത്സകൻ
ശ്രീ വെങ്കിടേശ പെരുമാൾ
കോവിൽസന്നതി
തഞ്ചാവൂർ.

# അകാലരോഗം

കുറിക്കുന്നതു.

ധാതുക്ഷയമെന്നായാകുന്നു.



ഇക്കാലത്തു ചിലർ ഈ രോഗത്തിനു ഔഷധമില്ലെന്ന് വിചാരിച്ചു വിഷാദിക്കയും മററുചിലർ, ഇതിനുള്ള പ്രത്യൌഷധമെന്നു പറഞ്ഞു വില്ക്കപ്പെടുന്ന ഔഷധങ്ങളെ സേവിച്ച് ഇച്ഛാഭംഗപ്പെട്ട് ഇനി യാതൊരു ഔഷധവും സേവിക്കയില്ലെന്നു ശപഥം ചെയ്തു ഇരിക്കുന്നുമുണ്ടു, ഇപ്രകാരം അനേകരുടേയും ജീവൻ എന്നന്നേക്കുമായി നാശത്തിൽ ഇരിക്കുന്നു. ഇവരുടെ അനുഗ്രഹമായിട്ട് ഇതാ,

ഡാക്ടർ ബൎമ്മാന്റെ

# ധാതുവൎദ്ധകഗുളിക

ഈ ഗുളികകൾ വിശ്രുതനായ ഡാക്ടർബൎമ്മാൻ അനേകകാലത്തെ ശ്രമംകൊണ്ടു കണ്ടുപിടിച്ചിട്ടുള്ളതാണു. ധാതുക്ഷയത്തിനു ഈ ഗുളികകൾ എത്ര പററിയവയാണെന്നു ഗുളികകൾ മേടിച്ചിട്ടുള്ളവരും തന്മൂലം ധാതുക്ഷയം, തലകനം, ബുദ്ധിമാന്ദ്യം, ദഹനക്കുറവ് ആദിയായ രോഗങ്ങൾ അശേഷം ഭേദപ്പെട്ടിട്ടുള്ളവരുടേയും അനേകം സാക്ഷിപത്രങ്ങൾ തെളിയിക്കുന്നതാണ്, ഇന്നുതന്നെ ഒരു ഔഷധപ്പെട്ടിക്കു അവശ്യപ്പെടുക;

൩൦ ഗുളികകൾ അടങ്ങിയ കുപ്പിക്കു ക. ൧ മാത്രം, തപാൽ ചിലവ് അഞ്ചണപുറമെ,

**DR. S. K. BURMAN,**
5, TARACHAND DUTT'S STREET
**CALCATTA.**

Agent:—
**MESSRS KARTIK & CO.,**
33, SOUTH TANK ROAD,
MADRAS.